ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).


| വാല്യം 09 | സെപ്റ്റംബർ 2017 | ലക്കം 09 |
| --- | --- | --- |


# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN


| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
| --- | --- |

# ഉള്ളടക്കം


1. Prot. No. 473/17, സർക്കുലർ നമ്പർ: 18/2017 .................... 5
2. Prot. No. 474/17, സർക്കുലർ നമ്പർ: 19/2017 .................... 9
3. കച്ചേരിക്കാര്യം .................... 12
4. അതിരൂപത അസംബ്ലി - 2017 .................... 16
5. സെമിനാരി വാർത്തകൾ .................... 24
6. വിശ്വാസപരിശീലനം .................... 25
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................... 28
8. ചെറുപുഷ്പ മിഷൻലീഗ് .................... 34
9. തിരുബാലസഖ്യം .................... 42
10. യുവജനശുശ്രൂഷ .................... 43
11. കുടുംബ പ്രേഷിതത്വം .................... 52
12. വിദ്യാഭ്യാസ ഏജൻസി .................... 59
13. വിമൽജ്യോതി വാർത്തകൾ .................... 63
14. കരിസ്മാറ്റിക് നവീകരണരംഗം .................... 64
15. ഫ്രാൻസിസ്കൻ അത്മായ സഭ .................... 66
16. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ .................... 68
17. ഇൻഫാം വാർത്തകൾ .................... 73
18. കെസിബിസി മദ്യവിരുദ്ധ സമിതി .................... 74
19. എകെസിസി വാർത്തകൾ .................... 76
20. പ്രതിക്ഷ വാർത്തകൾ .................... 77
21. സാമൂഹ്യസേവനവേദി .................... 79
22. ധ്യാനകേന്ദ്രങ്ങളിലൂടെ .................... 83
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 84
24. Programme of the Archbishop Mar George Njaralakatt .................... 87
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 89
26. Programme of the Abp. Emeritus Mar George Valiamattam .................... 90

**Prot. No. 473/17, സർക്കുലർ നമ്പർ: 18/2017**

# ദീപികയും ഡിഎഫ്സിയും

ഈശോയിൽ പ്രിയമുള്ളവരേ,

നവീന കാലഘട്ടത്തിന്റെ ആശ്ചര്യജനകവും ത്വരിതവളർച്ച കൈവരിച്ചതുമായ പ്രതിഭാസമാണ് മാധ്യമലോകം. വിവരസാങ്കേതികയുടെ വിന്യാസം അഭൂതപൂർവമായ വളർച്ച കൈവരിക്കുകയും പുതിയ അറിവിനും ചിന്താധാരകൾക്കും വഴിതുറക്കുകയും പണ്ടൊരിക്കലുമില്ലാത്ത തരത്തിലുള്ള ബന്ധങ്ങൾ രൂപവത്കരിക്കുന്നതിനും കൂട്ടായ്മ വളർത്തുന്നതിനും വേദിയൊരുക്കുകയും ചെയ്യുന്ന സംവിധാനമായി മാറി. അടുത്തകാലംവരെ അചിന്തനീയമായിരുന്ന അറിവിന്റെ പുതിയ ചക്രവാളങ്ങൾ മാധ്യമരംഗത്തെ വളർച്ചയിലൂടെ മാനവരാശിക്ക് സ്വായത്തമായി.

ആശയവിനിമയ പ്രക്രിയയിൽ അതിവേഗം കൈവന്ന വളർച്ചയിലൂടെ മാധ്യമലോകം സ്വാധീനശേഷിയുടെ അമരത്തേക്ക് എത്തിച്ചേർന്നു. സ്വാധീനശേഷിയിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്ന രാഷ്ട്രീയ-ഭരണ സംവിധാനങ്ങൾ കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ വളരെ നിർണായകമായ ഇടപെടലുകൾ നടത്താൻ ശേഷി തെളിയിച്ച ഒരു നവരൂപമാണ് ഇന്നിന്റെ മാധ്യമങ്ങളെന്ന് യാഥാർഥ്യബോധത്തോടെ ഇനിയെങ്കിലും നാം തിരിച്ചറിയണം. മാധ്യമങ്ങളെ ഉപയോഗിച്ചുള്ള ഈ നൂതന ബലതന്ത്രത്തിന്റെ സാധ്യതകൾ ഇന്ന് ആശയവിനിമയശാസ്ത്രത്തിലുള്ള മനുഷ്യന്റെ താത്പര്യം വർദ്ധിപ്പിക്കുകയും ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും പൊതുതീരുമാനങ്ങളെ സ്വാധീനിക്കാൻ മാധ്യമ പിൻബലം അന്ത്യന്താപേക്ഷിതമായ ഘടകമായി മാറുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് രാഷ്ട്രീയ പാർട്ടികളും സംഘടനകളും പ്രസ്ഥാനങ്ങളും സമുദായങ്ങളും സ്വന്തമായ മാധ്യമങ്ങൾ ആരംഭിക്കുകയും അതീവശ്രദ്ധയോടും താത്പര്യത്തോടും കൂടെ സർവശക്തിയുമുപയോഗിച്ച് അതിനെ വളർത്തിയെടുക്കാൻ നിതാന്തശ്രമം നടത്തുകയും ചെയ്യുന്നത്.

കഴിഞ്ഞ 131 വർഷങ്ങളായി കേരള കത്തോലിക്കാ സഭ അനുദിനം പ്രസിദ്ധീകരിക്കുന്ന പത്രമായ ദീപിക ദിനപത്രവും അനുബന്ധ പ്രസിദ്ധീകരണങ്ങളുമാണ് സഭയുടെ സാമൂഹ്യ ആശയ വിനിമയ

മാധ്യമങ്ങൾ. ഇതിൽ ഓരോ ദിവസവും സഭയുടെ മനസ് സഭാംഗങ്ങളെ അറിയിക്കാൻ സഭയ്ക്ക് ഇന്നു ദീപിക ദിനപത്രം മാത്രമേയുള്ളൂ. അതിനാൽ, നിരന്തരമായ മാധ്യമജാഗ്രതയിലേക്ക്  ഒരു സമൂഹമെന്ന നിലയിൽ ഇനിയും ഉണർന്ന്, ദീപികയുടെ പ്രസക്തി നാം തിരിച്ചറി യേണ്ടതുണ്ട്.

കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ കുടിയേറ്റ പിതാക്കന്മാർക്ക് നേരിടേണ്ടി വന്ന കഷ്ടപ്പാടുകളിലും ദാരിദ്രദുഃഖങ്ങളിലും സാമ്പ ത്തിക പരാധീനതകളിലും സഭ എന്നും അവരോടൊപ്പമുണ്ടായിരുന്നു. പിന്നീട് വെല്ലുവിളികൾ വിലത്തകർച്ചയും കാർഷികവിരുദ്ധ നയ ങ്ങളുമായപ്പോൾ ദീപിക എന്ന സ്വരമുപയോഗിച്ചാണ് നാം അതിനെ പ്രതിരോധിച്ചത്. കേരളത്തിലെ കാർഷികസമൂഹം പ്രതിസന്ധികളിൽ അകപ്പെട്ടപ്പോഴെല്ലാം അവർക്ക് ആശാദീപമായത് ദീപിക മാത്രമാണ്. നാളികേരത്തിന്റെ വില ഒരു രൂപയിലും താഴ്ന്ന അവസരത്തിൽ കാസർഗോഡ് ജില്ലയിലെ രാജപുരത്ത്നിന്നും തിരുവനന്തപുരം വരെ 'കേര പ്രചാരണജാഥ' നടത്തി ദീപിക കർഷകരോടുള്ള തങ്ങളുടെ പ്രതിബദ്ധത തുറന്നു കാട്ടുകയായിരുന്നു.

റബ്ബറിന്റെയും മറ്റു കാർഷികോത്പന്നങ്ങളുടെയും വില സ്ഥിരതയ്ക്കുവേണ്ടി ദീപിക നടത്തിയ പോരാട്ടങ്ങളും ഓർമിക്കത്തക്ക താണ്. മലയോര കർഷകർ കുടിയിറക്കിന്റെ ഭീഷണിയിലായ പ്പോഴെല്ലാം അവർക്കൊപ്പംനിന്ന് പടവെട്ടിയത് ദീപിക മാത്രമായി രുന്നു. മലയോര ഹൈവേ, മലയോര വികസന അഥോറിട്ടി എന്നിവ യെല്ലാം യാഥാർഥ്യമാക്കുന്നതിനു ദീപിക നടത്തിയ മുന്നേറ്റങ്ങൾ ചരിത്രമാണ്. കസ്തൂരിരംഗൻ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടുകളുടെ പേരിൽ കർഷകർക്കെതിരെ ഉയരുന്ന കുപ്രചരണങ്ങളെ പ്രതിരോധി ക്കുന്നതിനും കർഷക ശബ്ദം അധികാരകേന്ദ്രങ്ങളിലെത്തിക്കുന്ന തിനും അവർക്ക് നീതി ഉറപ്പുവരുത്തുന്നതിനുമായി ദീപിക നടത്തുന്ന പരിശ്രമങ്ങൾ നാം തിരിച്ചറിയണം.

ഒരു മാധ്യമത്തിന്റെ പിൻബലമില്ലാതെ നിലനില്പ് സാധ്യമല്ലാത്ത അവസ്ഥയിൽ നമുക്ക് സ്വന്തമായുള്ള ദീപികയെ വരും തലമുറയുടെ നിലനില്പിനുവേണ്ടി കരുതിവയ്ക്കേണ്ട സാഹചര്യമാണിപ്പോൾ സംജാതമായിരിക്കുന്നത്. ഈ സാഹചര്യത്തിൽ ദീപികയെ ഇനി വളർത്തേണ്ടതും സ്വന്തമാക്കേണ്ടതും നാം ഓരോരുത്തരുമാണ്. അത്

നമുക്കുവേണ്ടി മാത്രമല്ല, നമ്മുടെ സമൂഹത്തിന്റെ നിലനിൽപ്പിനും നമ്മുടെ മക്കളുടെ നല്ല ഭാവിക്കും അത്യാവശ്യമാണ്. അതിന് താല്പര്യ മെടുക്കേണ്ടത് നാം ഓരോരുത്തരുമാണ്.

മലയാളത്തിൽ ഏറ്റവുമധികം പ്രസിദ്ധീകരണങ്ങൾ പുറത്തി റങ്ങുന്നത് കത്തോലിക്കാ സമൂഹത്തിനുള്ളിലാണെന്നതിന് രണ്ടു പക്ഷമില്ല. പക്ഷേ, ഇതര മാധ്യമങ്ങളിലൂടെയും കേന്ദ്രങ്ങളിലൂടെ യുമുണ്ടാകുന്ന നീതീകരണമില്ലാത്ത കടന്നാക്രമണങ്ങളെ ഫലപ്രദ മായി പ്രതിരോധിക്കുവാനോ അഭിപ്രായ രൂപീകരണം നടത്തുവാനോ ഇവ ഉപയോഗപ്പെടുത്താൻ നിരവധി പരിമിതികളുണ്ട്. കാരണം, ഇവയിലേറെയും പ്രാദേശികമായ നെറ്റുവർക്കു മാത്രം ഉപയോഗി ക്കുന്നവയാണ്. രൂപതകളുടെയും സംഘടനകളുടെയും പരിധിക്കു ള്ളിൽ മാത്രം വിതരണം ചെയ്യപ്പെടുന്നവയുമാണ്. മാത്രവുമല്ല, ദിനപ്പത്രമായി പുറത്തിങ്ങുന്നതുമല്ല. വിഷയങ്ങളോട് അപ്പപ്പോൾ പ്രതികരിക്കുവാനും ഇടപെടുവാനും ദിനപത്രം തന്നെയാണ് പ്രയോ ജനപ്പെടുക. ആ നിലയ്ക്ക് പരിഗണിക്കുമ്പോൾ മലയാളി കത്തോ ലിക്കാ സമൂഹത്തിന് ഒറ്റ ജിഹ്വയേ ഉണ്ടായിട്ടുള്ളൂ. അത് ദീപികയാണ്. ആ ദീപിക തളരുമ്പോൾ നമ്മുടെ സമൂഹം തളരും. ദീപിക ശക്തിപ്പെടു മ്പോൾ നമ്മുടെ സമൂഹവും ശക്തിപ്പെടും. അതുകൊണ്ട് ദീപികയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നമ്മുടെ അതിരൂപതയിലെ എല്ലാ ഭവനങ്ങളും ദീപിക ദിനപത്രത്തിന്റെ വരിക്കാരാകണമെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ദീപികയ്ക്ക് സാമുദായിക അടിത്തറ സൃഷ്ടിക്കുന്നതിനും പിൻബലം നൽകുന്നതിനുമായി രൂപീകൃതമായ സംഘടനയാണല്ലോ ദീപിക ഫ്രണ്ട്സ് ക്ലബ് അഥവാ ഡിഎഫ്സി. ഡിഎഫ്സിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കേരളത്തിലങ്ങോളമിങ്ങോളം വലിയ ഒരു ആവേശമായി ഡിഎഫ്സിയുടെ പ്രവർത്തനങ്ങൾ സജീവമായി ട്ടുണ്ട്. നമ്മുടെ അതിരൂപതയിലും ഡിഎഫ്സിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ക്രമീകരിക്കേണ്ടതുണ്ട്. അതിന് ആദ്യമായി ഡിഎഫ്സി യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ അവ സ്ഥാപിക്കുകയും സജീവമല്ലാത്ത യൂണിറ്റുകളെ പുനസംഘടിപ്പിക്കുകയും ചെയ്യണം. ഇത് എത്രയും വേഗം പൂർത്തീകരിക്കാൻ ബഹു. വികാരിയച്ചന്മാരും പാരീഷ് കൗൺസിലും ചേർന്ന് സത്വര നടപടികൾ സ്വീകരിക്കണം.

ഇടവകാതല ഡിഎഫ്സി രൂപീകരണവും പുനഃസംഘടനയും പൂർത്തി യായാലുടൻ അതിരൂപതാ നേതൃസംഗമവും കൺവെൻഷനും നടത്തേ ണ്ടതുണ്ട്. അതുകൊണ്ട് എല്ലാ ഇടവകകളിലും പ്രാധാന്യത്തോടെ ഡിഎഫ്സിയുടെ പ്രവർത്തനങ്ങൾക്കായുള്ള സാഹചര്യമൊരുക്കണ മെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

അതുകൊണ്ട്, സമയവും സാഹചര്യവും ആവശ്യപ്പെടുന്നതു പോലെ മാധ്യമജാഗ്രതയുടെ അനിവാര്യത തിരിച്ചറിഞ്ഞ് സഭയുടെ സ്വന്തം മാധ്യമശബ്ദമായ ദീപികയുടെ വളർച്ചയ്ക്കായ് സഭാത നയരായ നമുക്ക് ഒറ്റക്കെട്ടായി ഉത്സാഹപൂർവം പരിശ്രമിക്കാം. പ്രസ്തുത കാര്യത്തിലേക്ക് നിങ്ങളുടെ ആത്മാർഥവും ക്രിയാത്മക വുമായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും, സഭയുടെ മാധ്യമ ശുശ്രൂഷയ്ക്കായ് ചെയ്യുന്ന എല്ലാ സേവനങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും,

നിങ്ങളുടെ വത്സല പിതാവ്,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**
21-08-2017 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 സെപ്റ്റം. 10-ാം തീയതി ഞായ റാഴ്ച എല്ലാ പള്ളികളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 474/17, സർക്കുലർ നമ്പർ: 19/2017**

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത് (മത്തായി 25:40)

ഈശോയുടെ ഈ തിരുവചനത്തിന്റെ ആന്തരാർത്ഥം ഗ്രഹിച്ചുകൊണ്ട് ക്രിസ്തീയ ഉപവ iപ്രാവർത്തികമാക്കുന്ന കത്തോലിക്കാസഭയിലെ ഏറ്റവും വലിയ അന്തർദേശീയ അത്മായ സംഘടനയാണ് സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി എന്നത് ഏവർക്കും അറിവുള്ളതാണല്ലോ. ദരിദ്രരുമായുള്ള വ്യക്തിസമ്പർക്കവും പങ്കുവയ്ക്കലും അതിനുള്ള ആത്മസമർപ്പണവുമാണ് ഈ സംഘടനയുടെ അന്തസത്ത. ഈശോയുടെ കരുണാർദ്രമായ സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്, ദൈവകൃപയിൽ നിറഞ്ഞ് സ്നേഹത്തിന്റെ തികവിലും ക്രിസ്തുവുമായുള്ള പൂർണ്ണ ഐക്യത്തിലും ഒന്നായി ചേർന്ന് വിശുദ്ധിയിലേക്ക് യാത്ര ചെയ്യുക എന്നതാണ് ഈ സംഘടനയിലെ അംഗങ്ങളുടെ ദൈവവിളി.

1833ൽ പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിലെ നിയമവിദ്യാർത്ഥിയായിരുന്ന വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമും അദ്ദേഹത്തിന്റെ സഹപാഠികളും സുഹൃത്തുക്കളുമായ ഏഴ്പേരും ചേർന്ന് പ്രൊഫസർ ബെയ്‌ലി പ്രസിഡന്റായി രൂപീകൃതമായ സൊസൈറ്റി; 1581–1660 കാലഘട്ടത്തിൽ ജീവിച്ച് അവശരും അടിമകളും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സഹോദരങ്ങളെ സഹായിക്കുന്നതിനുവേണ്ടി ജീവാർപ്പണം ചെയ്ത പുരോഹിതശ്രേഷ്ഠനും ക്രിസ്തീയ ഉപവിയുടെ സ്വർഗ്ഗീയ മധ്യസ്ഥനുമായ വി. വിൻസെന്റ് ഡി പോളിന്റെ പേരിൽ നാമകരണം ചെയ്യപ്പെട്ടു. 1845ൽ ഗ്രിഗരി 16–ാമൻ മാർപാപ്പ സഭയിലെ സ്വതന്ത്ര അത്മായ സംഘടനയായി അംഗീകരിച്ച് സൊസൈറ്റി പ്രവർത്തകർക്ക് ദണ്ഡവിമോചനങ്ങൾ അനുവദിച്ചുകൊണ്ട് കല്പനയായി.

1852ൽ ഫ്രാൻസിൽനിന്ന് ഇൻഡ്യയിൽ വന്ന യുവ മിഷനറിയായിരുന്ന ഫാ. ഫ്രാൻസ്വാ ജോസഫ് തിരിയോൻ പോണ്ടിച്ചേരിയിൽ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചു. 1878ൽ തിരുവനന്തപുരം

പാളയം പള്ളി കേന്ദ്രീകരിച്ച് കേരളത്തിൽ കോൺഫറൻസ് രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു. തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് നമ്മുടെ രൂപതയിൽ ജീവകാരുണ്യപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി സ്ഥാപിക്കണമെന്ന് പ്രഥമ ഇടയ ലേഖനത്തിൽ ആഹ്വാനം നല്കിയതു പ്രകാരം ബഹു. ബർത്തോലോമിയ സി.എം.ഐ. അച്ചൻ എടപ്പുഴപ്പള്ളി കേന്ദ്രീകരിച്ച് തലശ്ശേരി രൂപതയിൽ പ്രഥമ കോൺഫറൻസ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. തുടർന്ന് പാലാ സെൻട്രൽ കൗൺസിലിന്റെ കീഴിൽ തലശ്ശേരി സർക്കിൾ (ഏരിയ കൗൺസിൽ) രൂപീകരിക്കുകയും 1977 ൽ തലശ്ശേരി സെൻട്രൽ കൗൺസിലായി അംഗീകരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 1978 ഏപ്രിൽ 24ന് തോമാപുരത്ത് വെച്ച് അഭിവന്ദ്യ മാർ വള്ളോപ്പിള്ളി പിതാവ്, തലശ്ശേരി സെൻട്രൽ കൗൺസിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇപ്പോൾ നമ്മുടെ അതിരൂപതയിൽ ഒട്ടുമിക്ക ഇടവകകളിലുമായി 184 കോൺഫറൻസുകളിൽ 1856 സജീവ അംഗങ്ങളും 5005 സഹായാംഗങ്ങളുമായി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് സൊസൈറ്റി നേതൃത്വം നല്കി വരുന്നു. ഇന്ത്യയിലെ 84 രൂപതകളിലുള്ള സെൻട്രൽ കൗൺസിലുകളിൽവച്ച് തലശ്ശേരി സെൻട്രൽ കൗൺസിൽ പ്രവർത്തനമികവിൽ 5-ാം സ്ഥാനത്താണെന്നുള്ളത് അഭിനന്ദനാർഹമാണ്. 2016-2017 വർഷം രണ്ടുകോടി അൻപത്തിരണ്ടുലക്ഷത്തിഇരുപത്തയ്യായിരത്തി നൂറ്റിമുപ്പത് (RS. 25225130) രൂപയുടെ ധനസഹായം ചെയ്തിട്ടുള്ളതിൽ മുപ്പത്തിഒന്നുലക്ഷത്തി നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി പത്തൊൻപത് (RS. 3142819) രൂപ 1856 മെമ്പർമാർ രഹസ്യപ്പിരിവ് ഇനത്തിൽ മാത്രം സംഭാവന ചെയ്തിട്ടുള്ളതാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. പ്രചരണവും, പരാതിയും പരിഭവങ്ങളുമില്ലാതെ നിശ്ശബ്ദമായി നടത്തുന്ന സൊസൈറ്റിയുടെ പ്രവർത്തനം ശ്ലാഘനീയവും മാതൃകാപരവുമാണ്.

1978-ൽ അംഗീകാരം ലഭിച്ച രൂപതാ സെൻട്രൽ കൗൺസിൽ പ്രവർത്തനത്തിന്റെ 40-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 2017-18 റൂബി ജൂബിലി വർഷമായി ആചരിക്കുന്നതിന് രൂപതാകമ്മിറ്റി തീരുമാനിച്ചതു പ്രകാരം 22.7.17ന് ജൂബിലി വർഷ പ്രഖ്യാപനവും ഭവന പദ്ധതി പ്രഖ്യാപനവും വാർഷിക സമ്മേളനത്തിൽവെച്ച് നടത്തപ്പെട്ടു. 40 വീടുകൾ നമ്മുടെ രൂപതയിൽ പാവപ്പെട്ടവർക്കായി നിർമ്മിച്ചു കൊടുക്കുവാനുള്ള വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ തീരു

മാനം ഏറ്റം ശ്ലാഘനീയമാണ്. എല്ലാവർക്കും ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. ജൂബിലിയാചരണവും ഭവനപദ്ധതിയും വിജയിപ്പിച്ച് ഈശോയുടെ കരുണയുടെ മുഖം മറ്റുള്ളവർക്ക് ദൃശ്യമാകുവാൻ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും വിശ്വാസികൾ നിർലോഭമായ സഹകരണവും പിന്തുണയും നല്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. ബഹു: വികാരിയച്ചന്മാരും മറ്റുവൈദികരും സന്യാസിനി സന്യാസിമാരും സൊസൈറ്റി പ്രവർത്തനങ്ങളോട് സഹ കരിച്ച് ഈ സദുദ്യമം വിജയിപ്പിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മി പ്പിക്കുന്നു. ജൂബിലിയാചരണം കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുവാനും അതുവഴി ഉപവിപ്രവർത്തനങ്ങളിൽ തീക്ഷ്ണ മതികളാകുവാനും കാരണമാകട്ടെയെന്ന് ആശംസിക്കുകയും ദൈവാ നുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കോൺഫറൻസുകൾ ഇനിയും സ്ഥാപിക്കാൻ ബാക്കിയുള്ള ചുരുക്കം ഇടവകകളിലും കൂടി കോൺഫറൻസ്, സ്ഥാപിക്കുവാൻ ബന്ധപ്പെട്ടവർ ഉത്സാഹിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സെപ്റ്റംബർ 8ന് പരി. മാതാവിന്റെയും സെപ്റ്റം ബർ 9ന് വാ. ഫ്രെഡറിക് ഓസ്സാനാമിന്റെയും സെപ്റ്റംബർ 27ന് വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാൾ ദിനങ്ങളാണല്ലോ. ഏവർക്കും തിരുനാൾ മംഗളങ്ങളും ദൈവാനുഗ്രഹവും നേർന്നുകൊള്ളുന്നു.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
22-08-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

## 1. പുതിയ നിയമനങ്ങൾ

1. ഫാ. തോമസ് മാപ്പിളപറമ്പിൽ (ജൂനി.) - വികാരി, പരിയാരം
2. ഫാ. ജോർജ് അച്ചാണ്ടിയിൽ - പാസ്റ്ററൽ സർവ്വീസ്, ഇറ്റലി
3. ഫാ. ജോസഫ് കദളിയിൽ - സ്പിരിച്വൽ ഫാദർ, വി. ജോൺപോൾ ഫോർമേഷൻ സെന്റർ, പൊന്ന്യം

## 2. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്

തലശ്ശേരി അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികർക്കുള്ള ഈ വർഷത്തെ തുടർപരിശീലന പരിപാടി സെപ്റ്റംബർ മാസം 11-12 തീയതികളിലും 13-14 തീയതികളിലുമായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. കോഴ്സ്, ആരംഭിക്കുന്ന ദിവസം രാവിലെ 10 മണിക്ക് തുടങ്ങി പിറ്റേദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ കത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ എല്ലാ ബഹു. വൈദികരും നിർബന്ധമായും ഈ കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. ഓരോ ബാച്ചിലും സംബന്ധിക്കേണ്ടവരുടെ ലിസ്റ്റ് കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

## 3. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2017 സെപ്റ്റംബർ 7-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് ചേരുന്നതാണ്. നവംബറിൽ നടക്കുന്ന അതിരൂപതായോഗത്തിലേക്കുള്ള അത്മായപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് ഈ മീറ്റിംഗിൽ വച്ചായിരിക്കും. അതിരൂപതായോഗവും മറ്റ് ചില അടിയന്തിര വിഷയങ്ങളും ഈ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ചർച്ചചെയ്യുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇതൊരു അറിയിപ്പായി സ്വീകരിച്ച് കൃത്യസമയത്ത് എത്തിച്ചേരണമെന്ന് താത്പര്യപ്പെടുന്നു.

## 4. പ്രെസ്ബിറ്ററൽ കൗൺസിൽ (വൈദിക സെനറ്റ്) സമ്മേളനം

പ്രെസ്ബിറ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2017 സെപ്റ്റംബർ

മാസം 26-ാം തീയതി ചൊവ്വാഴ്ച തലശ്ശേരി സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. വിശദാംശങ്ങൾ അംഗങ്ങളെ കത്തു മുഖേന അറിയിക്കുന്നതാണ്.

## 5. അതിരൂപതാ അസംബ്ലിയിലേക്കുള്ള വൈദികാംഗങ്ങളുടെ തിരഞ്ഞെടുപ്പ്

നവംബറിൽ നടക്കുന്ന എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുക്കാനുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. എല്ലാ ഫൊറോന വികാരിമാരും എല്ലാ പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളും അസംബ്ലിയിൽ അംഗങ്ങളാണ്. കൂടാതെ ഓരോ ഫൊറോനയിൽനിന്നും ഓരോ വൈദിക പ്രതിനിധികളെക്കൂടി തിരഞ്ഞെടുക്കണം. സെപ്റ്റംബർ മാസത്തിലെ വൈദികരുടെ മാസധ്യാനകൂട്ടായ്മയിൽനിന്നും ഇടവക വികാരിമാരിൽനിന്ന് ഒരാളെ അസംബ്ലിയിലേക്ക് തിരഞ്ഞെടുത്ത് പേരുവിവരം ചാൻസലറച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അല്മായപ്രതിനിധികളെ പാസ്റ്ററൽ കൗൺസിലിൽ നിന്നും സന്ന്യാസ വൈദികരുടെയും സന്ന്യാസിനികളുടെയും പ്രതിനിധികളെ അവരുടെ പ്രത്യേകയോഗത്തിൽ നിന്നും തെരഞ്ഞെടുക്കുന്നതാണ്. വിശദാംശങ്ങൾ അവരെ നേരിട്ട് അറിയിക്കുന്നതാണ്.

## 6. പുതിയ കോൺവെന്റ്

പ്രേഷിതാരാം സിസ്റ്റേഴ്സിന്റെ ഒരു കോൺവെന്റ് വെള്ളരിയാനം ഇടവകയിൽ പുതുതായി ആരംഭിച്ചിരിക്കുന്നു. പുതിയ മഠത്തിന്റെ വെഞ്ചരിപ്പ് 2017 ജൂലൈ 25ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നിർവ്വഹിച്ചു. സി. ജെസി ജോസ് സി.പി.എസ്. ആണ് മദർ സുപ്പീരിയർ.

അഡ്രസ്സ് : സെന്റ് തോമസ് കോൺവെന്റ്
പ്രേഷിതാരാം സിസ്റ്റേഴ്സ്
വെള്ളരിയാനം, കുറ്റൂർ പി.ഒ., 670 306
ഫോൺ : 8078448599

## 7. അഭിനന്ദനങ്ങൾ

ഫാ. തോമസ് മാപ്പിളപറമ്പിൽ (ജൂണിയർ) റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കാനൻ നിയമത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി തിരിച്ചെത്തിയിരിക്കുന്നു. അച്ചന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ. അച്ചൻ ഇപ്പോൾ പരിയാരം ഇടവക വികാരിയായി സേവനം ചെയ്യുന്നു. **ഫോൺ: 9495647670.**

## 8. പുതിയ ഫൊറോന കൗൺസിൽ രൂപീകരണം

നിലവിലുള്ള ഫൊറോന കൗൺസിലുകളുടെ കാലാവധി ഒക്ടോബർ മാസത്തോടെ അവസാനിക്കുകയാണ്. 2017-2020 വർഷത്തേക്കുള്ള ഫൊറോന കൗൺസിലുകൾ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലായി രൂപീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വിശദാംശങ്ങൾക്ക് ഈ ബുള്ളറ്റിനിൽ നല്കിയിരിക്കുന്ന വിജ്ഞാപനവും അതിരൂപതാ നിയമാവലി പേജ് 38-40 ഉം കാണുക.

### 9. ബുള്ളറ്റിൻ വരിസംഖ്യ

അതിരൂപതാ ബുള്ളറ്റിൻ വരിസംഖ്യ അടയ്ക്കാത്തവർ ഉടനെതന്നെ അടച്ച് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വരിസംഖ്യ നല്കാത്ത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മറ്റൊരു മുന്നറിയിപ്പുമില്ലാതെ ബുള്ളറ്റിൻ നിറുത്തലാക്കുന്നതാണ്.

## 10. ആദരാഞ്ജലി

**1. ശ്രീ. ജോസ് ആനിക്കാതോട്ടത്തിൽ:** ബഹു. ജേക്കബ്ബ് ആനിക്കാതോട്ടത്തിൽ അച്ചന്റെ സഹോദരൻ ജോസ് (56) 2017 ആഗസ്റ്റ് 13ന് നിര്യാതനായി. മൃതസംസ്ക്കാരചടങ്ങുകൾ പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽ 2017 ആഗസ്റ്റ് 14ന് തിങ്കളാഴ്ച നടന്നു. പരേതന് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 11. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മഴുവഞ്ചേരി | - 02-09-1985 |
| 2. | റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം | - 05-09-2007 |
| 3. | റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ | - 13-09-2013 |
| 4. | റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. | - 15-09-1966 |
| 5. | റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. | - 17-09-1988 |
| 6. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) | - 19-09-1979 |
| 7. | റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. | - 20-09-1979 |
| 8. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) | - 20-09-1988 |
| 9. | റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് | - 22-09-1982 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിജ്ഞാപനം

## ഫൊറോന കൗൺസിൽ രൂപീകരണം

നിലവിലുള്ള ഫൊറോന കൗൺസിലുകളുടെ കാലാവധി ഈ വർഷം ഒക്ടോബർ മാസത്തോടെ അവസാനിക്കുകയാണ്. പുതിയ കൗൺസിലുകൾക്ക് രൂപംകൊടുക്കേണ്ട സമയമായി. അടുത്ത മൂന്നു വർഷത്തേക്കുള്ള പാരീഷ് കൗൺസിലുകൾ രൂപംകൊണ്ടു കഴിഞ്ഞു. അവയിൽ നിന്നാണ് പുതിയ ഫൊറോന കൗൺസിലുകൾ രൂപീകരിക്കേണ്ടത്.

ഫൊറോന വികാരി അദ്ധ്യക്ഷനായ ഈ സമിതിയിൽ താഴെ പറയുന്നവരായിരിക്കും അംഗങ്ങൾ.

1. ഫൊറോനയിലെ ഇടവക വികാരിമാരും അസിസ്തേന്തിമാരും
2. ഫൊറോനയിലെ സന്ന്യാസസഭകളുടെ ഓരോ പ്രതിനിധിവീതം
3. മതാധ്യാപക മേഖലാ പ്രസിഡന്റ്
4. സ്കൂളധ്യാപകരുടെ ഒരു പ്രതിനിധി
5. ഫൊറോന സംവിധാനമുള്ള ഭക്തസംഘടനകളുടെ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി (ഇൻഫാം, റ്റി.എസ്.എസ്.എസ് എന്നിവയുടെ പ്രതിനിധി കത്തോലിക്കനായിരിക്കണം.)
6. ഓരോ പാരീഷ് കൗൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന താഴെ പറയുന്ന എണ്ണം അംഗങ്ങൾ

| | | | | |
|---|---|---|---|---|
| 200 കുടുംബങ്ങൾ | വരെയുള്ള | ഇടവക | - | 3 പേർ (1 വനിത) |
| 400 ,, | ,, | ,, | - | 5 പേർ (2 വനിത) |
| 700 ,, | ,, | ,, | - | 6 പേർ (2 വനിത) |
| 700 കുടുംബങ്ങളിൽ | കൂടുതലുള്ള | ഇടവക | - | 8 പേർ (3 വനിത) |

പുതിയ ഫൊറോന കൗൺസിലിന്റെ ആദ്യയോഗം ഒക്ടോബർ മാസത്തിലോ നവംബർ മാസത്തിലോ വിളിച്ചു ചേർക്കാൻ ബഹു. ഫൊറോന വികാരിയച്ചന്മാർ ശ്രദ്ധിക്കണം. ഫൊറോന കൗൺസിലിന്റെ ആദ്യയോഗത്തിൽ അല്മായ പ്രതിനിധികളിൽനിന്നും ഒരാളെ കൺവീനറായും മറ്റൊരാളെ സെക്രട്ടറിയായും തിരഞ്ഞെടുക്കണം. ഒപ്പം ഓരോ ഫൊറോന കൗൺസിലിൽനിന്നും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള മൂന്ന് അല്മായ പ്രതിനിധികളെ വീതം

# അതിരൂപതാ അസംബ്ലി - 2017

അസംബ്ലിയുടെ ഏറ്റവും പ്രധാനഭാഗമായ കരടുരേഖയുടെ ചർച്ച പൂർത്തിയായിരിക്കുകയാണ്. ക്ലാസ്സുകൾ എടുത്തവർ, റിപ്പോർട്ടുകൾ ക്രോഡീകരിച്ചവർ, ചർച്ചകളിൽ സജീവമായി പങ്കെടുത്തവർ, എല്ലാ കാര്യങ്ങൾക്കും നേതൃത്വം കൊടുത്ത വികാരിയച്ചന്മാർ തുടങ്ങി, ഇതിനോട് സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ഇനിയും റിപ്പോർട്ടുകൾ നല്കാൻ ബാക്കിയുള്ളവർ സെപ്റ്റംബർ 10-ാം തീയതിക്കുമുമ്പ് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അസംബ്ലി അംഗങ്ങളുടെ തിരഞ്ഞെടുപ്പ്**

അസംബ്ലിയിൽ പങ്കെടുക്കാനുള്ള പ്രതിനിധികളുടെ ലിസ്റ്റ് സെപ്റ്റംബർ മാസത്തിൽ തയ്യാറാകുന്നതാണ്. ആകെ 225 പ്രതിനിധികളാണ് പങ്കെടുക്കുന്നത്. നിയമാവലി അനുസരിച്ച് സഹായമെത്രാന്മാർ, പ്രോട്ടോ സിൻഞ്ചെല്ലൂസ്, സിൻഞ്ചെല്ലൂസുമാർ, ജൂഡീഷ്യൽ വികാരി, ഫിനാൻസ് ഓഫീസർ, ചാൻസലർ, ആലോചനസമിതി അംഗങ്ങൾ, അതിരൂപതാമൈനർ സെമിനാരി റെക്ടർ, ഫൊറോന വികാരിമാർ, വൈദികസമിതി (സെനറ്റ്)

➔ ------------------------

തെരഞ്ഞെടുക്കണം. ഇവരിൽ ഒരാൾ വനിതയും മറ്റൊരാൾ 35 വയസ്സിൽ കൂടാത്ത യുവാവ്/യുവതിയും ആയിരിക്കണം. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേരിൽ ഒരാൾ ഫൊറോന കോ-ഓർഡിനേറ്റർ ആയിരിക്കുന്നത് അഭികാമ്യമാണ്.

പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ഫൊറോന കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരും അഡ്രസ്സും ഫോൺനമ്പറും നവംബർ 30ന് മുമ്പ് അതിരൂപതാകച്ചേരിയിൽ എത്തിക്കേണ്ടതാണ്.

തലശ്ശേരി
18-08-2017

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ

അംഗങ്ങൾ, ഓരോ ഫൊറോനയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ വികാരിമാർ, ഡീക്കന്മാരുടെ പ്രതിനിധി, അതിരൂപതാതിർത്തിയിലുള്ള സമർപ്പിതസമൂഹങ്ങളുടെ പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുക്കുന്ന അത്മായപ്രതിനിധികൾ, അതിരൂപതാധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നവർ എന്നിവരാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്. കൂടാതെ സെൻട്രൽ കമ്മിറ്റിയിലെയും കരടുരേഖയും മാർഗ്ഗരേഖയും തയ്യാറാകുന്ന വിദഗ്ദസമിതിയിലെയും അംഗങ്ങളും അസംബ്ലിയിൽ പങ്കെടുക്കുന്നതാണ്.

- സെപ്റ്റംബർ മാസത്തിലെ വൈദികരുടെ മാസധ്യാന കൂട്ടായ്മയിൽവച്ച് ഓരോ ഫൊറോനയിൽനിന്നും ഓരോ വികാരിയച്ചന്മാരെ വീതം അസംബ്ലി പ്രതിനിധിയായി തിരഞ്ഞെടുത്ത് പേര് അതിരൂപതാ കേന്ദ്രത്തിൽ അറിയിക്കണം.
- അല്മായ പ്രതിനിധികളെ സെപ്റ്റംബർ 7ന് തളിപ്പറമ്പിൽവച്ച് ചേരുന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽവച്ച് തിരഞ്ഞെടുക്കുന്നതാണ്.
- സന്ന്യാസവൈദികരുടെയും സന്ന്യാസിനിമാരുടെയും അതിരൂപതാതിർത്തിയിലുള്ള പ്രൊവിൻഷ്യൽമാർ, റീജണൽ സുപ്പീരിയർമാർ എന്നിവർ അസംബ്ലിയിൽ അംഗങ്ങളായിരിക്കും. അതിരൂപതാതിർത്തിയിൽ പ്രൊവിൻസുകളില്ലാത്തവരുടെ പ്രതിനിധികളെ തിരഞ്ഞെടുത്ത് അറിയിക്കുന്നതാണ്.

## അഖണ്ഡാരാധന

അസംബ്ലിക്ക് ഒരുക്കമായുള്ള അഖണ്ഡാരാധന ആരംഭിച്ചിട്ടുണ്ട്. ഓരോ ദിവസവും ആരാധന നടത്താനായി നിശ്ചയിച്ചിട്ടുള്ള ഇടവകകളും സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും അതാത് ദിവസങ്ങളിൽ തന്നെ ആരാധന നടത്തുന്നുണ്ടെന്ന് കരുതുന്നു. സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ആരാധന നടത്തുവാനുള്ളവരുടെ ലിസ്റ്റ് ഈ ലക്കം ബുള്ളറ്റിനിൽ നല്കിയിട്ടുണ്ട്. അസംബ്ലിയുടെ വിജയത്തിനായുള്ള നൂറുദിവസത്തെ ഈ ആരാധനയിൽ നാം ചർച്ചചെയ്യാൻ പോകുന്ന വിഷയങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മോൺ. അലക്സ് താരാമംഗലം**
കൺവീനർ, അതിരൂപതാ അസംബ്ലി

## അതിരൂപതാ അസംബ്ലിയ്ക്ക് ഒരുക്കമായുള്ള അഖണ്ഡാരാധന സമയക്രമം

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| സെപ്. 1 | ചെടിക്കുളം | ചീക്കാട് | എസ്എച്ച്, കൂടാളി<br>എസ്എബിഎസ്, മാലോം<br>എഫ്സിസി, കോളയാട് |
| ,, 2 | ചീമേനി | ചെമ്പൻതൊട്ടി | എസ്എച്ച്, കൊന്നക്കാട്<br>എസ്എബിഎസ്, കോഴിച്ചാൽ<br>എഫ്സിസി, കരിക്കോട്ടക്കരി |
| ,, 3 | ചെമ്പേരി | ചെങ്ങോം | എസ്എച്ച്, കൊളക്കാട്<br>എസ്എബിഎസ്, കിളിയന്തറ<br>എഫ്സിസി, കരിമ്പം |
| ,, 4 | ചേപ്പറമ്പ | ചെറുപാറ | എസ്എച്ച്, കരുവൻചാൽ<br>എസ്എബിഎസ്, കാസർഗോഡ്<br>എഫ്സിസി, കാഞ്ഞിരടുക്കം |
| ,, 5 | ചെറുപുഴ | ചെട്ടിയാംപറമ്പ | എസ്എച്ച്, കണ്ണൂർ<br>എസ്എബിഎസ്, കണിച്ചാർ<br>എഫ്സിസി, കമ്പല്ലൂർ |
| ,, 6 | ചൂരപ്പടവ് | ക്രൈസ്റ്റ്നഗർ (എടക്കോം) | എസ്എച്ച്, കാടൻമല<br>എസ്എബിഎസ്, എടാട്ട്<br>എഫ്സിസി, കാലിച്ചാനടുക്കം |
| ,, 7 | ചുള്ളി | ചുണ്ടപ്പറമ്പ | എസ്എച്ച്, ജോസ്ഗിരി<br>എസ്എബിഎസ്, അരവഞ്ചാൽ<br>എഫ്സിസി, എടക്കോം |
| ,, 8 | ദീപഗിരി | എടക്കാനം | എസ്എച്ച്, എടത്തൊട്ടി<br>എസ്എബിഎസ്, അങ്ങാടിക്കടവ്<br>എഫ്സിസി, ചെമ്പേരി |
| ,, 9 | എടപ്പുഴ | എടത്തൊട്ടി | എസ്എച്ച്, ചായോത്ത്<br>എസ്എബിഎസ്, ആനപ്പന്തി<br>എഫ്സിസി, ചെമ്പൻതൊട്ടി |
| ,, 10 | എടൂർ | എണ്ണപ്പാറ | എസ്എച്ച്, ബളാൽ<br>സിഎംസി, വെളിമാനം<br>എഫ്സിസി, ഭീമനടി |
| ,, 11 | ഏറ്റുപാറ | ഇരിട്ടി | എസ്എച്ച്, അറബി<br>സിഎംസി, വട്ട്യറ<br>എഫ്സിസി, അൽഫോൻസാഗിരി |

| ദിവസം | 6 am-12 pm   12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|
| സെപ്. 12 | ജയഗിരി   ജോസ്ഗിരി | എസ്എച്ച്, ആലക്കോട്<br>സിഎംസി, ഉളിക്കൽ<br>എംഎസ്എംഐ, തേർമല |
| ,, 13 | ജോസ്മൗണ്ട് കച്ചേരിക്കടവ് | എൻഎസ്, അരീക്കമല<br>സിഎംസി, തലശ്ശേരി<br>എംഎസ്എംഐ, അടോട്ടുകയ |
| ,, 14 | കടുമേനി   കാലാങ്കി | എൻഎസ്, ചുണ്ടപ്പറമ്പ<br>സിഎംസി, അങ്ങാടിക്കടവ്<br>എംഎസ്എംഐ, ആര്യപ്പറമ്പ |
| ,, 15 | കാലിച്ചാമരം   കാലിച്ചാനടുക്കം | എൻഎസ്, ദീപഗിരി<br>സിഎംസി, ചെറുപാറ<br>എംഎസ്എംഐ, ചന്ദനക്കാംപാറ |
| ,, 16 | കള്ളാർ കല്ലുമുതിരക്കുന്ന് | എൻഎസ്, കണ്ണൂർ<br>സിഎംസി, ചെട്ടിയാംപറമ്പ<br>എംഎസ്എംഐ, ചരൾ |
| ,, 17 | കല്ലുവയൽ   കമ്പല്ലൂർ | എൻഎസ്, കുന്നോത്ത് ജനറലേറ്റ്<br>സിഎംസി, എടൂർ<br>എംഎസ്എംഐ, ചുള്ളി |
| ,, 18 | കനകക്കുന്ന് കനകപ്പള്ളി | എൻഎസ്, കുന്നോത്ത് നൊവിഷ്യറ്റ്<br>സിഎംസി, ഇരിട്ടി<br>എംഎസ്എംഐ, എടപ്പുഴ |
| ,, 19 | കണിച്ചാർ   കാഞ്ഞങ്ങാട് | എൻഎസ്, മാനടുക്കം<br>സിഎംസി, കച്ചേരിക്കടവ്<br>എംഎസ്എംഐ, എണ്ണപ്പാറ |
| ,, 20 | കാഞ്ഞിരടുക്കം കാഞ്ഞിരക്കൊല്ലി | എൻഎസ്, മണിക്കടവ്<br>സിഎംസി, കീഴ്പ്പള്ളി<br>എംഎസ്എംഐ, ഏറ്റുപാറ |
| ,, 21 | കണ്ണിവയൽ   കണ്ണൂർ | എൻഎസ്, മണിപ്പാറ<br>സിഎംസി, കുന്നുംകൈ<br>എംഎസ്എംഐ, കാഞ്ഞിരക്കൊല്ലി |
| ,, 22 | കരയത്തുംചാൽ കാര്യപ്പള്ളി | എൻഎസ്, ഓടന്തോട്<br>സിഎംസി, മാട്ടറ<br>എംഎസ്എംഐ, കണ്ണിവയൽ |

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| ,, 23 | കരിക്കോട്ടക്കരി | കാർത്തികപുരം | എൻഎസ്, പാലത്തിൻകടവ്<br>സിഎംസി, നെല്ലിക്കാംപോയിൽ<br>എംഎസ്എംഐ, കണ്ണൂർ |
| ,, 24 | കരുണാപുരം | കരുവൻചാൽ | എൻഎസ്, പരപ്പ<br>സിഎംസി, നിർമ്മലഗിരി<br>എംഎസ്എംഐ, കോലുവള്ളി |
| ,, 25 | കാസർഗോഡ് | കാവുന്തല | എൻഎസ്, പുറവയൽ<br>സിഎംസി, പടന്നക്കാട്<br>എംഎസ്എംഐ, കോട്ടൂർ |
| ,, 26 | കീഴ്പ്പള്ളി | കിളിയന്തറ | എൻഎസ്, രത്നഗിരി<br>സിഎംസി, പടുപ്പ്<br>എംഎസ്എംഐ, മേരിഗിരി |
| ,, 27 | കോടോപ്പള്ളി | കൊളക്കാട് | എൻഎസ്, തടിക്കടവ്<br>സിഎംസി, പേരട്ട<br>എംഎസ്എംഐ, മേരിപുരം |
| ,, 28 | കോളയാട് | കോലുവള്ളി | എൻഎസ്, ഉരുപ്പുംകുറ്റി<br>സിഎംസി, പുളിംപറമ്പ<br>എംഎസ്എംഐ, നെല്ലിക്കുറ്റി |
| ,, 29 | കൊന്നക്കാട് | കൊട്ടോടി | എൻഎസ്, വെണ്ണക്കല്ല്<br>സിഎംസി, തളിപ്പറമ്പ<br>എംഎസ്എംഐ, നിർമ്മലഗിരി |
| ,, 30 | കോട്ടൂർ | കോഴിച്ചാൽ | എൻഎസ്, വിമലഗിരി<br>എസ്കെഡി, ആശാൻകവല<br>എംഎസ്എംഐ, പടുപ്പ് |
| ഒക്ടോ.1 | കുടിയാന്മല | കുന്നോത്ത് | സിഎച്ച്എഫ് ബദിയടുക്ക<br>എസ്കെഡി ചെടിക്കുളം<br>സിഎംഐ ഇരിട്ടി |
| ,, 2 | കുന്നുംകൈ | കുട്ടാപറമ്പ | സിഎച്ച്എഫ് ധർമ്മടം<br>എസ്കെഡി ചെങ്ങോം<br>സിഎംഐ കാഞ്ഞങ്ങാട് |
| ,, 3 | ലിസ്സിഗിരി | മാടത്തിൽ | സിഎച്ച്എഫ്, കടുമേനി<br>എസ്കെഡി, ഇരിട്ടി<br>സിഎംഐ, പുഷ്പഗിരി |

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| ,, 4 | മാലോം | മാമ്പോയിൽ | സിഎച്ച്എഫ്, പാത്തൻപാറ<br>എസ്കെഡി, ജോസ്മൗണ്ട്<br>എംസിബിഎസ് നെല്ലിക്കുറ്റി |
| ,, 5 | മാനടുക്കം | മണക്കടവ് | സിഎച്ച്എഫ്, പയ്യന്നൂർ<br>എസ്കെഡി, കാലാങ്കി<br>എംസിബിഎസ്, പരിയാരം |
| ,, 6 | മണ്ഡളം | മണ്ഡപം | സിഎച്ച്എഫ്, തിരുമേനി<br>എസ്കെഡി, കാഞ്ഞങ്ങാട്<br>എംസിബിഎസ്, എണ്ണപ്പാറ |
| ,, 7 | മാങ്ങോട് | മണിക്കടവ് | സിഎച്ച്എഫ്, തളിപ്പറമ്പ<br>എസ്കെഡി, കാപ്പിമല<br>വട്ടിയറ, എംസിബിഎസ് |
| ,, 8 | മണിപ്പാറ | മഞ്ഞളാംപുറം | എസ്എംഎസ്, അട്ടക്കണ്ടം<br>ഡിപിഎം, മണ്ടളം<br>കോട്ടൂർ, സിഎസ്ടി |
| ,, 9 | മേരിഗിരി | മേരിപുരം | എസ്എംഎസ്, ബാലേശുഗിരി<br>ഡിപിഎം, നെടുവാലൂർ<br>സിഎസ്ടി, കന്നിക്കളം |
| ,, 10 | മാട്ടറ | മാവുംചാൽ | എസ്എംഎസ്, ചൂരപ്പടവ്<br>ഡിപിഎം, പെരുമ്പുന്ന<br>സിഎസ്ടി, ഇരിക്കൂർ |
| ,, 11 | മേലേചൊവ്വ | മുടയരഞ്ഞി | എസ്എംഎസ്, കരുണാപുരം<br>ഡിപിഎം, പെരുമ്പുന്നഹോസ്പിറ്റൽ<br>സിഎസ്ടി, ഇരിട്ടി |
| ,, 12 | മുളപ്ര | മുള്ളേരിയ | എസ്എംഎസ്, പരിയാരം<br>ഡിപിഎം, ചായ്യോത്ത്<br>സിഎസ്ടി, നെല്ലിക്കുന്ന് |
| ,, 13 | മുണ്ടാനൂർ | നടുവിൽ | എസ്എംഎസ്, പുളിങ്ങോം<br>എസ്ഡി, ഒറ്റത്തൈ<br>ഒഎഫ്എം(ക്യാപ്) കണ്ണൂർ |
| ,, 14 | നാട്ടക്കൽ | നെടുംപുറംചാൽ | എസ്ഡി, പടന്നക്കാട്<br>എംഎസ്എംഐ, മേലേചൊവ്വ<br>ഒഎഫ്എം, നാട്ടക്കൽ |

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| ,, 15 | നെടുവാലൂർ | നീലേശ്വരം | എസ്ഡി, തലശ്ശേരി<br>എഎസ്എംഐ, കാലിച്ചാനടുക്കം<br>ഒഎഫ്എം, (ക്യാപ്) പയ്യന്നൂർ |
| ,, 16 | നെല്ലിക്കാംപൊയിൽ | നെല്ലിക്കുന്ന് | എഎസ്എംഐ, കെട്ടോടി<br>ഡിഎം, എടാട്ട്<br>ഒഎഫ്എം (ക്യാപ്) പട്ടാരം |
| ,, 17 | നെല്ലിക്കുറ്റി | നെല്ലിപ്പാറ | ഡിഎം, ഇരിട്ടി<br>എസ്എംസി, ചാവറഗിരി<br>ഒഎഫ്എം(ക്യാപ്) വെള്ളരിക്കുണ്ട് |
| ,, 18 | നെല്ലിയടുക്കം | നിർമ്മലഗിരി | ഡിഎം, പടന്നക്കാട്<br>എസ്എംസി, കരയത്തുംചാൽ<br>ഒസിഡി, മണ്ഡപം |
| ,, 19 | ഓടൻതോട് | ഒറ്റത്തൈ | എസ്എംസി, തയ്യേനി<br>സിഎസ്എൻ, ചെമ്പന്തൊട്ടി<br>ഒസിഡി, പേരാവൂർ |
| ,, 20 | പച്ചാണി | പാടാംകവല | എസ്എംസി, കോലുവള്ളി<br>എംഎൽഎഫ്, കണ്ണിവയൽ<br>വിസി, എടത്തൊട്ടി |
| ,, 21 | പടന്നക്കാട് | പടിമരുത് | എംഎൽഎഫ്, മുണ്ടാനൂർ<br>എസ്ജെഎൽ, നിർമ്മലഗിരി<br>വിസി, കാലിച്ചാനടുക്കം |
| ,, 22 | പടിയൂർ | പാടിയോട്ടുചാൽ | എംഎസ്ജെ, മണ്ടളം<br>ഡിഎസ്ടി, ചെമ്പേരി<br>സിഎസ്എസ്ആർ, എടൂർ |
| ,, 23 | പടുപ്പ് | പൈസക്കരി | ഡിഎസ്ടി കുടിയാന്മല<br>എസ്എബി, പടിയൂർ<br>ഒഎഫ്എം, (മൈനർ) പെരുമ്പുന്ന |
| ,, 24 | പാലത്തുംകടവ് | പാലാവയൽ | ഡിഎസ്ടി, നെടുംപുറംചാൽ<br>സിഎഫ്എംഎസ്എസ്, പടിമരുത്<br>എസ്ഡിബി, അങ്ങാടിക്കടവ് |
| ,, 25 | പനത്തടി | പാണത്തൂർ | ഡിഎസ്ടി, കോടോപ്പള്ളി<br>സിഎഫ്എംഎസ്എസ്, പടിമരുത്<br>എസ്ഡിബി, അങ്ങാടിക്കടവ് |

| ദിവസം | 6 am-12 pm  12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|
| ,, 26 | പറമ്പ പരപ്പ | എംഎംഎം, ചെറുപുഴ<br>സിഎസ്ജെബി, പൂപറമ്പ<br>ഐഎംഎസ്, പേരട്ട |
| ,, 27 | പരിയാരം പാത്തൻപാറ | എംഎംഎം, ചെമ്പേരി<br>എൽഎസ്ടി, കരിക്കോട്ടക്കരി<br>സിഎഫ്ഐസി, പനത്തടി |
| ,, 28 | പയ്യന്നൂർ പയ്യാവൂർ | എസ്ഡിപി, ബിരിക്കുളം<br>സിഎസ്എസ്ജ, കോട്ടൂർ<br>എച്ച്ജിഎൻ, കരുണാപുരം |
| ,, 29 | പേരട്ട പേരാവൂർ | എസ്ഡിപി, വിമലഗിരി<br>സിഎസ്എസ്ജ, വെള്ളരിക്കുണ്ട്<br>എസ്എച്ച് ഫാദേഴ്സ്, കേളകം |
| ,, 30 | പെരിങ്ങാല പെരിങ്കരി | എസഎസ്എംഎസ്എ,വെള്ളരിക്കുണ്ട്<br>എംഎസ്എംഎച്ച്സി,കരുവഞ്ചാൽ<br>ടിഒആർ, കാര്യപ്പള്ളി |
| ,, 31 | പെരുമ്പടവ് പെരുമ്പുന്ന | എംഎസ്എംഎച്ച്സി, പെരിയാട്ടടുക്കം<br>എസ്സിഎസ്സി, ചെമ്പേരി<br>ഒഎസ്ബി, കരിവേടകം |

# സെമിനാരി വാർത്തകൾ

## അഭിനന്ദനങ്ങളും നന്ദിയും

1) വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി അതിരൂപതയിലെ കോർപറേറ്റ് സ്കൂളുകളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തിയ ലൈഫ് ഗൈഡൻസ് പ്രോഗ്രാം 21 സ്കൂളുകളിൽ വിജയപ്രദമായി നടന്നു കഴിഞ്ഞു. കുട്ടികളിൽ മൂല്യാധിഷ്ഠിതമായ ജീവിതരീതികൾക്ക് അടിസ്ഥാനമിടുവാൻ ക്ലാസ്സുകൾ സഹായകമായി എന്ന് വിലയിരുത്തപ്പെടുകയുണ്ടായി.

ത്യാഗപൂർവ്വം സ്കൂളുകളിൽ പോയി ക്ലാസ്സുകൾ എടുക്കുവാൻ നേതൃത്വം നല്കിയ വൊക്കേഷൻ ബ്യൂറോ അംഗങ്ങളായ വൈദികർ, സിസ്റ്റേഴ്സ്, അല്മായപ്രേഷിതർ ഇവരെ നന്ദിയോടുകൂടെ ഓർക്കുന്നു.

സ്കൂളുകളിൽനിന്നും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും സഹകരണം ലഭിച്ചതിന്റെ ഫലമായിട്ടാണ് ഈ പ്രോഗ്രാം വിജയപ്രദമായി നടത്തുവാൻ സാധിച്ചത്. സ്കൂൾ മാനേജർ, ഹെഡ്മാസ്റ്റേഴ്സ്, മറ്റ് സ്റ്റാഫംഗങ്ങൾ ഇവർക്കെല്ലാം ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. ഇനിയും നടത്തുവാനുള്ള സ്കൂളുകൾ എത്രയും പെട്ടെന്നുതന്നെ പ്രോഗ്രാം ക്രമീകരിക്കണമെന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

2. ദൈവവിളി പ്രോത്സാഹനത്തിന്റെ ഭാഗമായി ഓരോ ഇടവകകളിലേക്കും 'ഈശോ വിളിക്കുന്നു' എന്ന പേരോടെയുള്ള ഫോമുകൾ പൂരിപ്പിക്കാനായി ഹെഡ്മാസ്റ്റേഴ്സിന്റെ കൈയ്യിൽ കൊടുത്തുവിട്ടിരുന്നുവല്ലോ. ബഹു. വികാരിയച്ചൻമാരുടെ സമ്മതത്തോടെ എത്രയും പെട്ടെന്ന് കുട്ടികളുടെ കൈയ്യിൽ കൊടുത്ത് പൂരിപ്പിച്ച് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. ഓണപരീക്ഷ - സെപ്റ്റംബർ 10

ഓണപരീക്ഷ സെപ്റ്റംബർ 10-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷാചോദ്യപേപ്പർ 09-ാം തീയതി ഫൊറോനാകേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. **പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 10-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്ക് വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് തലേ ഞായറാഴ്ച്ച പള്ളിയിൽ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.** പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-3 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | ഭാഗം 1:1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ |
| | ഉപപാഠപുസ്തകം | 1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

## 2. ജനറൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ കൊടു

ത്തിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

### 3. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് 8 പേജുകളും വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ, സാംസ്കാരിക രംഗത്തെ സംഭാവനകൾ, ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ എന്ന മൂന്ന് അധ്യായങ്ങളും ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

### 4. ആസ്പെക്ട്

2017-2018 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് **'ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും'** എന്ന ഭാരതസഭാചരിത്ര ഗ്രന്ഥമാണ്. കഴിഞ്ഞ വർഷം പഠിച്ച പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് ഈ വർഷം പഠിക്കാനുള്ളത്. കഴിഞ്ഞ വർഷം പുസ്തകം വാങ്ങിക്കാത്തവർ ഈ വർഷം വാങ്ങേണ്ടതാണ്.

### 5. ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. ഫൊറോനാകമ്മിറ്റികൂടി ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾക്ക് ഫൊറോനാ ഡയറക്ടർ അച്ചൻ നേതൃത്വം കൊടുക്കുമല്ലോ. ഈ വർഷത്തെ ധ്യാനത്തിന് നേതൃത്വം കൊടുക്കുന്നത് ബഹു. സോണി വടശ്ശേരി അച്ചനും ടീമംഗങ്ങളുമാണ്. ടീമിനെ ക്രമീകരിക്കാൻവേണ്ടി ബഹു. സോണി വടശ്ശേരി അച്ചനുമായി ബന്ധപ്പെടുമല്ലോ. നവംബർ 30നകം എല്ലാ ഫൊറോനകളിലും ധ്യാനങ്ങൾ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

### 6. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അധ്യാപകർക്കായി നടത്തേണ്ട ആദ്യത്തെ സെമിനാർ ഇതിനോടകം എല്ലാ ഫൊറോനകളിലും നടന്നു കഴിഞ്ഞു. ക്ലാസുകൾ നയിച്ചവർക്കും ഫൊറോന കേന്ദ്രങ്ങളിൽ ക്ലാസുകൾ ക്രമീകരിക്കാൻ നേതൃത്വം കൊടുത്ത ബഹു. ഫൊറോന വികാരിയച്ചന്മാർക്കും ഫൊറോന കമ്മിറ്റി അംഗങ്ങൾക്കും

പ്രത്യേകം നന്ദി. രണ്ടാമത്തെ സെമിനാർ "ഭാരത കത്തോലിക്കാസഭ ഇന്നലെയും ഇന്നും" (ആസ്പെക്ട് ടെക്സ്റ്റ്) എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിന്റെ ക്ലാസ് ആയിരിക്കും.

**7. ആദരാഞ്ജലികൾ**

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട വരക്കാട് സൺഡേ സ്കൂൾ അധ്യാപികയായിരുന്ന മേരി കണിപ്പള്ളിൽ ടീച്ചറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 24 വർഷക്കാലം സൺഡേ സ്കൂൾ അധ്യാപിക എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. മേരി ടീച്ചറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

## ബധിര - മൂകർക്കായുള്ള ധ്യാനം

കേൾവി - സംസാര വൈകല്യമുള്ളവർക്കായുള്ള ഒരു ധ്യാനം പരിയാരം മദർഹോമിൽവച്ച് ബഹു. ജോർജ് കളരിമുറി അച്ചന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 16-ാം തീയതി രാവിലെ 10 മണി മുതൽ 17-ാം തീയതി ഉച്ചയ്ക്ക് 2 മണി വരെ നടത്തുന്നു. ഇടവകയിൽ ഇത്തരത്തിലുള്ള ആളുകൾ ഉണ്ടെങ്കിൽ അതിൽ സംബന്ധിക്കാനായി പറഞ്ഞയക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. 300 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് ഇളവ് കൊടുക്കാവുന്നതാണ്. അഭിവന്ദ്യ പിതാവായിരിക്കും ധ്യാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നത്.

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് രൂപതാതല പരീക്ഷ

ലോഗോസ് പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ പൂർത്തിയായി രജിസ്റ്റർ ചെയ്ത എല്ലാവർക്കും രജിസ്ട്രേഷനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച ബഹു. വികാരിയച്ചൻമാർക്കും വേദപാഠം ഹെഡ്മാസ്റ്റേഴ്സിനും പ്രത്യേകം നന്ദി. ഈ വർഷത്തെ അതിരൂപതാതല ലോഗോസ് പരീക്ഷ സെപ്റ്റംബർ 24ന് ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. പരീക്ഷയ്ക്കായുള്ള ചോദ്യ പേപ്പറുകളും ഉത്തരക്കടലാസുകളും സെപ്റ്റംബർ 22 ശനിയാഴ്ച ഫൊറോന കേന്ദ്രങ്ങളിലെത്തിക്കുന്നതാണ്. സെന്ററുകളിലെ കോർഡിനേറ്റർക്ക് 23-ാം തീയതി രാവിലെ 10 മണിമുതൽ ഇവ കൈപ്പറ്റാവുന്നതാണ്.

## 2. ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയം

നേരത്തെ അറിയിച്ചിരുന്നതുപോലെ ലോഗോസ് പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഇടവകാതലത്തിലാണ് മൂല്യനിർണ്ണയം നടത്തുന്നത്. സെപ്റ്റംബർ 30, ഒക്ടോബർ-1 തീതികളിലായി ഫൊറോനാ സെന്ററുകളിൽ ഓരോ ഇടവകയിലെയും പരീക്ഷയുടെ ഉത്തരവാദിത്വമുള്ളവർ ഒരുമിച്ച് കൂടുമ്പോൾ ഉത്തരസൂചിക വിതരണം ചെയ്യുന്നതാണ്. ഓരോ ഗ്രൂപ്പിലെയും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേരുടെ മാർക്കുകളും ഉത്തരക്കടലാസുകളും രൂപതാ ബൈബിൾ ഓഫീസിൽ ഒക്ടോബർ 14ന് മുൻപ് എത്തിക്കേണ്ടതാണ്. ഇടവകയിൽ ഒക്ടോബർ 8-ാം തീയതി പരീക്ഷ എഴുതിയവരുടെ മാർക്കുകൾ പ്രസിദ്ധം ചെയ്യേണ്ടതാണ്.

| ഈ വർഷത്തെ പഠനഭാഗങ്ങൾ | |
|---|---|
| സംഖ്യ | 22 - 36 |
| സുഭാഷിതങ്ങൾ | 21 - 31 |
| മത്തായിയുടെ സുവിശേഷം | 1 - 9 |
| വെളിപാട് | 4 - 9 |

## 3. ലോഗോസ് ക്വിസ് 2017 രജിസ്ട്രേഷൻ

| *Forane - Parishes* | *Total No.* |
|---|---|
| **Alakode** | 444 |
| Arivilanjapoil | 98 |
| Jayagiri | 56 |
| Karthikapuram | 182 |
| Kuttaparamba | 96 |
| Mampoil | 72 |
| Manakkadave | 178 |
| Nellippara | 211 |
| Ottathai | 130 |
| Parappa | 168 |
| Udayagiri | 89 |

| | |
|---|---|
| Vijayagiri | 118 |
| Cheekkad | 39 |
| **Chemperi** | 788 |
| Areekamala | 128 |
| Deepagiri | - |
| Kudianmala | - |
| Lissigiri | 163 |
| Nellikkutty | 278 |
| Ponmala | 72 |
| Pottenplavu | 149 |
| Pulikkurumba | - |
| Rathnagiri | 123 |
| Kanakakkunnu | 76 |
| Pooparamba | 87 |
| **Chempanthotty** | 590 |
| Cheparamba | 60 |
| Karayathumchal | 90 |
| Kottoor | 163 |
| Kottoorvayal | 48 |
| Mandalam | 195 |
| Vennakkallu | - |
| Vilakkannur | 270 |
| Naduvil | 111 |
| Nellikkunnu | 40 |
| Sreekandapuram | 96 |
| **Cherupuzha** | 284 |
| Aravanchal | - |
| Choorappadave | 73 |
| Josegiri | 82 |
| Koluvally | 125 |
| Kozhichal | 198 |
| Pulingome | 337 |
| Rajagiri | 123 |
| Thabore | - |
| Thirumeni | 275 |
| Mulapra | 142 |
| Ummarpoil | 64 |
| **Edoor** | 637 |
| Chedikulam | - |
| Edappuzha | 91 |
| Karikkottakkari | 418 |
| Keezhppally | 141 |
| Mangode | 253 |
| Uruppumkutty | 79 |
| Vattiyara | 103 |
| Velimanam | 207 |
| **Vayattuparamba** | 354 |
| Alphonsagiri | 65 |
| Karunapuram | 224 |
| Karuvanchal | 281 |
| Mavumchal | 58 |
| Pathenpara | 71 |
| Vellad | 321 |
| Vijayapuram | 107 |
| Thadikkadave | 138 |
| **Kunnoth** | 203 |
| Angadikkadave | 377 |
| Charal | 153 |
| Edakkanam | 24 |
| Kacherikkadave | 151 |
| Kilianthara | 188 |
| Madathil | - |
| Mudayaranji | 67 |
| Palathinkadave | 54 |
| Peratta | 171 |
| Perinkiri | 87 |
| Randamkadave | 124 |
| Vaniyappara | 79 |
| Nazarath Convent | 45 |
| Anapanthy | - |
| **Paisakkary** | 488 |
| Adampara | - |
| Chandanackampara | 25 |
| Chundapparambu | 146 |
| Ettupara | 134 |
| Josemount | 109 |
| Vembuva | 147 |
| Shimoganagar | - |
| Mutharikulam | 72 |
| Padamkavala | 56 |
| Payyavoor | - |
| **Nellickampoil** | 271 |
| Anara | 87 |
| Arabi | 58 |
| Iritty | 147 |
| Kalanki | 142 |

| | |
|---|---|
| Kalluvayal | 141 |
| Kanjirakolly | 126 |
| Manikkadave | 214 |
| Manippara | 198 |
| Mattara | 188 |
| Mundanoor | 123 |
| Padiyoor | 78 |
| Puravayal | 252 |
| Santhinagar | 86 |
| Thermala | - |
| Ulickal | 210 |
| Vilamana | 73 |
| **Peravoor** | 609 |
| Aryaparambu | 121 |
| Chengome | 123 |
| Chettiyaparambu | 125 |
| Edathotty | 38 |
| Kanichar | 228 |
| Kallumuthirakkunnu | 105 |
| Kolakkadu | 242 |
| Kolayadu | 145 |
| Melmuringodi | 53 |
| Nedumpuramchal | 143 |
| Nirmalagiri | 85 |
| Odenthode | 186 |
| Perumpunna | 160 |
| Poolakkutty | 79 |
| Rajamudy | 90 |
| Vazhamala | - |
| Thokkilangady | 37 |
| Mattannur | 22 |
| Madappurachal | 40 |
| Manhalampuram | 104 |
| **Panathady** | 249 |
| Adottukkaya | 63 |
| Kottody | 130 |
| Manadukkam | 99 |
| Marypuram | 166 |
| Padimaruthu | 124 |
| Paduppu | 361 |
| Panathoor | 210 |
| Santhigiri-Kallar | 132 |
| Kodom | - |
| Elukochi | 29 |
| **Thomapuram** | 696 |
| Athirumavu | - |
| Ayannur | - |
| Bedoor | - |
| Chattamala | 197 |
| Chavaragiri | 74 |
| Kadumeni | 235 |
| Kamballoor | - |
| Kannivayal | 250 |
| Kavumthala | 118 |
| Kulineer | 16 |
| Kunnumkai | 166 |
| Mandapam | - |
| Palavayal | 1800 |
| Thayyeni | 124 |
| Varakkadu | 119 |
| **Marygiri** | **-** |
| Cherupara | 130 |
| Edakkome | - |
| Kariyapally | 157 |
| Perumpadave | - |
| Rayarome | - |
| Vellariyanam | 81 |
| Vimalassery | 105 |
| Pachani | 107 |
| Kodoppally | - |
| Perigala | 79 |
| **Padannakkad (**Kanhangad) | 334 |
| Badiyadukka | 207 |
| Chayoth | 26 |
| Cheemeni | 76 |
| Delampady | - |
| Ennappara | 207 |
| Kalichanadukkam | 137 |
| Kasargod | - |
| Mulleria | 82 |
| Nileshwar | 51 |
| Periya | - |
| Udayapuram | 31 |
| Nelliyadukkam | - |
| Kanhangad | 86 |
| Kanjiradukkam | 123 |
| Poinachi | 67 |
| Kodoth | - |
| Hosangadi | 72 |

| | |
|---|---|
| **Vellarikkundu** | 487 |
| Amalagiri | - |
| Anamanjal | - |
| Attakkandam | 98 |
| Balal | 175 |
| Bheemanady | 417 |
| Birikkulam | 96 |
| Chully | - |
| Karunapuram | 75 |
| Konnakkad | 158 |
| Malome | 138 |
| Nattakkal | - |
| Puncha | 81 |
| Punnakkunnu | 117 |
| Vimalagiri | 158 |
| Kalichamaram | 54 |
| Kanakappally | 73 |
| Paramba | 99 |
| **Thalipparamba** | 227 |
| Balesugiri | - |
| Neduvaloor | 68 |
| Kannur | 215 |
| Melechovva | 239 |
| Payyannur | 125 |
| Pariyaram | 507 |
| Thalassery | - |
| ***Total*** | ***30117*** |

## 4. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| 10.9.2017 | ആലക്കോട്<br>ചെമ്പന്തൊട്ടി<br>ചെമ്പേരി<br>ചെറുപുഴ<br>എടൂർ<br>ഇരിട്ടി<br>പടന്നക്കാട്<br>പൈസക്കരി<br>പനത്തടി<br>പേരാവൂർ<br>തളിപ്പറമ്പ്<br>തോമാപുരം<br>കരുവഞ്ചാൽ<br>വെള്ളരിക്കുണ്ട് | 2.30 – 4.30 | ദെവശാസ്ത്ര പ്രവേശിക<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം |
| 16.09.17 | ജയ്മാതാ പ്രൊവിൻസ്, ഇടുക്കി | 9.30 – 4.30 | സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>പഞ്ചഗ്രന്ഥിയുടെദൈവശാസ്ത്രം |
| | കോയിപ്പള്ളി S D | 9.30 – 4.30 | സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>ഗ്രീക്ക് ഭാഷാപഠനം |
| 17.9.2017 | തലശ്ശേരി | 2.30 – 4.30 | ദൈവശാസ്ത്ര പ്രവേശിക<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം |

## 5. ദൈവശാസ്ത്രവിദ്യാർത്ഥികളുടെ പരീക്ഷാക്രമം

| | |
|---|---|
| ദൈവശാസ്ത്ര പ്രവേശിക | – 01.10.2017 (2.30–4.30) |
| സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം | – 22.10.2017 (2.30–4.30) |

## 6. പ്രത്യേക അറിയിപ്പ്

തലശ്ശേരി അതിരൂപതയിലെ മതാദ്ധ്യാപകർക്ക് വേണ്ടിയുള്ള ദൈവശാസ്ത്ര പഠനത്തിന്റെ ഫീസിൽ BTh വിദ്യാർത്ഥികൾക്ക് 2500 രൂപയും MTh വിദ്യാർത്ഥികൾക്ക് 3000 രൂപയുമായി ഇളവ് നല്കുന്നു. യഥാർത്ഥ കോഴ്സ് ഫീസ് 4000 രൂപയാണ്. ല്യൂമെൻ എക്ലേസിയായുടെ പരീക്ഷകൾക്ക്, പരീക്ഷാഫീസായി 10 രൂപ എന്നത് 15 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ല്യൂമെൻ എക്ലേസിയ പരീക്ഷകൾ കുറ്റമറ്റരീതിയിൽ നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റുകൾ നല്കുന്നതാണ്. ഇനിമുതൽ എല്ലാ പരീക്ഷകൾക്കും ഹാൾ ടിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഒരു സെമസ്റ്ററിലെ മുഴുവൻ പരീക്ഷാ ഫീസ് ഒന്നിച്ച് അടക്കുന്ന വിദ്യാർത്ഥികൾക്ക് ഹാൾ ടിക്കറ്റുകൾ ലഭ്യമാണ്. പണം അടക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫായുടെ Website -ൽ നിന്നും നേരിട്ട് ഹാൾ ടിക്കറ്റുകൾ പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്.

## 7. ശാലോം ദൈവശാസ്ത്ര ക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| **സെപ്റ്റംബർ** | | | |
|---|---|---|---|
| വെള്ളി | 1,8,15,22,29 | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ശനി | 2,9,16,23,30 | രാത്രി 12.00 | ദൈവശാസ്ത്രബിരുദം (ഗൾഫ് എഡിഷൻ) |
| ഞായർ | 3,10,17,24 | രാത്രി 7.30 | ദൈവശാസ്ത്രബിരുദാനന്തരബിരുദം |
| ബുധൻ | 6,13,20,27 | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ) |
| **ആവർത്തനം** | | | |
| ബുധൻ ഉച്ച -2.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം | | | |

## 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും

സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സെപ്റ്റംബർ 3,10,17,24 (ഞായർ) | 21.00 – 22.00 (09.00 10.00 pm) |
| സെപ്റ്റംബർ 5,12,19,26 (ചൊവ്വ) | 21.00 – 22.00 (09.00 10.00 pm) |
| സെപ്റ്റംബർ 1,8,15,22,29 (വെള്ളി) | 21.00 – 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കി നടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട്ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

## 9. പുതിയ ആൽഫാ ദൈവശാസ്ത്ര സെന്ററുകൾ

ദൈവശാസ്ത്രപഠനത്തിനായി 3 പുതിയ സെന്ററുകൾ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിരിക്കുന്നു.

| | | |
|---|---|---|
| FCC പ്രൊവിൻസ് | - | മാനന്തവാടി |
| FCC അസീസ്സി പ്രൊവിൻസ് | - | ആലുവ |
| അബുദാബി | - | മുസാഫി |

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരായ കൂട്ടുകാരേ,

ഉത്ഭവപാപമില്ലാതെ, കർമ്മപാപത്തിന്റെ കറയേൽക്കാതെ വാക്കിലും, പ്രവൃത്തിയിലും പരിശുദ്ധി പാലിച്ച പരി. അമ്മയുടെ പിറവിത്തിരുനാളിനായി ഒരുങ്ങുമ്പോൾ നമ്മുടെ പരിത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി മനോഹരമായ ഒരു പിറന്നാൾ സമ്മാനം അമ്മയ്ക്ക് സമ്മാനിക്കാം. മുള്ളുകളുടെ ഇടയിൽ ലില്ലിപുഷ്പം എന്നപോലെ, അന്ധകാരം നിറഞ്ഞലോകത്തിൽ ക്ഷമയുടെയും, എളിമയുടെയും പൊൻവെളിച്ചമായി ഉദിച്ച പരിശുദ്ധ അമ്മയെപോലെ വാക്കുകളിലും, പ്രവൃത്തികളിലും, നന്മയുടെയും, സ്നേഹത്തിന്റെയും പരിമളംപരത്തി വിശുദ്ധിയുടെ വഴിയെ മുന്നേറുവാൻ ഈ പിറവിതിരുനാൾ നിമിത്തമാകട്ടെയെന്ന് ആശംസിക്കുന്നു... പ്രാർത്ഥിക്കുന്നു...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | മാതാവിന്റെ പിറവിതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. മദർ തെരേസ, വി. മത്തായി, വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാനിയോഗം | : | അധ്യാപകർക്കുവേണ്ടി |
| സുകൃതജപം | : | ഈശോയുടെ തിരുവിലാവിലെ വെള്ളമേ എന്നെ കഴുകണമേ |
| സപ്തതി സുകൃതം | : | 70 നന്മനിറഞ്ഞമറിയം |

## ശാഖകൾ ശ്രദ്ധിക്കാൻ

1 വെള്ളി : എട്ട് നോമ്പാരംഭം, പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി എട്ട് നോമ്പാചരിക്കുക.

5. ചൊവ്വ : കാരുണ്യദിനം വി. മദർതെരേസയുടെ തിരുനാൾ, അധ്യാപക ദിനം, അഗതിമന്ദിര സന്ദർശനം

8 വെള്ളി : മാതാവിന്റെ ജനനതിരുനാൾ

9 ശനി : മിഷൻലീഗ് സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 19-ാം ചരമവാർഷികം. ബാഡ്ജ് ധരിച്ച് വി. ബലിയിൽ സംബന്ധിക്കുക, പൊതുദിവ്യകാരുണ്യസ്വീകരണം, അസാധാരണ സമ്മേളനം.

**മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, മേഖലാകലോത്സവം

എം.റ്റി.സി. ഒന്നാംക്ലാസ്സ്

30 ശനി : മേഖലാ കലോത്സവത്തിൽ ഒന്നാംസ്ഥാനം ലഭിച്ചവരുടെ ലിസ്റ്റ് അതിരൂപതയിൽ എത്തിക്കേണ്ട അവസാന തീയതി.

## സംസ്ഥാന സാഹിത്യമത്സരവും സാഹിത്യശില്പശാലയും

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നുംരണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 21-ാം തീയതി കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ സെപ്റ്റംബർ 21-ാം തീയതി 9.30ന് ശ്രീപുരം പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

സെപ്റ്റംബർ 20-ാം തീയതി വൈകിട്ട് 6 മണിയോടെ തലശ്ശേരി സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്. അവർക്കുവേണ്ടി ബഹു. മാർട്ടിൻ പറപ്പള്ളിയാത്ത് അച്ചന്റെ നേതൃത്വത്തിൽ സാഹിത്യരചന പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

## അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാബൈബിൾ കലോത്സവം ഒക്ടോബർ 14 ശനിയാഴ്ച ചെമ്പേരിയിൽവച്ച് നടക്കുന്നതായിരിക്കും. മേഖലാതല മത്സരത്തിൽ ഓരോ വിഭാഗത്തിലും ഒന്നാംസ്ഥാനം നേടുന്ന ഒരു ആൺകുട്ടിയുടെയും ഒരു പെൺകുട്ടിയുടെയും ലിസ്റ്റ് അതിരൂപതയിൽ നിന്ന് നല്കിയിരിക്കുന്ന ഫോറത്തിൽ ഇംഗ്ലീഷ് ക്യാപിറ്റൽ ലെറ്ററിൽ കൃത്യതയോടെ പൂരിപ്പിച്ച് സെപ്റ്റംബർ 30-ാം തീയതിക്കുള്ളിൽത്തന്നെ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## അതിരൂപതാ കൗൺസിൽ വാർഷികം

മിഷൻലീഗ് അതിരൂപതാ കൗൺസിലും വാർഷികവും ഒക്ടോബർ 2-ാം തീയതി തിങ്കളാഴ്ച ഉളിക്കലിൽ വെച്ച് നടത്തുന്നു. കഴിഞ്ഞ പ്രവർത്തനവർഷം അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും ഈ വാർഷികാഘോഷ സമ്മേളനത്തിൽവച്ച് നല്കുന്നതായിരിക്കും. മുഴുവൻ ശാഖാ-മേഖലാഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 9 മണിക്ക് വി. കുർബാനയോടെ പരിപാടികൾ ആരംഭിക്കുന്നതായിരിക്കും. കൗൺസിലിൽ പങ്കെടുക്കുന്നവർ രജിസ്ട്രേഷൻ ഫീസ് 50 രൂപ അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

## മിഷൻഗെയിംസ്

ഒക്ടോബർ 28-ാം തീയതി രാവിലെ 9 മണിമുതൽ പൈസക്കരിയിൽ വെച്ച് മിഷൻഗെയിംസ് നടത്തുന്നു. മേഖലകളിലേയ്ക്ക് തന്നിരിക്കുന്ന മത്സര ഇനങ്ങളിൽ പങ്കെടുക്കുന്നവരുടെ കൃത്യമായ പേരുവിവരം സെപ്റ്റം. 30ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**മിഷൻഗയിംസ് മത്സരയിനങ്ങൾ**

100 മീറ്റർ ഓട്ടം - സബ്ജൂനിയർ/ജൂനിയർ/സീനിയർ

Pottatto Raising - സബ്ജൂനിയർ വിഭാഗത്തിന് മാത്രം - ആൺ/പെൺ

800 മീറ്റർ ജൂനിയർ/സീനിയർ - ആൺ/പെൺ

4 x 100 മീറ്റർ റിലേ - 2 ടീം വീതം (ആൺ/പെൺ ഓരോ ഫൊറോനയിൽ നിന്നും)

ലോംഗ്ജംപ് - ജൂണിയർ/ സീനിയർ - ആൺ/പെൺ

ഷോർട്ട് പുട്ട് - സീനിയർ - ആൺ/പെൺ

മാരത്തോൺ ഓട്ടം - (3 ആൺ 3പെൺ വീതം ഓരോ മേഖലയിൽ നിന്നും)

**നിബന്ധനകൾ**

- വ്യക്തിഗത മത്സരങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ...
- 1 കുട്ടിക്ക് ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ ...
- റിലേ, ക്രോസ്കൺട്രി എന്നിവയിൽ ആർക്കും പങ്കെടുക്കാവുന്നതാണ്.
- അതിരൂപതയിൽ 5-ാം ക്ലാസ്സ്മുതൽ 12-ാം ക്ലാസ്സ് വരെ ഇപ്പോൾ പഠിക്കുന്നവർക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളൂ.
- അതിരൂപതയ്ക്ക് പുറത്ത് സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാൻ പാടില്ല.
- അംഗത്വകാർഡ് നിർബന്ധമാണ്.
- സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ.
- ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകമത്സരം ഉണ്ടായിരിക്കുന്നതാണ്.

## അധ്യാപകദിനം

സെപ്റ്റംബർ 5 ചൊവ്വാഴ്ച അധ്യാപകദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ അധ്യാപകദിനം മഞ്ഞളാംപുറം യു.പി. സ്കൂളിൽവച്ച് നടത്തുന്നതാണ്.

## അംഗത്വനവീകരണം

മുൻവർഷങ്ങളിൽ മിഷൻലീഗിൽ അംഗത്വം സ്വീകരിച്ച എല്ലാവരും ഒക്ടോബർ 1ന് വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടബന്ധിച്ച് അംഗത്വം നവീകരിക്കുമല്ലോ.

## അതിരൂപതാ വിഹിതങ്ങൾ

ഈ വർഷത്തെ വാർഷികവിഹിതവും (500 രൂപ) അംഗത്വഫീസും (ശാഖയിലെ എല്ലാ അംഗങ്ങൾക്കും 5 രൂപ വീതം) അടയ്ക്കാനുള്ളവരും, കഴിഞ്ഞവർഷത്തെ കുടിശ്ശിക അടയ്ക്കാനുള്ളവരും അതിരൂപതാ കലോത്സവത്തിനുമുമ്പ് അടച്ച് സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## മിഷൻപച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 10ന് മുമ്പ് അതിരൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ട താണ്.

## കാരുണ്യദിനം സെപ്റ്റംബർ 5

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതി മന്ദിരങ്ങൾ സന്ദർശിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികളും സഹായങ്ങളും ചെയ്യുവാനും ശ്രദ്ധിക്കുമല്ലോ. അതിരൂപതാതലത്തിൽ അന്നേദിവസം കണിച്ചാർ ശിശുഭവനിൽവച്ച് കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

## അതിരൂപതാമാനേജിംഗ്കമ്മിറ്റി-ജൂണിയർ ഭാരവാഹികളുടെ ഇലക്ഷൻ-കുഞ്ഞേട്ടൻ അനുസ്മരണം

2017 ജൂലൈ 29 തീയതി രാവിലെ 9.30ന് തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന അതിരൂപതാ മാനേജിംഗ് കമ്മിറ്റിയിൽ 88 പേർ പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടത്തിൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ അതിരൂപതാ ജോ. സെക്രട്ടറി ഷേർളി പാമ്പനാൽ റിപ്പോർട്ടും സെക്രട്ടറി ശ്രീ സുനിൽ കല്ലിടുക്കിൽ കണക്കും അവതരിപ്പിച്ചു. തുടർന്ന് ചെറുപുഷ്പമിഷൻലീഗ് സ്ഥാപകപിതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 8-ാം ചരമവാർഷികാനുസ്മരണം റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ നടന്നു. ചടങ്ങിൽ ജല സമൃദ്ധി സ്റ്റിക്കർ പ്രകാശനം സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടം നിർഹിച്ചു. തുടർന്നു നടന്ന ഗ്രൂപ്പ് ചർച്ചയിൽ ഓരോ മേഖലയിലും മിഷൻലീഗ് പ്രവർത്തനങ്ങൾ എങ്ങനെ നടക്കുന്നു. തടസ്സങ്ങൾ, പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ചർച്ചചെയ്ത് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടത്തിന്റെ ക്ലാസ്സും അതിരൂപത ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. അതിരൂപതാഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് സ്വാഗതവും ശ്രീ ജെയ്സൺ മർക്കോസ് നന്ദിയും പറഞ്ഞു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് അവസാനിച്ചു.

## അതിരൂപതാ ജൂനിയർ ഭാരവാഹികൾ

പ്രസിഡന്റ് : ജോസഫ് വടക്കേക്കര-(ഉളിക്കൽ) വൈസ് പ്രസിഡന്റ് : ആൻസ്ലിൻ (ചാവറഗിരി) സെക്രട്ടറി : അക്ഷയ് ചിറത്തലയാട്ട് (മുണ്ടാനൂർ) ജോ. സെക്രട്ടറി : ആൻമരിയ ചിറക്കൽ കൂവേലിൽ (പേരാവൂർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**അൽഫോൻസക്വിസ്**

ജൂലൈ 29-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് അതിരൂപതാ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് സെന്റ്മേരീസ് ദേവാലയ ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാതല അൽഫോൻസക്വിസ് മത്സരം നടത്തപ്പെട്ടു. 16 മേഖലയിൽ നിന്നുമായി 48 കുട്ടികൾ പങ്കെടുത്തു. കുന്നോത്ത്, ചെമ്പന്തൊട്ടി, ചെറുപുഴ എന്നീ മേഖലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത കൊച്ചുകൂട്ടുകാർക്ക് പ്രത്യേക അഭിനന്ദനങ്ങൾ... വിജയികൾക്ക് തെക്കേക്കണ്ടത്തിൽ കുരുവിള-അന്നമ്മ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും നല്കി.

**കുഞ്ഞേട്ടൻ അനുസ്മരണം**

ഓഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച ചെമ്മലമറ്റത്ത്വച്ച് നടന്ന കുഞ്ഞേട്ടൻ അനുസ്മരണ സമ്മേളനത്തിൽ അതിരൂപതാഭാരവാഹികൾ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

ഓഗസ്റ്റ് 4-ാം തീയതി വിയാനിഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിന്റെയും ശാഖാ - മേഖലാഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹു. വൈദികരെ സന്ദർശിച്ച് ആശംസകളർപ്പിക്കുകയും പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു. ശാഖാ-മേഖല-രൂപത ഡയറക്ടർ അച്ചന്മാരെയും അഭിവന്ദ്യ പിതാക്കന്മാരെയും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ച ബഹു. വൈദികരെയും സന്ദർശിച്ച് ആശംസകളർപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും നേതൃത്വം നല്കുകയും ചെയ്ത ബഹു. ശാഖാ-മേഖലാ വൈസഡയ്കടർ സിസ്റ്റേഴ്സിനും മേഖലാ ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും...

**ദിയാക്കോണിയ**

അതിരൂപതയിലെ ഭക്തസംഘടനാ പ്രവർത്തനങ്ങൾ ഉജ്ജ്വലിപ്പിക്കുന്നതിന്റെ ഭാഗമായി 22.07.17ന് ഇരിട്ടി ദേവാലയത്തിൽവച്ച് നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത് മേഖലകളിലെ സംഘടനാഭാരവാഹികൾക്കായും 5.8.17ന് ആലക്കോട് ദേവാലയത്തിൽവച്ച് വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി മേഖലകളിലെ സംഘടനാഭാരവാഹികൾക്കായും 19.8.17ന് ചെറുപുഴ ദേവാലയത്തിൽവച്ച് ചെറുപുഴ, തോമാപുരം മേഖലകളിലെ സംഘടനാ ഭാരവാഹികൾക്കായും രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നേതൃത്വപരിശീലനക്യാമ്പ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗുകൾക്ക് റവ. ഫാ. സ്കറിയ വടശ്ശേരി, റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, റവ. ഫാ. ജോബി കോവാട്ട് എന്നിവർ നേതൃത്വം നല്കി.

കൂടാതെ മോൺ. റവ. ഡോ. ജോസഫ് പാംപ്ലാനി നയിച്ച ഓറിയന്റേഷൻ ക്ലാസ്സ് സംഘടനാഭാരവാഹികളെ കൂടുതൽ നേതൃത്വഗുണമുള്ളവരാക്കി. ക്ലാസ്സിനുശേഷം കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചനടത്തുകയും അതിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സംഗമത്തിൽ സഹകരിച്ച എല്ലാവർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

**ഓരോ മേഖലയിലും പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു**

**എടൂർ മേഖല**

ചെടിക്കുളം - 2
എടപ്പുഴ - 4
എടൂർ - 7
കരിക്കോട്ടക്കരി - 1
കീഴ്പ്പള്ളി - 4
മാങ്ങോട് - 3
ഉരുപ്പുംകുറ്റി - 3
വട്ട്യറ - 4
വെളിമാനം - 2

**കുന്നോത്ത് മേഖല**

പെരിങ്കരി - 2
ആനപ്പന്തി - 1
മുടയരഞ്ഞി - 4
രണ്ടാംകടവ് - 6
അങ്ങാടിക്കടവ് - 7
പേരട്ട - 0
കുന്നോത്ത് - 2
ഇടക്കാനം - 2
വാണിയപ്പാറ - 5
ചരൾ - 3
കിളിയന്തറ - 0
പാലത്തിൻകടവ് - 0
കച്ചേരിക്കടവ് - 0
മാടത്തിൽ - 0

**നെല്ലിക്കാംപൊയിൽ മേഖല**

നെല്ലിക്കാംപൊയിൽ-7
ഇരിട്ടി - 4
തേർമല - 3
പടിയൂർ - 3
കാഞ്ഞിരക്കൊല്ലി - 1
മാട്ടറ - 4
ഉളിക്കൽ - 3
പുറവയൽ - 2
ആനറ - 5
മണിക്കടവ് - 5
മുണ്ടാനൂർ - 4
മണിപ്പാറ - 0
ശാന്തിനഗർ - 0
കല്ലുവയൽ - 1
വിളമന - 0
അറബി - 1
കാലാങ്കി - 0

**വായാട്ടുപറമ്പ് മേഖല**

വിജയപുരം - 6
വായാട്ടുപറമ്പ - 2
പാത്തൻപാറ - 4
അൽഫോൻസഗിരി- 2
വെള്ളാട് - 0
തടിക്കടവ് - 2
മാവുംചാൽ - 2
കരുവാൻചാൽ - 2
കരുണാപുരം - 1

**ആലക്കോട് മേഖല**

ആലക്കോട് - 5
വിജയഗിരി - 4
പരപ്പ - 3
ഉദയഗിരി - 3
മണക്കടവ് - 3
അരിവിളിഞ്ഞപൊയിൽ- 0
കുട്ടാപറമ്പ - 4
ചീക്കാട് - 3
മാമ്പൊയിൽ - 2
കാർത്തികപുരം - 3
ജയഗിരി - 3
ഒറ്റത്തൈ - 2
നെല്ലിപ്പാറ - 4

**മേരിഗിരിമേഖല**

കാര്യപ്പള്ളി - 1
മേരിഗിരി - 7
കോടോപ്പള്ളി - 2
പെരുമ്പടവ് - 0
എടക്കോം - 0
വിമലശ്ശേരി - 0
പെരിങ്ങാല - 3
പച്ചാണി - 2
രയരോം - 2
വെള്ളരിയാനം - 0
ചെറുപാറ - 2

**തോമാപുരം മേഖല**

അതിരുമാവ് - 0
ആയന്നൂർ - 0
ബഡൂർ - 0
ചട്ടമല - 3
ചാവറഗിരി - 3
കടുമേനി - 3
കമ്പല്ലൂർ - 0
കണ്ണിവയൽ - 0
കാവുംന്തല - 3
കുന്നുംകൈ - 0

| | | | | | |
|---|---|---|---|---|---|
| മണ്ഡപം | - | 3 | കോലുവള്ളി | - | 1 |
| പാലാവയൽ | - | 0 | കോഴിച്ചാൽ | - | 0 |
| തയ്യേനി | - | 3 | മുളപ്ര | - | 0 |
| തോമാപുരം | - | 6 | പാടിയോട്ടുചാൽ | - | 4 |
| വരക്കാട് | - | 1 | പുളിങ്ങോം | - | 4 |
| **ചെറുപുഴ മേഖല** | | | രാജഗിരി | - | 4 |
| അരവഞ്ചാൽ | - | 1 | ഉമ്മറപൊയിൽ | - | 1 |
| ചെറുപുഴ | - | 1 | താബോർ | - | 2 |
| ജോസ്ഗിരി | - | 1 | തിരുമേനി | - | 3 |
| | | | ചുരപ്പടവ് | - | 3 |

## സെപ്റ്റംബർ മാസത്തിലെ റീജണൽ മീറ്റ്

സെപ്റ്റംബർ 2 - പേരാവൂർ

,, 16 - തളിപ്പറമ്പ്

## കുഞ്ഞേട്ടൻ അനുസ്മരണം

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ.പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ എട്ടാം ചരമവാർഷികവും അനുസ്മരണവും തലശ്ശേരി അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ആര്യപ്പറമ്പ് ഫാത്തിമ മാതാ ശാഖയിൽ വെച്ച് നടത്തി. അതിരൂപതാഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് 'കുഞ്ഞേട്ടനും ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ ആരംഭവും വളർച്ചയും' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ജോയൽ കിഴക്കേടത്ത്, സെറ്റൻ ലൂക്കോസ് മുണ്ടക്കാട്ട്, സഞ്ചയ് മുണ്ടക്കാട്ട് എന്നിവർ കുഞ്ഞേട്ടന്റെ വേഷംധരിച്ച് അനുസ്മരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ആര്യപ്പറമ്പ് ശാഖാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, വൈസ് ഡയറക്ടർ സി. ഗ്രേസ് മൈക്കിൾ എംഎസ്എംഐ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ബേബി മറ്റത്തിനാനി എന്നിവർ പ്രസംഗിച്ചു. അലക്സിയ കിഴക്കേടത്ത്, ജോയൽ കിഴക്കേടത്ത്, സ്റ്റെൻ ലൂക്കോസ്, അന്നക്കുട്ടി പാറയ്ക്കൽ എന്നിവർ ദിനാചരണ സന്ദേശം നല്കി. കുട്ടികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

## മേഖലാവാർത്തകൾ

**വിയാനിഡേ :** വിയാനിഡേയോടനുബന്ധിച്ച് അതിരൂപതാ-മേഖലാ ഭാരവാഹികൾ അതാതുമേഖലകളിലെ ഡയറക്ടർ അച്ചന്മാരെയും ഫൊറോനവികാരിമാരെയും ആദരിച്ചു. കൂടാതെ മേഖലാഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖ ഡയറക്ടർമാർക്ക് ആശംസകൾ നേർന്നു.

## മേരിഗിരി മേഖല

30.7.17ന് മേരിഗിരി മേഖലയുടെ നേതൃത്വത്തിൽ എല്ലാശാഖയിലും തിരുവചന ചെപ്പ് എന്ന പരിപാടി. ആരംഭിച്ചു. കൂടാതെ എല്ലാ ആഴ്ചയിലും വചനസ്റ്റാറിനെ കണ്ടെത്തി സമ്മാനം കൊടുക്കുന്ന പരിപാടിയും ആരംഭിച്ചു. ഓഗസ്റ്റ് മാസത്തെ ദൈവവിളി പ്രോത്സാഹനക്ലാസ്സ് പരമ്പര ചെറുപാറ പള്ളിയിൽവച്ച് നടത്തി. മേഖല ഡയറക്ടർ റവ. ഫാ. തോമസ് വാളിപ്ലാക്കൽ റവ. സി. ഗ്രെയ്സ് സിഎംസി, ശ്രീ. സിബി പാഴുപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. വള്ളോപ്പിള്ളിപിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് മേഖലാതലത്തിൽ നടത്തിയ 'കുഞ്ഞുങ്ങളുടെ സ്വന്തം പിതാവ്' എന്ന ചിത്രരചനാമത്സരത്തിൽ എല്ലാശാഖകളിൽനിന്നും കുട്ടികൾ പങ്കെടുത്തു.

## എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമം-എയ്ഞ്ചൽസ് മീറ്റ് 12.8.17ന് തളിപ്പറമ്പ് മേഖലയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് ആഘോഷമായ ദിവ്യബലിയ്ക്ക് നേതൃത്വം നല്കി. സി.എം.എൽ ബാഡ്ജ്, പ്രാർത്ഥനാപുസ്തകം, മാനുവൽ ബുക്ക് എന്നിവ നല്കി മിഷൻലീഗ് സംഘടനയിലേയ്ക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വീകരണ സർട്ടിഫിക്കറ്റ് നല്കുകയും ചെയ്തു. എയ്ഞ്ചൽസ്മീറ്റ് മനോഹരമായി ക്രമീകരിച്ച ഫൊറോന വികാരിയച്ചനും മേഖലാഡയറക്ടർ അച്ചനും, വൈസ് ഡയറക്ടേഴ്സിനും, മേഖലാഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## കുഞ്ഞേട്ടൻ അനുസ്മരണം

12.8.17ന് ശ്രീ.പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 8-ാം ചരമ വാർഷികാനുസ്മരണം നടത്തിയ എല്ലാ മേഖലാഡയറക്ടർമാർക്കും, മേഖലാഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ...

### ആദരാഞ്ജലികൾ

തോമാപുരം മേഖലാ മുൻഎക്സിക്യൂട്ടീവ് അംഗവും മതാധ്യാപികയുമായ മേരി കണിപ്പള്ളി, കാഞ്ഞങ്ങാട് മേഖലാ വൈസ് ഡയറക്ടർ സി. നീസാ മേരിയുടെ പിതാവ് ജോർജ് അനുവേലിൽ എന്നിവരുടെ വേർപാടിൽ അതിരൂപതയുടെ പേരിലുള്ള ആദരാഞ്ജലികൾ.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചു കൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവി തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

**'നിങ്ങൾക്കറിയമോ' വിജയികൾ**

I അനിറ്റ് ട്രീസ കുന്നത്ത്ശ്ശേരി - കൊളക്കാട്

II റോസ് ഡയാന പള്ളത്ത് - ചെറുപുഴ

III എയ്ഞ്ചൽ മനോജ് ചെറുതോട്ടിൽ - നെടുംപുറംചാൽ

**'നിറംകൊടുക്കാമോ' ജൂലൈമാസത്തെ വിജയികൾ**

I ഡായിനയൽ തോമസ് മഠത്തിൽ - പാടിയോട്ടുചാൽ

II ആദിൻജോസഫ് വട്ടക്കുന്നേൽ - പുലിക്കുരുമ്പ

III ലിപ്ന തെരേസ ലിജൊ - അൽഫോൻസഗിരി

**ഈശോയെപ്പോലെ ആലോചനയിൽ വളരാം:** സെപ്റ്റംബർ മാസത്തിൽ ഉണ്ണീശോയുടെ കൂട്ടുകാരായ കുഞ്ഞുങ്ങൾ ഉണ്ണീശോയെപ്പോലെ ആലോചനയിൽ വളരാൻ പരിശ്രമിക്കുകയാണ്... ഈശോ ഏതൊരു തീരുമാനത്തിനുമുമ്പും പരിശുദ്ധാത്മാവിനോട് ആലോചന ചോദിച്ചിരുന്നു... നമ്മുടെ കൊച്ചുജീവിതത്തിൽ നന്മയും തിന്മയും തിരിച്ചറിഞ്ഞ് നന്മയുടെ പാതയിലൂടെ ചരിക്കുവാൻ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. ഇതിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം...

**ആനിമെറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക് :** എല്ലാമാസവും ബുള്ളറ്റിനിൽ നല്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുമല്ലോ. ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലെ 'നിങ്ങൾക്കറിയാമോ' 'നിറംകൊടുക്കാമോ' എന്നീ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിച്ചതിന് അഭിനന്ദനങ്ങൾ. ജൂലൈ ഓഗസ്റ്റ് മാസത്തിൽ 200ഓളം കുട്ടിക ളുടെ മനോഹരമായ ചിത്രങ്ങളും അടിക്കുറിപ്പുകളും ഓഫീസിൽ ലഭിച്ചി രുന്നു. മത്സരത്തിൽ പങ്കെടുത്ത കൊച്ചുകൂട്ടുകാർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും. അവ പള്ളിയിൽ വച്ച് വികാരിയച്ചൻ മുഖേന നല്കി വീണ്ടും വചനം വായിക്കുവാനും പഠിക്കുവാനും കുട്ടികളെ പ്രോത്സാഹി പ്പിക്കുമല്ലോ.

തിരുബാലസഖ്യമത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കാൻ തുടങ്ങിക്കാണുമല്ലോ. മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്കുബുക്കിന്റെ 40 പേജിൽ നല്കിയിട്ടുണ്ട്. തിരുബാലസഖ്യ അതിരൂപതാ കലോത്സവം ഡിസംബർ മാസത്തിലോ ജനുവരി ആദ്യ ആഴ്ചയിലോ ആയിരിക്കും. അതിനുമുമ്പ് ശാഖാ മേഖലാതല മത്സരങ്ങൾ പൂർത്തിയാക്കുമല്ലോ.

സ്നേഹപൂർവ്വം, **ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**

അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

## അഗതിദിനം സെപ്റ്റംബർ 5

വി. മദർതെരേസ അനുസ്മരണത്തോടനുബന്ധിച്ച് എല്ലാ ഫൊറോന കളും, യൂണിറ്റുകളും ഏതെങ്കിലും അഗതിമന്ദിരം സന്ദർശിക്കുവാനും സാധിക്കുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുവാനും ശ്രദ്ധിക്കുമല്ലോ.

## അഗതിദിനം സംസ്ഥാനതലം സെപ്റ്റംബർ 3

സംസ്ഥാന അഗതി ദിനാചരണം കണ്ണൂർ രൂപതയുടെ ആതിഥേയ ത്വത്തിൽ ഹോളിമൗണ്ട് വാരം ദൈവാലയത്തിൽവച്ച് രാവിലെ 9 മണിയ്ക്ക് വി. ബലിയോടുകൂടി ആരംഭിക്കും.

## അഗതിദിനം അതിരൂപതാതലം

തലശ്ശേരി അതിരൂപതാ അഗതിമന്ദിരം സെപ്റ്റംബർ 5-ാം തീയതി രാവിലെ 10 മണിക്ക് പൈസക്കരി ഫൊറോനയുടെ ആതിഥേയത്വത്തിൽ വെമ്പുവ തെരേസഭവനിൽവച്ച് നടത്തപ്പെടുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുക.

## പരിഹാര റാലി

കണ്ണൂരിന്റെ സമാധാനത്തിന് പരിയാരം മദർഹോം ധ്യാനകേന്ദ്രത്തി ന്റെയും തലശ്ശേരി അതിരൂപതയിലെ വിവിധ സംഘടനകളുടെയും ആഭി മുഖ്യത്തിൽ സെപ്റ്റംബർ 9ന് തളിപ്പറമ്പിൽനിന്നും പയ്യന്നൂരു നിന്നും പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിലേക്ക് സമാധാന ജപമാല റാലി നടത്തപ്പെടുന്നു. ഇരിട്ടി -ചെമ്പേരി-ആലക്കോട് റീജിയണുകൾ തളിപ്പറമ്പിൽ നിന്നും കാസർഗോഡ് റീജിയൻ ഉൾപ്പെടുന്ന ഇടവകകൾ പയ്യന്നൂരു നിന്നും സമാധാനറാലിയിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. കെസിവൈഎം പ്രതിനിധികളെ പങ്കെടുപ്പിക്കാൻ ഫൊറോന ഡയറക്ടേഴ്സും ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഒരു യൂണിറ്റിൽനിന്നും 5 പേരെങ്കിലും പങ്കെടുക്കു മല്ലോ. കെസിവൈഎം ഫ്ളാഗ് കൊണ്ടുവരിക.

## ദിയാക്കോണിയ സെപ്റ്റംബർ 2, 16

തലശ്ശേരി അതിരൂപതയിലെ ഭക്തസംഘടനാ ഭാരവാഹികളുടെ റീജണൽ സമ്മേളനം ദിയാക്കോണിയ 2017. സെപ്റ്റംബർ 2ന് പേരാവൂർ ഫെറോനയിലും, സെപ്റ്റംബർ 16ന് തളിപ്പറമ്പ് ഫൊറോനയിൽവച്ചും നടത്തപ്പെടുന്നു. എല്ലാ യൂണിറ്റിലെയും ഭാരവാഹികളും ആനിമേറ്റേഴ്സും,

ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ റീജണൽ മീറ്റിൽ പങ്കെടുക്കാൻ സാധിക്കാത്ത എല്ലാ യൂണിറ്റുകളും പേരാവൂരും, പടന്നക്കാടും, തളിപ്പറമ്പിലുമായി പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വികാരി അച്ചന്മാരും ഫൊറോനഡയറക്ടേഴ്സും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മറ്റ് യൂണിറ്റുകളിൽ നിന്നും പങ്കെടുക്കുന്നവർ നേരത്തെ തന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**ദിയാക്കോണിയയിൽ പങ്കെടുത്തവർ - ജൂലൈ 22**

**എടൂർ മേഖല**

എടൂർ - 0
വട്ട്യറ - 0
കരിക്കോട്ടക്കരി - 0
എടപ്പുഴ - 0
വെളിമാനം - 1
കീഴ്പ്പള്ളി - 1
ചെടിക്കുളം - 1
മാങ്ങോട് - 2
ഉരുപ്പുംകുറ്റി - 4

**നെല്ലിക്കാംപൊയിൽ മേഖല**

പടിയൂർ - 0
മണിക്കടവ് - 0
മണിപ്പാറ - 0
ശാന്തിനഗർ - 0
കല്ലുവയൽ - 0
വിളമന - 0
ആനറ - 1
കാഞ്ഞിരക്കൊല്ലി - 1
മാട്ടറ - 2
ഇരിട്ടി - 3
ഉളിക്കൽ - 4
പുറവയൽ - 4
അറബി - 4
കാലാങ്കി - 4
മുണ്ടാനൂർ - 6
തേർമല - 6
നെല്ലിക്കാംപൊയിൽ -7

**കുന്നോത്ത് മേഖല**

ആനപ്പന്തി - 0
ഇടക്കാനം - 0
ചരൾ - 0
കിളിയന്തറ - 0
പാലത്തിൻകടവ് - 0
കച്ചേരിക്കടവ് - 0
മാടത്തിൽ - 0
അങ്ങാടിക്കടവ് - 1
കുന്നോത്ത് - 2
രണ്ടാംകടവ് - 2
പെരിങ്കരി - 3
പേരട്ട - 3
വാണിയപ്പാറ - 3
മുടയരഞ്ഞി - 4

**ആഗസ്റ്റ് 5**

**മേരിഗിരി മേഖല**

വിമലഗിരി - 0
പെരിങ്ങാല - 0
റയറോം - 0
വെള്ളരിയാനം - 0
കാര്യപ്പള്ളി - 1
കോടോപ്പള്ളി - 1
പച്ചാണി - 2
ചെറുപാറ - 2
എടക്കോം - 3
പെരുമ്പടവ് - 4
മേരിഗിരി - 5

**ആലക്കോട്**

പരപ്പ - 0
അരിവിളഞ്ഞപൊയിൽ-0
കാർത്തികപുരം - 1
കാപ്പിമല - 2
മാമ്പൊയിൽ - 2
ജയഗിരി - 2
കുട്ടാപറമ്പ് - 3
ചീക്കാട് - 3
ഒറ്റത്തൈ - 3
നെല്ലിപ്പാറ - 3
മണക്കടവ് - 5
ആലക്കോട് - 5
ഉദയഗിരി - 7

**വായാട്ടുപറമ്പ്**

വായാട്ടുപറമ്പ് - 0
പാത്തൻപാറ - 0
മാവുംചാൽ - 0
വിജയപുരം - 2
തടിക്കടവ് - 2
കരുവഞ്ചാൽ - 2
വെള്ളാട് - 3
കരുണാപുരം - 3
അൽഫോൻസഗിരി- 4

**ആഗസ്റ്റ് -19**

തോമാപുരം മേഖല

അതിരുമാവ് - 0
ആയന്നൂർ - 0
ബഡൂർ - 0
ചട്ടമല - 0
കമ്പല്ലൂർ - 0
പാലാവയൽ - 0
വരക്കാട് - 0
മണ്ഡപം - 1
തയ്യേനി - 1

| | | | | | | | |
|---|---|---|---|---|---|---|---|
| കുന്നുംകൈ | - 2 | **ചെറുപുഴ മേഖല** | | തിരുമേനി | - 3 |
| കടുമേനി | - 2 | ചൂരപ്പടവ് | - 0 | ജോസ്ഗിരി | - 3 |
| ചാവറഗിരി | - 3 | കോലുവള്ളി | - 0 | രാജഗിരി | - 4 |
| കണ്ണിവയൽ | - 4 | ഉമ്മറപൊയിൽ | - 0 | ചെറുപുഴ | - 5 |
| കാവുംതല | - 4 | കോഴിച്ചാൽ | - 1 | മുളപ്ര | - 5 |
| തോമാപുരം | - 6 | അരവഞ്ചാൽ | - 2 | പാടിയോട്ടുചാൽ | - 5 |
| | | താബോർ | - 2 | പുളിങ്ങോം | - 6 |

## പ്രചോദിനി (വനിതാക്യാമ്പ്)

കെസിവൈഎം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വനിതാക്യാമ്പ് പ്രചോദിനി 2017 സെപ്റ്റം. 29,30 ഒക്ടോ. 1 തീയതികളിലായി കാഞ്ഞിരപ്പള്ളി രൂപതയുടെ ആതിഥേയത്വത്തിൽ അമൽജ്യോതി കോളേജിൽവച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 15ന് മുമ്പ് ഓഫിസിൽ പേര് നല്കുക.

## ഗാന്ധിജയന്തി - സേവനദിനം ഒക്ടോബർ 2

ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് കെസിവൈഎംന്റെ നേതൃത്വത്തിൽ പാതയോരങ്ങളിലെ നെയിംബോർഡുകൾ കഴുകി വൃത്തിയാക്കുകയും കാടുമൂടിക്കിടക്കുന്നവ തെളിച്ചു വൃത്തിയാക്കുകയും ചെയ്യുക. ഏറ്റവും അടുത്തുള്ള കെഎസ്ആർടിസി ഡിപ്പോയിൽ ബന്ധപ്പെട്ട് അവിടുത്തെ ബസുക്കൾ ക്ലീൻ ചെയ്യുക.

സമീപപ്രദേശത്തെ പൊതു ആശുപത്രികളും, ആശുപത്രി പരിസരവും വൃത്തിയാക്കുക.

## യുവോത്സവ് 2017 (അതിരൂപതാ കലോത്സവം) ഒക്ടോ. 18

കെസിവൈഎം തലശ്ശേരി അതിരൂപതാ കലോത്സവം യുവോത്സവ്-2017 ഒക്ടോബർ 18ന് മേരിഗിരി ഫൊറോനയുടെ ആതിഥേയത്വത്തിൽ മേരിഗിരി ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽവച്ച് നടത്തപ്പെടുന്നു. അതിരൂപതയിലെ മുഴുവൻ കലാപ്രതിഭകളെയും യുവോത്സവ് -2017 ലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

- അഫിലിയേറ്റ് ചെയ്ത് അംഗത്വകാർഡ് കരസ്ഥമാക്കിയവർക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
- ഒക്ടോബർ 1ന് മുമ്പ് അതിരൂപതാ ഓഫീസിൽനിന്നും അംഗത്വ കാർഡ് കരസ്ഥമാക്കേണ്ടതാണ്.
- ശുപാർശ കത്തുകളും മറ്റും സ്വീകരിക്കുന്നതല്ല.

**കലാമത്സരങ്ങൾ നിയമാവലി (കലോത്സവ മത്സരങ്ങൾക്ക് പ്രായപരിധി 35 വയസ്സാണ്)**

**1. പ്രസംഗം :** 5 മിനിട്ട്. ഭാഷ മലയാളം. 5 മിനിട്ട് മുമ്പ് വിഷയം നല്കപ്പെടും.

2. **ലളിതഗാനം** (യുവാവ്/യുവതി) : 5 മിനിട്ട്, ക്രിസ്തീയ ഭക്തിഗാനങ്ങൾ ആയിരിക്കണം. ഹമ്മിംഗ് പാടാവുന്നതാണ്, സ്വരങ്ങൾ പാടില്ല, പല്ലവിയും അനുപല്ലവിയും പാടിയതിനുശേഷം വീണ്ടും പല്ലവി പാടി നിർത്തുക.

3. **സംഘഗാനം :** 7 മിനിട്ട്. അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയാനോ 7 പേരിൽ കൂടുകയോ ചെയ്യരുത് സംഗീതോപകരണങ്ങൾ പാടില്ല. ക്രിസ്തീയഗാനങ്ങൾ ആയിരിക്കണം. സിനിമാഗാനം, ക്ലാസ്സിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. സ്വരങ്ങൾ പാടാവുന്നതാണ്.

4. **സംവാദം :** 10 മിനിട്ട്, (5+5) 2 പേർ വീതമുള്ള ടീമാണ് പങ്കെടുക്കേണ്ടത്. ഒരാൾ വിഷയത്തിന് അനുകൂലമായും ഒരാൾ പ്രതികൂലമായും ആണ് സംസാരിക്കേണ്ടത്. ടീമിന്റെ മൊത്തം പ്രകടനത്തെ വിലയിരുത്തി ക്കൊണ്ടാണ് നിശ്ചിക്കുന്നത്. ഫൊറോനയിലെ ഒന്നാം സ്ഥാനം നേടിയ ഒരു ടീമിന് അതിരൂപതയിൽ മത്സരിക്കാവുന്ന താണ്. വിഷയം അര മണിക്കൂർ മുമ്പ് നൽകുന്നതാണ്.

5. **ക്വിസ് :** ഒരു ടീമിൽ 3 അംഗങ്ങൾ വരെയാകാം. ചോദ്യങ്ങളുടെ അനു പാതം ബൈബിൾ 40% ലോഗോസിന്റെ പഠനഭാഗം (സംഖ്യ 22-36, സുഭാ ഷിതങ്ങൾ 21-31, മത്തായി 1-9, വെളിപാട് 4-9), പ്രവർത്തനങ്ങൾ 20% (കെസിവൈഎം കർമ്മപദ്ധതി 2017, യുവജനദിന സർക്കുലർ, കെസി വൈഎം അതിരൂപതാ നിയമാവലി) Youcat 20% പൊതുവിജ്ഞാനം 20%.

6. **കെസിവൈഎംആന്തം :** അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയാനോ 7 പേരിൽ കൂടാനോ പാടില്ല. ഒരാൾ കെസിവൈഎമ്മിന്റെ പതാക ഏന്ത ണം. മാച്ചിംഗ് ട്യൂണാണ് ആലപിക്കേണ്ടത്. ആന്തം ആലാപനത്തിനാണ് പ്രാധാന്യം. ആന്തം വാട്ട്സാപ്പ് വഴി നൽകുന്നതാണ്.

7. **മിമിക്രി :** 5 മിനിട്ട്, ധാർമ്മിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമായിരിക്കണം. ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശ ങ്ങളും ഒഴിവാക്കണം.

8. **മോണോ ആക്ട് :** 5 മിനിട്ട്, ഒരു സംഭവമോ കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അനുകരിക്കുക. ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴി വാക്കണം.

9. **തെരുവുനാടകം :** അവതരണസമയം 20 മനിട്ട്, 10 മിനിട്ട് രംഗസജ്ജീക രണത്തിന് ഉപയോഗിക്കാവുന്നതാണ്. ഏതുതരത്തിലുള്ള വേഷവും ഉപ യോഗിക്കാം. എന്നാൽ മുഖത്ത് യാതൊരുവിധത്തിലുള്ള ചായവും പാടി ല്ല. ഈ വർഷത്തെ പഠനവിഷയം അടിസ്ഥാനമാക്കിയായിരിക്കണം നാടകം അവതരിപ്പിക്കേണ്ടത്. മൈക്ക് നൽകുന്നതല്ല. പശ്ചാത്തല വാദ്യ മായി ചെണ്ട മാത്രമേ ഉപയോഗിക്കാവൂ.

10. **നാടോടിനൃത്തം** (യുവാവ്, യുവതി) : 7 മിനിട്ട്. നാടോടി നൃത്തത്തിന് അനുയോജ്യമായ രൂപവും വേഷവിധാനവുമായിരിക്കണം. ആഡംബരം കഴിയുന്നതും കുറയ്ക്കണം. തനിമ കാത്തുസൂക്ഷിക്കണം. പിന്നണിയിൽ

റിക്കോർഡ് ചെയ്ത സിഡി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. നാടോടി പാട്ടാണ് ഉപയോഗിക്കേണ്ടത്. സിനിമാഗാനങ്ങൾ അനുവദനീയമല്ല.

11. **മാർഗ്ഗംകളി :** 10 മിനിട്ട്, 7 പേർ. നിലവിളക്ക് ഉണ്ടായിരിക്കണം. തനതായവേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് ഇടത്താളം ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീതോപകരണങ്ങളോ പിന്നണിയോ പാടില്ല.

12. **മൈം :** 10 മിനിട്ട്, 3പേരിൽ കുറയാനോ 12 പേരിൽ കൂടാനോ പാടില്ല. രംഗസജ്ജീകരണത്തിന് 5 മിനിട്ട് അനുവദിക്കും. മത്സരത്തിനുശേഷം അതാത് ടീമുകൾ സ്റ്റേജ് ക്ലിയർ ചെയ്യണം. ധാർമ്മിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം.

13. **പരിചമുട്ടുകളി :** 10 മിനിട്ട്, 8 പേർ. ഇതിൽ 2 പേർക്ക് മാറി നിന്ന് പാട്ട് പാടാവുന്നതാണ്. നിലവിളക്ക് ഉണ്ടായിരിക്കണം. തനതായ വേഷമായിരിക്കണം. പാടുന്നവർക്ക് താളം ക്രമീകരിക്കുന്നതിന് ചെറിയ ഇടത്താളം ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീതോപകരണങ്ങളോ, പിന്നണിയോ പാടില്ല.

14. **ചവിട്ടുനാടകം :** 30 മിനിട്ട്, 12 പേരിൽ കൂടാൻ പാടില്ല. സ്ക്രിപ്റ്റ് 20 ദിവസം മുമ്പ് തന്നിരിക്കണം. വേഷവിധാനങ്ങൾ ഉണ്ടായിരിക്കണം. ആവശ്യമായ രംഗസജ്ജീകരണം അതാത് ടീമുകൾ ഒരുക്കിയിരിക്കണം. രംഗസജ്ജീകരണത്തിന് 20 മിനിറ്റ് അനുവദിക്കും. മത്സരത്തിനുശേഷം അതാതു ടീമുകൾ സ്റ്റേജ് ക്ലിയർ ചെയ്യണം. പിന്നണിയിൽ റിക്കോർഡ് ചെയ്ത സിഡി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. നാടോടിപ്പാട്ടാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന് തനതു വേഷവിധാനങ്ങൾ ഉപയോഗിക്കേണ്ടതാണ്. ബൈബിൾ കഥയോ ക്രിസ്ത്യൻ ചരിത്രസംഭവങ്ങളോ ആസ്പദമാക്കിയുള്ള വിഷയം.

15. **ഫോട്ടോ ഗ്രാഫി മത്സരം:** 1 മണിക്കൂർ., കലോത്സവം നടക്കുന്ന സ്ഥലത്ത് തൽസമയം നൽകുന്ന വിഷയത്തിൽ ഫോട്ടോ എടുത്ത് നൽകണം. ഡിജിറ്റൽക്യാമറ, മൊബൈൽ ക്യാമറ, പ്രൊഫഷണൽ ക്യാമറ തുടങ്ങിയ ഏത് തരം ക്യാമറയും ഉപയോഗിക്കാവുന്നതാണ്. ഡാറ്റ ഒന്നും ഇല്ലാത്ത മെമ്മറി കാർഡ് മാത്രമേ മത്സരത്തിന് അനുവദിക്കുകയുള്ളൂ. മെമ്മറി കാർഡ് മത്സരത്തിനുമുമ്പ് സംഘാടകരെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

16. **നാടൻപാട്ട് :** 10 മിനിട്ട്, അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയാനോ 7 പേരിൽകൂടാനോ പാടില്ല. പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം. വാമൊഴിയായി കിട്ടിയ പാട്ടുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അനുഷ്ഠാനപാട്ടുകൾ, ഉത്സവപാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ എന്നിവ പാടാവുന്നതാണ്. പ്രാദേശികമായ തനതുവാദ്യോപകരണങ്ങൾ കെസിവൈഎം അംഗങ്ങൾ തന്നെ ഉപയോഗിക്കണം. പിന്നണി പാടില്ല. ഇലക്ട്രോണിക് ഉപകരണങ്ങളോ, സിഡി, കരോക്കെ സംവിധാനങ്ങളോ

ഉപയോഗിക്കാൻ പാടില്ല. വേഷവിധാനങ്ങൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.

17. **ഷോർട്ട് ഫിലിം മത്സരം :** ഈ വർഷത്തെ പ്രവർത്തന, ഉപവിഷയങ്ങളിൽ അധിഷ്ഠിതമായി മാനുഷികമൂല്യങ്ങളെ ഹനിക്കാത്ത രീതിയിൽ തയ്യാറാക്കുന്ന അഞ്ച് മുതൽ ഏഴ് മിനിറ്റ് വരെ ദൈർഘ്യമുള്ള ഫിലിം. കഥയ്ക്ക് ആവശ്യമെങ്കിൽ കെസിവൈഎം അംഗങ്ങൾ അല്ലാത്തവരെയും കുട്ടികളെയും അഭിനയിക്കാൻ ഉൾപ്പെടുത്താം. എന്നാൽ പിന്നണിയിൽ പ്രവർത്തിക്കുന്നവർ കെസിവൈഎം അംഗങ്ങളായിരിക്കണം. ഒരു ഫൊറോനയിൽ നിന്നും ഒരു ഷോർട്ട് ഫിലിം മാത്രമേ പരിഗണിക്കുകയുള്ളൂ.

18. **സങ്കീർത്തന പാരായണം :** സങ്കീർത്തനപാരായണത്തിന്റെ നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങൾ**

1. കെസിവൈഎം അംഗങ്ങൾക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. മത്സരാർത്ഥികൾക്ക് ഐഡികാർഡ് നിർബന്ധം. പങ്കെടുക്കുന്നവർ 2017-ൽ അംഗത്വം പുതുക്കിയവരോ പുതിയതായി അംഗത്വം സ്വീകരിച്ചവരോ ആയിരിക്കണം.
2. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് എന്നിവർ സംഘാടക സമിതി അംഗങ്ങളായതിനാൽ മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. മേഖലാ ഭാരവാഹികൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3. ഗ്രൂപ്പിനത്തിൽ ഒരു മേഖലയിൽനിന്ന് ഒരിനത്തിൽ ഒരുസംഘം മാത്രമേ പങ്കെടുക്കാവൂ.
4. വ്യക്തിഗത ഇനങ്ങൾക്ക് ഒരിനത്തിൽ ഒരു മേഖലയിൽനിന്ന് രണ്ടുപേർക്ക് പങ്കെടുക്കാം.
5. വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്ക് മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ. ഗ്രൂപ്പിനത്തിൽ ഒരാൾക്ക് 2 ഇനത്തിൽ പങ്കെടുക്കാൻ അനുവാദമുണ്ട്.
6. രജിസ്ട്രേഷൻ ഫീസ് ഓരോ ഇനത്തിലും പ്രത്യേകം നൽകണം. വ്യക്തിഗത ഇനത്തിന് 50 രൂപയും ഗ്രൂപ്പ് ഇനത്തിന് 200 രൂപയും രജിസ്ട്രേഷൻ ഫീസ് നൽകണം.
7. ഓരോ ഫൊറോനയ്ക്കും ഓരോ ടീം മാനേജർ ഉണ്ടായിരിക്കണം. (ഫൊറോന പ്രസിഡന്റുമാർ ടീം മാനേജർ ആയിരിക്കില്ല) ഈ ടീം മാനേജർ മാത്രമേ വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഓഫിസുമായി ബന്ധപ്പെടാവൂ.
8. വ്യക്തിഗതസംഘമത്സരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്. എ ഗ്രേഡ് 80%ൽ കൂടുതൽ - 5 പോയിന്റ്, ബി ഗ്രേഡ് (60-79) 3 പോയിന്റ്, സി ഗ്രേഡ് (50-59) 1 പോയിന്റ്. കൂടാതെ വ്യക്തിഗത ഇനത്തിന് ഒന്നാം സ്ഥാനം 5 പോയിന്റ്, രണ്ടാംസ്ഥാനം 3 പോയിന്റ്,

മൂന്നാംസ്ഥാനം 1 പോയിന്റ് ഗ്രൂപ്പ് ഇനത്തിന് ഒന്നാംസ്ഥാനം 10 പോയിന്റ്, രണ്ടാംസ്ഥാനം 5 പോയിന്റ് മൂന്നാം സ്ഥാനം 3 പോയിന്റ്.

9. മത്സര ഫലത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആ മത്സരം അവസാനിച്ച് അരമണിക്കൂറിനുള്ളിൽ 500 രൂപ കെട്ടിവച്ച് അപ്പീൽ സമിതിക്ക് ടീം മാനേജർ വഴി മാത്രം പരാതി നൽകാവുന്നതാണ്. പരാതി ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.
10. കെസിവൈഎം അംഗത്തിന് 15 വയസ്സിൽ കുറവോ 35 വയസ്സിൽ കൂടുതലോ പ്രായം ഉണ്ടെന്നു തെളിഞ്ഞാൽ അയാൾ നേടിയ വിജയം അസാധുവായിരിക്കും.
11. കലാ-മത്സരങ്ങൾ ക്രൈസ്തവസന്ദേശം നൽകുന്നവയായിരിക്കണം. മത്സരനടത്തിപ്പും ഫലപ്രഖ്യാപനവും അതാത് സമിതികളുടെ ഉത്തരവാദിത്വമാണ്.
12. പിന്നണിയിൽ പ്രവർത്തിക്കുന്നവരും കെസിവൈഎം അംഗങ്ങളായിരിക്കണം. ബഹു. ഡയറക്ടർ അച്ചന്മാരും സിസ്റ്റേഴ്സും, ആനിമേറ്റേഴ്സും പിന്നണിയിൽ പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ മേക്കപ്പിനും കർട്ടൺ ക്രമീകരിക്കുന്നതിനും സഹായിക്കാവുന്നതാണ്.
13. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാൽ അതാതു ഫൊറോനകളിലെ ഡയറക്ടർമാർ, പ്രസിഡന്റ്, ആനിമേറ്റർ എന്നിവർ അടങ്ങുന്ന സമിതി പ്രശ്നം പരിഹരിക്കുന്നതായിരിക്കും.
14. അതാത് വർഷം രാജിവച്ച ഫൊറോന ഭാരവാഹികൾ മത്സരിക്കാൻ പാടുള്ളതല്ല.
15. പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ പേരുവിവരം ഒക്ടോബർ 1ന് മുമ്പായി തലശ്ശേരി അതിരൂപതാ ഓഫീസിൽ ലഭിച്ചിരിക്കണം.
16. യുവാവ്/യുവതി എന്ന് വേർതിരിച്ചെഴുതാത്ത മത്സരങ്ങൾ യുവതികൾക്കും യുവാക്കൾക്കും ഒരുമിച്ചായിരിക്കും നടത്തുക.
17. മത്സരാർത്ഥികൾ ഓരോ മത്സരത്തിനും നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിക്കേണ്ടതാണ് (ഉദാ: പ്രസംഗം 5 മിനിറ്റ്). സമയം കൂടുതൽ എടുത്താൽ നെഗറ്റീവ് മാർക്ക് ലഭിക്കുന്നതാണ്. ഓരോ മിനിറ്റിനും അഞ്ചു മാർക്കുവീതം കുറയ്ക്കുന്നതാണ്. 1 സെക്കന്റു മുതൽ 59 സെക്കന്റു വരെ 1 മിനിറ്റായി കണക്കാക്കും. 60 സെക്കന്റു മുതൽ 2 മിനിറ്റ് എന്ന ക്രമത്തിൽ മൈനസ് പോയിന്റ് കൂടിക്കൊണ്ടിരിക്കും.
18. ഒരു ഗ്രൂപ്പിനത്തിൽ രണ്ട് ടീം ഉണ്ടെങ്കിൽ മാത്രമേ മത്സരമായി നടത്തുകയുള്ളൂ. അല്ലെങ്കിൽ മത്സരം നടത്തി ഗ്രേഡ് നൽകുകയും ചെയ്യും.
19. ഒരു സിഡി/പെൻഡ്രൈവിൽ ഒരു പാട്ട് മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. ഓരോ ഇനത്തിലും വ്യത്യസ്ത സിഡി/പെൻഡ്രൈവ് നിർബന്ധമാണ്.

## ഈ വർഷത്തെ പഠനവിഷയവും, ഉപവിഷയങ്ങളും

പ്രകൃതിയെ സ്നേഹിക്കാം യുവത്വം നിലനിറുത്താം.

പരിസ്ഥിതി ദർശനം, സാമൂഹിക സുരക്ഷ, വ്യക്തിത്വവികസനം.

## ഭാരതസഭയ്ക്ക് അഭിമാന നിമിഷം

2020-ലെ ഏഷ്യൻ യൂത്ത്ഡേ ഭാരതത്തിൽവച്ച് നടത്താൻ തീരുമാനമായി. അതിനുമുന്നോടിയായി ഭാരതത്തെ പ്രതിനിധീകരിച്ച് ഐസിവൈഎം പ്രസിഡന്റും, തലശ്ശേരി അതിരൂപതാംഗവുമായ ശ്രീ. സിജോ അമ്പാട്ട് ക്രൂശിതരൂപം ഏറ്റുവാങ്ങി. ചടങ്ങിൽ അതിരൂപത ഡയറക്ടറും, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. മനോജ് എം. കണ്ടത്തിലും പങ്കെടുത്തു.

## സത്യമറിയാൻ ഷൂട്ടിങ്ങ്

തലശ്ശേരി അതിരൂപത കെസിവൈഎം ഉം ഗുഡ്നസ് ചാനലുംകൂടി നടത്തുന്ന സത്യമറിയാൻ എന്ന പ്രോഗ്രാമിന്റെ ഷൂട്ടിങ്ങ് ജൂലൈ, 28, 29 തീയതികളിലായി ചെമ്പേരി എൻജിനിയറിങ് കോളേജിൽവച്ച് നടത്തപ്പെട്ടു.

## ദേശഭക്തിഗാനമത്സരവും പ്രസംഗമത്സരവും

ആഗസ്റ്റ് 15ന് ചെമ്പേരി എൻജിനിയറിങ് കോളേജിൽവച്ച് തലശ്ശേരി അതിരൂപതാ കെസിവൈഎം, എസ്എംവൈഎം-ന്റെ നേതൃത്വത്തിൽ ദേശഭക്തിഗാനവും, പ്രസംഗവും നടത്തപ്പെട്ടു.

ദേശഭക്തിഗാനം : I[st] ജോസഫ് ഉണ്ണിയാപ്പള്ളി & ടീം (നെല്ലിക്കാംപൊയിൽ)
II[nd] ബിന്ദു തുരുത്തേൽ & ടീം (നെല്ലിക്കാംപൊയിൽ)

പ്രസംഗമത്സരം : I[st] സോവിൻ കോട്ടയിൽ (ചെമ്പന്തൊട്ടി)
II[nd] ജോസഫ് ഇല്ലിക്കൽ (നെല്ലിക്കാംപൊയിൽ)

വിജയികളായ എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## ഫൊറോന വാർത്തകൾ

KCYM, SMYM മേരിഗിരി ഫൊറോനയുടെ പ്രവർത്തന വർഷ ഉദ്ഘാടനം മേരിഗിരി ഫൊറോന പള്ളിയിൽ വെരി റവ. ഫാ. ജോസ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് വാളിപ്ലാക്കൽ അദ്ധ്യക്ഷപദം അലങ്കരിച്ചു. ഡി. ടെയ്സി എസ്.എച്ച്. ആശംസ അറിയിച്ചു. പുതിയ മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു.

മേരിഗിരി ഫൊറോനയുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും ശാഖാതല കൺവെൻഷനുകൾ നടത്താൻ തീരുമാനിച്ചു. മേരിഗിരി യൂണിറ്റിൽ നടന്ന കൺവെൻഷനിൽ ഫാ. റോജിൻ കാരിക്കൽ, പച്ചാണി ഇടവകയിൽ കെസിവൈഎം പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ട്, കാര്യപ്പള്ളിയിൽ ഫാ. തോമസ് വാളിപ്ലാക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സ്വാതന്ത്ര്യ ദിനത്തോടും അന്താരാഷ്ട്ര യുവജനദിനത്തോടും അനുബന്ധിച്ച് മേരിഗിരിയിൽവച്ച് നടന്ന "Clean City Therthally" ശുചിത്വമിഷൻ പ്രോഗ്രാമിൽ

നൂറോളം യുവജനങ്ങൾ പങ്കെടുത്തു. ഫൊറോന വികാരി ജോസ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ തടത്തിൽ മേഖല ഡയറക്ടർ ഭാരവാഹികൾ നേതൃത്വം നല്കി.



**അഭിനന്ദനങ്ങൾ**

മികച്ച യുവജന കർഷക അവാർഡ് കരസ്ഥമാക്കിയ കെസി വൈഎം രാജഗിരി യൂണിറ്റ് പ്രസിഡന്റും, ചെറുപുഴ ഫൊറോന മതാധ്യാപകനുമായ ശ്രീ. മനു ജെയിംസിന് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷിയിലെ ജോലിഭാരം കുറച്ച് അതെങ്ങനെ ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ ചെയ്യാമെന്ന് തെളിയിക്കുകയും കൃഷിക്കാവശ്യമായ ജൈവവളം സ്വന്തമായി ഉദ്പാദിപ്പിക്കുകയും, രാസവളത്തിന്റെ ഉപയോഗം നമ്മുടെ മണ്ണിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജൈവകൃഷി രീതി പിന്തുടരുവാനും അത് പ്രചരിപ്പിക്കാനും കാണിച്ച ഉത്സാഹവും മുഖ്യാകർഷണമായ കുരുമുളകു തോട്ടവുമാണ് മനുവിനെ മികച്ച യുവജന കർഷക അവാർഡിന് അർഹനാക്കിയത്.

## പൂപ്പറമ്പ് - പ്ലാസ്റ്റിക് വിമുക്ത ഇടവക

പൂപ്പറമ്പ് ഇടവകയിലെ യുവജനങ്ങൾ ഒന്നുചേർന്ന് ഭവനങ്ങൾ കയറിയിറങ്ങി പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് ഇടവകയെ പ്ലാസ്റ്റിക് വിമുക്തമാക്കി എല്ലാ യുവജനസുഹൃത്തുക്കൾക്കും വികാരി റവ. ഡോ. തോമസ് മേൽവെട്ടം അച്ചനും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

*"ധീരനായ മനുഷ്യന് ഭാഗ്യവും ദൗർഭാഗ്യവും എന്റെ വലത്തേ കൈയും ഇടത്തേകൈയും പോലെയാണ്. അവൻ രണ്ടും ഉപയോഗിക്കുന്നു".* (വി. കാതറൈൻ)

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജന പ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ലോകത്തിന്റെയും സഭയുടെയും ഭാവി സംബന്ധിച്ച് കുടുംബങ്ങളുടെ ക്ഷേമം നിർണ്ണായകമാണ്. സമൂഹത്തിന് ഒഴിവാക്കുവാൻ കഴിയാത്ത ഒരു നന്മയാണ് കുടുംബം. അത് സംരക്ഷിക്കപ്പെടേണ്ടതാണ്. കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ ആനന്ദം സഭയുടെ ആനന്ദമാണ്. എന്നാൽ ശരിയായ ആശയവിനിമയം ഇല്ലാത്ത, പ്രതിരോധ മനോഭാവങ്ങൾ ആധിപത്യം പുലർത്തുന്ന, പരസ്പരം പിന്തുണ നൽകാത്ത, പങ്കാളിത്ത മനോഭാവവും പ്രവർത്തനങ്ങളുമില്ലാത്ത, ഭാര്യാഭർതൃബന്ധം ഏറ്റുമുട്ടലിന്റേതായിരിക്കുന്ന, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം വിദ്വേഷം കൊണ്ട് മുദ്രിതമായ കുടുംബങ്ങൾ ദുഃഖത്തിന്റെ ശവപ്പറമ്പുകളായി അധഃപതിക്കും. അത് സഭയുടെ വേദനയാണ്. അതിനാൽ യഥാർത്ഥ ആനന്ദത്തിലേക്ക് കുടുംബങ്ങളെ, പ്രത്യേകിച്ച് ദമ്പതികളെ നയിക്കുന്ന നല്ല മാർഗ്ഗദർശികളായി നമുക്ക് മാറാം.

## എം.ജി.സി 2017

797, 798 എന്നീ എം.ജി.സി. കോഴ്സുകൾ ജൂലൈ 25-27, ആഗസ്റ്റ് 8-10 എന്നീ തീയതികളിൽ യഥാക്രമം സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 97 ആൺകുട്ടികളും 105 പെൺകുട്ടികളും ഉൾപ്പെടെ ആകെ 202 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## എം.ജി.സി. പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽവച്ച് ജൂലൈ 27, ആഗസ്റ്റ് 10 തീയതികളിൽ എം.ജി.സി. 797, 798 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ക്ലാസ്സ് നയിച്ചു.

# MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം. ജി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

## എം.ജി.സി ബുക്ക് ചെയ്യേ വിധം

www.familytly.com എന്ന വെബ്സൈറ്റ് തുറക്കുക. എം.ജി. സി രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കുടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

## അതിരൂപതാ സംഘടനാ നേതൃസംഗമം (ദിയാക്കോണിയ)

വിവിധ സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത് മേഖലകളിലെ സംഘടനാഭാരവാഹികൾക്കായി ജൂലൈ 22-ാം തീയതി ഇരിട്ടിയിൽ വച്ചും വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി മേഖലകളിലെ സംഘടനാഭാരവാഹികൾക്കായി ആഗസ്റ്റ് 5-ാം തീയതി ആലക്കോട്വച്ചും രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ നേതൃത്വ പരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. പ്രാർത്ഥനയോടുകൂടി ആരംഭിച്ച നേതൃസംഗമം റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ ഇരിട്ടിയിലും റവ. ഫാ. ആന്റണി ആനക്കല്ലിൽ ആലക്കോടും ഉദ്ഘാടനം ചെയ്തു. തുടർന്ന് ബഹു. മോൺ. ജോസഫ് പാംപ്ലാനിയും റവ. ഫാ. ജോബി കോവാട്ടും ക്ലാസുകൾ നയിച്ചു. സംഘടനാ ഭാരവാഹികളെ നേതൃത്വഗുണമുള്ളവരാക്കി മാറ്റാൻ കഴിയുന്ന രീതിയിലായിരുന്നു ക്ലാസുകൾ. തുടർന്ന് സംഘടനകൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തുകയും അതിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മാതൃവേദി, കെ.സി.വൈ.എം.,മിഷൻലീഗ് ഭാരവാഹികളെ സമന്വയിപ്പിച്ചു നടത്തിയ പരിപാ

ടിയിൽ 6 മേഖലകളിൽ നിന്നുമായി 600 ഓളം അംഗങ്ങൾ പങ്കെടുത്തു. അതിൽ 293 പേർ മാതൃവേദി അംഗങ്ങൾ ആയിരുന്നു. സംഗമത്തിൽ സഹകരിച്ച ആനിമേറ്റർ സിസ്റ്റേഴ്സിനും സംഘടനാഭാരവാഹികൾക്കും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പ്രത്യേക നന്ദി അറിയിക്കുന്നു.

## പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു

### നെല്ലിക്കാംപൊയിൽ

| | |
|---|---|
| നെല്ലിക്കാംപൊയിൽ | - 6 |
| ഇരിട്ടി | - 4 |
| തേർമല | - 4 |
| പടിയൂർ | - 3 |
| കാഞ്ഞിരക്കൊല്ലി | - 2 |
| മാട്ടറ | - 4 |
| ഉളിക്കൽ | - 4 |
| പുറവയൽ | - 1 |
| ആനറ | - 5 |
| മണിക്കടവ് | - 5 |
| മുണ്ടാനൂർ | - 2 |
| മണിപ്പാറ | - 4 |
| ശാന്തിനഗർ | - 2 |
| കല്ലുവയൽ | - 3 |
| വിളമന | - 4 |
| അറബി | - 5 |
| കാലാങ്കി | - 4 |

### എടൂർ മേഖല

| | |
|---|---|
| എടൂർ | - 1 |
| വട്യറ | - 3 |
| കരിക്കോട്ടക്കരി | - 3 |
| വെളിമാനം | - 6 |
| എടപ്പുഴ | - 4 |
| കീഴ്പ്പള്ളി | - 4 |
| ചെടിക്കുളം | - 2 |
| മാങ്ങോട് | - 5 |
| ഉരുപ്പുംകുറ്റി | - 5 |

### കുന്നോത്ത്

| | |
|---|---|
| പെരിങ്കരി | - 4 |
| ആനപ്പന്തി | - 4 |
| മുടയരഞ്ഞി | - 2 |
| രണ്ടാംകടവ് | - 5 |
| അങ്ങാടിക്കടവ് | - 6 |
| പേരട്ട | - 3 |
| കുന്നോത്ത് | - 5 |
| ഇടക്കാനം | - 5 |
| വാണിയപ്പാറ | - 4 |
| ചരൾ | - 3 |
| കിളിയന്തറ | - 6 |
| പാലത്തിൻകടവ് | - 3 |
| കച്ചേരിക്കടവ് | - 3 |
| മാടത്തിൽ | - 0 |

### വായാട്ടുപറമ്പ് മേഖല

| | |
|---|---|
| വിജയപുരം | - 5 |
| വായാട്ടുപറമ്പ് | - 9 |
| പാത്തൻപാറ | - 4 |
| അൽഫോൻസഗിരി | - 3 |
| വെള്ളാട് | - 4 |
| തടിക്കടവ് | - 3 |
| മാവുംചാൽ | - 4 |
| കരുവഞ്ചാൽ | - 5 |
| കരുണാപുരം | - 4 |

### ആലക്കോട് മേഖല

| | |
|---|---|
| ആലക്കോട് | - 6 |
| വിജയഗിരി | - 7 |
| പരപ്പ | - 5 |
| ഉദയഗിരി | - 5 |
| മണക്കടവ് | - 5 |
| അരിവിളഞ്ഞപൊയിൽ | - 4 |
| കുട്ടാപറമ്പ് | - 3 |
| ചീക്കാട് | - 5 |
| മാമ്പൊയിൽ | - 2 |
| കാർത്തികപുരം | - 4 |
| ജയഗിരി | - 2 |
| ഒറ്റത്തൈ | - 6 |
| നെല്ലിപ്പാറ | - 5 |

**മേരിഗിരി മേഖല**

| | | | | | |
|---|---|---|---|---|---|
| കാര്യപ്പള്ളി | - | 0 | പെരിങ്ങാല | - | 6 |
| മേരിഗിരി | - | 5 | പച്ചാണി | - | 3 |
| കോടോപ്പള്ളി | - | 0 | രയറോം | - | 6 |
| പെരുംമ്പടവ് | - | 3 | വെള്ളരിയാനം | - | 5 |
| ഇടക്കോം | - | 6 | ചെറുപാറ | - | 6 |
| വിമലശ്ശേരി | - | 5 | | | |

## സെപ്റ്റംബർ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1. റീജണൽ മീറ്റ് (ദിയാക്കോണിയ)**

സെപ്റ്റംബർ - 2 പേരാവൂർ
സെപ്റ്റംബർ - 16 തളിപ്പറമ്പ്

**2. സെപ്റ്റംബർ 5 - വി. മദർതെരേസ**

പാവങ്ങളുടെ അമ്മയായ കൽക്കട്ടയിലെ വി. തെരേസയുടെ തിരുനാൾ ദിനത്തിൽ എല്ലാ അമ്മമാരും ദിവ്യബലിയിൽ പങ്കുചേർന്ന് അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കണെ. ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവ ഇടവകാതലത്തിൽ സമാഹരിച്ച് അടുത്തുള്ള അഗതിമന്ദിരം സന്ദർശിച്ച് ശുശ്രൂഷ ചെയ്യാൻ ശ്രദ്ധിക്കണെ.

**3. സെപ്റ്റംബർ 8 - പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ**

പരി. അമ്മയുടെ പിറവിതിരുനാളിനൊരുക്കമായി 1-ാം തീയതി മുതൽ അമ്മമാരെല്ലാവരും നോമ്പ് എടുത്ത് ദിവസവും വി.ബലിയിൽ പങ്കെടുക്കുകയും, കുർബ്ബാനയ്ക്ക് മുമ്പോ, ശേഷമോ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. തിരുനാൾ ദിനത്തിൽ യൂണിഫോം ധരിച്ച് കുർബ്ബാനയിൽ സംബന്ധിക്കുകയും കാഴ്ച സമർപ്പണം നടത്തുകയും ചെയ്യണെ. അന്നേദിവസം നിലവിലുള്ള മാതൃവേദി അംഗങ്ങൾ അംഗത്വ നവീകരണം നടത്തുവാനും പുതുതായി മാതൃവേദിയിലേക്ക് കടന്നുവന്നിരിക്കുന്ന അംഗങ്ങൾക്ക് അംഗത്വ സ്വീകരണം നടത്തുവാനും ശ്രദ്ധിക്കുമല്ലോ.

## നവോമി മീറ്റ് - വിധവാസംഗമം

അതിരൂപതയിലെ മുഴുവൻ വിധവകളെയും പ്രതിനിധീകരിച്ച് ഓരോ മേഖലയിൽനിന്നും മൂന്ന് വിധവകളെ വീതം ഉൾപ്പെടുത്തി സന്ദേശഭവനിൽ വച്ച് ആഗസ്റ്റ് 14-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ വിധവാ സംഗമം 'നവോമി മീറ്റ്' നടത്തപ്പെട്ടു. ബഹു. മോൺ. ഡോ ജോസഫ് പാംപ്ലാനി സംഗമം ഉദ്ഘാടനം ചെയ്തു. വിധവാ സംഘം വയനാട് ജില്ലാ പ്രസിഡണ്ടും സംസ്ഥാന സെക്രട്ടറിയുമായ സ്വപ്ന ആന്റണി ക്ലാസ് നയിച്ചു. വിധവകൾക്ക് ലഭ്യമാകുന്ന 15 ആനുകൂല്യങ്ങളെക്കുറിച്ച് അവരെ ബോധവതികളാക്കി. ശേഷം ഉച്ചഭക്ഷണത്തോടെ സംഗമം സമാപിച്ചു. ഈ

ക്ലാസിൽ സംബന്ധിച്ച വിധവകളുടെ ആവശ്യപ്രകാരം വിധവകളായ എല്ലാവർക്കും പ്രയോജനപ്പെടുന്ന വിധത്തിൽ റീജണൽ തലത്തിൽ ഈ ക്ലാസ് നടത്തുവാൻ തീരുമാനിച്ചു. 4 റീജണുകളിലായിട്ടായിരിക്കും ക്ലാസുകൾ നടക്കുന്നത്.

| തീയതി | സ്ഥലം | പങ്കെടുക്കേണ്ട മേഖലകൾ | സമയം |
|---|---|---|---|
| സെപ്റ്റം. 20 | ഇരിട്ടി | പേരാവൂർ, എടൂർ, കുന്നോത്ത് നെല്ലിക്കാംപൊയിൽ | 9.00am-12.30pm |
| ,, | ചെമ്പേരി | പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി | 1.30pm-4.30pm |
| സെപ്റ്റം. 21 | തളിപ്പറമ്പ | തളിപ്പറമ്പ, വായാട്ടുപറമ്പ്, ആലക്കോട് മേരിഗിരി, ചെറുപുഴ | 9.00am-12.30pm |
| ,, | പടന്നക്കാട് | കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം വെള്ളരിക്കുണ്ട് | 1.30pm-4.30pm |

## മരിയൻ സിംഗിൾസ് സംഗമം

മരിയൻ സിംഗിൾസ് കൂട്ടായ്മ ആഗസ്റ്റ് 2-ാം തീയതി വൈകുന്നേരം 6.30 മുതൽ 3-ാം തീയതി 1 മണി വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ടു. 6.30 ന് വിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ച് വച്ച് ആരാധനയും ജപമാലയും നടത്തി. ഫാ. ജോബി കോവാട്ട് നേതൃത്വം നൽകി. 3-ാം തീയതി രാവിലെ പെരിയ ബഹു. മോൺ. ജോസഫ് പാംപ്ലാനി ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. പരി. കന്യകാ മറിയം നിത്യകന്യക എന്ന വിഷയത്തെക്കുറിച്ച് ബ്രദർ റിഖിൽ മറ്റക്കോട്ടിൽ ക്ലാസ് നയിച്ചു. തുടർന്ന് അഭിവന്ദ്യ ഞറളക്കാട്ട് പിതാവിനെ സന്ദർശിച്ച് അനുഗ്രഹാശിസ്സുകൾ നേടി. ഫണ്ട് ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിക്കുകയും ചെയ്തു.

## ബിബ്ലിയ ക്വിസ്

ഒക്ടോബർ 7-ാം തീയതി അതിരൂപതാ ബൈബിൾ ക്വിസ് നടത്തപ്പെടുന്നു. സെപ്റ്റംബർ 30ന് മുമ്പ് ശാഖാ. മേഖല മത്സരങ്ങൾ നടത്തി വിജയികളുടെ പേരു വിവരങ്ങൾ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## അനുകരണീയ മാതൃക

### 1. കാഞ്ഞങ്ങാട് മേഖല

**ചക്ക മഹോത്സവം:** കാഞ്ഞങ്ങാട് മേഖലാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ കാലിച്ചാനടുക്കം സെന്റ് ജോസഫ് ഇടവകയിൽവച്ച് ചക്കമഹോത്സവം നടത്തി. റവ. ഫാ. ലൂയി മരിയാ ദാസ് ചക്കമഹോത്സവം ഉദ്ഘാടനം ചെയ്തു. റവ. ഫാ. പോൾ മൂഞ്ഞേലിൽ പ്രസ്തുത പരിപാടിയിൽ സന്നി

ഹിതനായിരുന്നു. വിവിധ ഇടവകകളിൽനിന്ന് 75-ഓളം ചക്ക വിഭവങ്ങൾ പ്രദർശനത്തിനായി തയ്യാറാക്കി കൊണ്ടുവന്നിരുന്നു. മികച്ച യൂണിറ്റുകൾക്കും, മികച്ച വ്യക്തികൾക്കും സമ്മാനങ്ങൾ നൽകി. കാലിച്ചാനടുക്കം, നെല്ലിയടുക്കം എന്നീ ഇടവകകൾ സമ്മാനങ്ങൾ കരസ്ഥമാക്കി. മേഖലാ ആനിമേറ്റർ സി. ജോത്സ്നയ്ക്ക് അന്നേദിവസം യാത്രയയപ്പു നൽകി. ചക്ക കൊണ്ടുള്ള വിഭവങ്ങളാണ് അന്നേ ദിവസം ഉച്ചഭക്ഷണമായി ഒരുക്കിയത്.

### രോഗപ്രതിരോധ ക്ലാസും സൗജന്യ മരുന്നു വിതരണവും

കാഞ്ഞങ്ങാട് മേഖലാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരടുക്കം സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വച്ച് രോഗപ്രതിരോധക്യാമ്പും സൗജന്യമരുന്നു വിതരണവും നടത്തി (ഡെങ്കിപ്പനിക്കെതിരെ). റവ.ഫാ. ജോൺ നെല്ലുവേലിൽ മരുന്നു വിതരണം ഉദ്ഘാടനം ചെയ്തു. ആയാംപാറ ഹോമിയോ മെഡിക്കൽ സെന്ററിലെ ഡോ. ശ്രീനേഷ് ബോധവത്കരണ ക്ലാസ് നടത്തുകയും ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി 500 പേർ മരുന്നു വാങ്ങാനെത്തിയിരുന്നു. മേഖലാ ഭാരവാഹികളായ സി.ജോസി, മേരി കിഴക്കേക്കര, പുഷ്പ വെട്ടംതടം, ലിസി കാഞ്ഞിരടുക്കം, മറിയക്കുട്ടി ടീച്ചർ, ലില്ലിക്കുട്ടി നെടുംപെട്ടിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. കാലോചിതമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിച്ച കാഞ്ഞങ്ങാട് മേഖലയ്ക്ക് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ.

### 2. കുന്നോത്ത് മേഖല - "അമ്മയ്ക്കരികെ ഫാത്തിമ 2017"

കുന്നോത്ത് ഫൊറോനയിലെ മുഴുവൻ ശാഖകളെയും സമ്പൂർണ്ണ മാതൃവേദി ശാഖകളാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വികാരിയച്ചന്മാരുടെയും പിന്തുണയോടെ ബഹു. മേഖലാ ഡയറക്ടർ ജേക്കബ് കരോട്ട് അച്ചന്റെ നേതൃത്വത്തിൽ മേഖലാ നേതൃത്വം ഒറ്റക്കെട്ടായി പരിശ്രമിക്കുന്നു. ഇടവകകളിലെ ഓരോ വാർഡിലും മാതൃവേദിയുടെ കോർഗ്രൂപ്പിനെ തിരഞ്ഞെടുത്ത് അവർ വഴി ആ വാർഡിലെ മുഴുവൻ അമ്മമാരെയും കർമ്മോത്സുകരാക്കി മാറ്റുവാനാണ് ശ്രമിക്കുന്നത്. ആ മേഖലയിലെ വിവിധ സന്യസ്തഭവനങ്ങളിലെ സിസ്റ്റേഴ്സ് ഇതിനായി നിസ്വാർത്ഥ സേവനം നൽകുന്നു. ഒക്ടോബർ 13 - ഫാത്തിമ ദർശനദിനത്തോടുകൂടി ഫൊറോനയിലെ എല്ലാ അമ്മമാരെയും സഭയിലേക്ക്, മാതാവിലേക്ക്, ക്രിസ്തുവിലേക്ക് കുറേക്കൂടി അടുപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള ഈ ദൗത്യം ഇതിനോടകം വിവിധ ഇടവകകളിൽ പൂർത്തീകരിച്ച് കഴിഞ്ഞു. ശ്ലാഘനീയമായ

ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കുന്നോത്ത് മേഖലാ ഡയറക്ടർ ജേക്കബ് കരോട്ടച്ചനും ടീമിനും പ്രത്യേകം അഭിനന്ദനങ്ങൾ. മറ്റു മേഖലകൾക്ക് ഇത് പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു.

## അംഗത്വ സ്വീകരണ മാസം

സെപ്റ്റംബർ മാസം മാതൃവേദി സംഘടനയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്ന മാസമാണ്. എല്ലാ ശാഖാ ഭാരവാഹികളും തങ്ങളുടെ ഇടവകയിലെ കഴിയുന്നിടത്തോളം അമ്മമാരെ മാതൃവേദി അംഗങ്ങളാക്കി ചേർക്കാൻ ശ്രദ്ധിക്കണം.

## സർവ്വേ 2017

30 വയസ്സ് കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത യുവതീയുവാക്കൾ, ഏകസ്ഥജീവിതം നയിക്കുന്നവർ, വിഭാര്യർ, വിധവകൾ, Duff & Dumb (പുരുഷന്മാർ, സ്ത്രീകൾ) ആയിട്ടുള്ളവർ, താമസയോഗ്യമായ വീടുകളില്ലാത്തവർ, അന്യമതത്തിൽപ്പെട്ടവരുമായി വിവാഹിതരായവർ, എന്നിവരുടെ ഒരു സ്ഥിതിവിവരണക്കണക്ക് എടുക്കുന്നതിനുള്ള ഫോമുകൾ തയ്യാറാക്കി എല്ലാ മാതൃവേദി ശാഖകളിലും എത്തിച്ചിട്ടുണ്ട്. ഫോമുകൾ പൂരിപ്പിച്ച് ആഗസ്റ്റ് 30-ാം തീയ്യതിക്ക് മുൻപായി തലശ്ശേരി ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ തിരിച്ചേൽപ്പിക്കണെ.

## ഹോം മിഷൻ

ഇടവകകളിൽ ഹോം മിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചൻമാർ ആഗസ്റ്റ് 30-ാം തീയതിക്ക് മുമ്പായി വിവരം ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ അറിയിക്കുമല്ലോ. ടീമുകളെ തയ്യാറാക്കി ഹോം മിഷനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു തരുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## മെയിന്റനൻസ് ഗ്രാന്റ്

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ആഗസ്റ്റ് 31-ാം തീയതിക്ക് മുമ്പായി കൃത്യമായി പൂരിപ്പിച്ച് കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കണം. അപേക്ഷ ഫോമുകളുടെ കോപ്പികൾ സ്കൂളിലെ ഫയലിൽ ഉണ്ടാകണം. എല്ലാ വർഷവും അപേക്ഷ ഫോമുകൾ കോർപ്പറേറ്റ് ഓഫീസിൽ നിന്ന് അയച്ചുതരേണ്ടതില്ലല്ലോ. ഫോട്ടോകോപ്പി എടുത്ത് ഒരു സെറ്റ് അപേക്ഷഫോം സൂക്ഷിച്ചു വെക്കേണ്ടതാണ്.

അപേക്ഷ തയ്യാറാക്കുമ്പോൾ കഴിഞ്ഞ വർഷത്തെ വരവ്, ചിലവ് കണക്കുകൾ ഓഡിറ്റ് ചെയ്ത ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തി വേണം അപേക്ഷ അയക്കാൻ ഓഡിറ്റ് ചെയ്യാത്ത അപേക്ഷകൾ കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കരുത്. മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അനാവശ്യ യാത്രകൾ ഒഴിവാക്കണം. എല്ലാ രേഖകളും കൃത്യമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഉൾപ്പെടുത്തേണ്ട രേഖകളെക്കുറിച്ചും നേരത്തെ അയച്ചിരുന്ന സർക്കുലർ ശ്രദ്ധിക്കണം. പ്രസ്തുത സർക്കുലർ ഒരിക്കൽ കൂടി എല്ലാ സ്കൂളിലേക്കും ഇ-മെയിൽ ചെയ്തു തരുന്നതാണ്. മെയിന്റനൻസ് ഗ്രാന്റ് അപേക്ഷയോടൊപ്പം അവസാനം മെയിന്റനൻസ് ഗ്രാന്റ് തുക കിട്ടിയ വർഷം, ഇനി മെയിന്റനൻസ് ഗ്രാന്റ് തുക ലഭിക്കേണ്ടത് ഏതൊക്കെ വർഷം, ഏതൊക്കെ വർഷം വരെയുള്ള തുകയാണ് പാസാക്കിയത് എന്നിങ്ങനെയുള്ള വിശദവിവരങ്ങൾ അടങ്ങുന്ന ഒരു കത്തുകൂടി പ്രധാനാധ്യാപകർ അയക്കേണ്ടതാണ്. യഥാസമയം അപേക്ഷ ഓഫീസിൽ സമർപ്പിച്ച് വിദ്യാഭ്യാസ ഓഫീസിൽ നിന്നും ട്രഷറിയിൽ നിന്നും പാസാക്കാൻ പരിശ്രമിക്കുകയും ചെയ്യണം.

## ഗുരുദീപ്തി

### 1. ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

സമാഗതമാകുന്ന തിരുവോണത്തിന്റെയും അധ്യാപക ദിനത്തിന്റെയും ആശംസകൾ നേരുന്നു. ഒരു വിദ്യാലയത്തിന്റെ മികവ് എന്നത് അവിടെ ജോലി ചെയ്യുന്ന അധ്യാപകരുടെ ഗുണമേന്മയും കുട്ടികളുടെ സർവ്വോന്മുഖമായ വികസനവുമാണ്. ഈ വർഷം (2017 -18) കോർപ്പറേറ്റ് സ്കൂളുകളിൽ സ്ഥിര നിയമനം നേടിയ എല്ലാ അധ്യാപകരുടെയും രണ്ടു ദിവസത്തെ സമ്മേളനം സെപ്റ്റംബർ 6, 7 തീയതികളിൽ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. സെപ്റ്റംബർ 6-ാം തീയതി രാവിലെ 10 മണി മുതൽ 7-ാം തീയതി 3 മണിവരെയാണ് പ്രോഗ്രാം. എല്ലാ ഹെഡ്മാസ്റ്റർമാരും/ഹെഡ്മിസ്ട്രസ്സ്മാരും അധ്യാപകരെ പറഞ്ഞു വിടണം.

## 2. സിസ്റ്റേഴ്സ് സമ്മേളനം

കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലിചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിന്റെയും സമ്മേളനം 2017 സെപ്റ്റംബർ 21 വ്യാഴാഴ്ച രാവിലെ സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 നുള്ള വിശുദ്ധ കുർബാനയോടെയാണ് സമ്മേളനം ആരംഭിക്കുന്നത്. എല്ലാവരും നിർബന്ധമായും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

## മലബാർ സിവിൽ സർവ്വീസ് അക്കാഡമി

### 1. കോർഡിനേറ്റർമാരുടെ സമ്മേളനം

കുട്ടികൾ പൊതുവിജ്ഞാന പരീക്ഷക്ക് നന്നായി പഠിക്കുന്നുണ്ടെന്ന് കരുതുന്നു. സ്കൂൾ കോർഡിനേറ്റർമാരുടെ റീജിയണൽ സമ്മേളനം ഓഗസ്റ്റ് 29, 30 തീയതികളിലായി വിവിധ സ്ഥലങ്ങളിൽവച്ച് നടത്തുന്നു. ഈ സമ്മേളനത്തിൽ സ്കൂൾ കോർഡിനേറ്റർമാർ നിർബന്ധമായും പങ്കെടുക്കണം. മീറ്റിംഗിനു വരുമ്പോൾ മലബാർ സിവിൽ സർവ്വീസ് അക്കാഡമിയിൽ അംഗങ്ങളായി സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികളുടെ ലിസ്റ്റ് കൊണ്ടുവരേണ്ടതാണ്. എൽ.പി സ്കൂളുകളിൽ മലബാർ സിവിൽ സർവ്വീസ് അക്കാഡമിയുടെ ചാർജുള്ള ഒരു അധ്യാപകനെ തിരഞ്ഞെടുക്കണം അവരും ഈ മീറ്റിംഗിന് വരേണ്ടതാണ്. അനുയോജ്യമായ സ്ഥലങ്ങളിൽ നിങ്ങൾക്ക് പങ്കെടുക്കാം.

### മീറ്റിംഗിന്റെ സമയം

| | | |
|---|---|---|
| ഓഗസ്റ്റ് 29 ചൊവ്വ | - പേരാവൂർ എച്ച് എസ് | - 9.00 am |
| | എടൂർ എച്ച് എസ് | - 11.00 am |
| | വയത്തൂർ യു.പി | - 1. 00 pm |
| | ചെമ്പേരി എച്ച് എസ് | - 3.00 pm |
| ഓഗസ്റ്റ് 30 ബുധൻ | - കരുവഞ്ചാൽ ഓഡിറ്റോറിയം | - 9.00 am |
| | തോമാപുരം എച്ച് എസ് | - 12.00 n.n |

### 2). കൈത്തിരി - എൽ.പി വിഭാഗത്തിനുള്ള പരിശീലനം

മലബാർ സിവിൽ സർവ്വീസ് അക്കാദമി കഴിഞ്ഞ വർഷങ്ങളിൽ യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗത്തിലെ കുട്ടികൾക്കുവേണ്ടി പരിശീലനങ്ങളും പഠനപരിപാടികളും ആസൂത്രണം ചെയ്തിരുന്നു. ആകർഷകമായ സമ്മാനങ്ങളും പ്രോത്സാഹനങ്ങളും നൽകി പൊതുവിജ്ഞാനത്തിലൂടെ അറിവും സാമൂഹിക അവബോധവും വളർത്താൻ ശ്രമിച്ചു. വിദ്യാർത്ഥികളുടെ ആവേശകരമായ പങ്കാളിത്തം എൽ.പി വിഭാഗത്തിലും ഈ പരിശീലന പഠനപദ്ധതിയോട് താൽപര്യം ഉണ്ടാക്കി.

എൽ.പി വിഭാഗത്തിലെ അധ്യാപകരും, പ്രധാനാധ്യാപകരും നിരന്തരം ആവശ്യപ്പെട്ടതനുസരിച്ച് ഈ അധ്യയനവർഷം എൽ.പി സ്കൂളിലെ

കുട്ടികൾക്ക് 'കൈത്തിരി ' എന്ന പേരിൽ ഒരു പഠനപരിപാടി ആവിഷ്ക്കരിച്ചിരിക്കുകയാണ്. മലബാർ സിവിൽ സർവ്വീസ് അക്കാദമിയിലെ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് 100 രൂപയാണ് മെമ്പർഷിപ്പ് ഫീസ് അതിൽ 25 രൂപ വിദ്യാലയത്തിലെ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാം. പുസ്തകം മാത്രം ആവശ്യമുള്ളവർക്ക് 20 രൂപയ്ക്ക് നൽകാവുന്നതാണ്. പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പരിശീലനം സൗജന്യമായി നൽകുന്നു. കൂടുതൽ വിശദമായ വിവരങ്ങൾ മലബാർ സിവിൽ സർവ്വീസ് അക്കാദമിയുടെ സ്കൂൾതല കോർഡിനേറ്റർമാരുടെ മീറ്റിംഗിൽ പറയുന്നതാണ്. എൽ.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷകൾക്ക് സ്കൂളിൽ പരിശീലനം നൽകുന്നതിന് ഈ പഠനപരിപാടി വളരെ ഉപകാരപ്രദമാണ്.

## വിദ്യാലയ വിലയിരുത്തൽ

ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് ഏതൊരു വിദ്യാലയത്തിന്റെയും ഉത്തരവാദിത്വമാണ്. കുട്ടികളുടെ രണ്ടാം വീടായ വിദ്യാലയം ഗുണമേന്മയുള്ളതും ആകർഷണീയവും ആക്കിത്തീർക്കുക എന്നത് അധ്യാപകരുടെയും അനധ്യപകരുടെയും രക്ഷകർത്താക്കളുടെയും മാനേജ്മെന്റിന്റെയും ഉത്തരവാദിത്വമാണ്. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി മാറ്റിയാൽ കൂടുതൽ കുട്ടികളെ അവിടേക്ക് ആകർഷിക്കാനും സാഹചര്യങ്ങൾക്കനുസരിച്ച് ഉണർന്ന് പ്രവർത്തിക്കുവാനും ഇടയാകും.

നമ്മുടെ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കണമെന്നും പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗനിർദേശങ്ങൾ നൽകണമെന്നും അതിരൂപതയുടെ വിവിധ സമിതികളിലും സമ്മേളനങ്ങളിലും ആവശ്യപ്പെടുന്നുണ്ട്. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തിയെങ്കിൽ മാത്രമേ മെച്ചപ്പെടുത്തേണ്ട മേഖലകൾ കണ്ടെത്താൻ കഴിയൂ. എസ്.ആർ ജി മീറ്റിംഗുകളുടെയും സ്റ്റാഫ് കൗൺസിലുകളുടെയും ലക്ഷ്യം ഈ വിലയിരുത്തലും ഇതേ തുടർന്നുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കലുമാണ്.

നമ്മുടെ വിദ്യാലയങ്ങളെ മുൻവർഷങ്ങളിൽ ഇടയ്ക്കിടയ്ക്ക് വിലയിരുത്തി മാർഗനിർദേശങ്ങൾ നൽകിയിരുന്നു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ജൂബിലി ആഘോഷങ്ങളും ആചരണങ്ങളും കഴിഞ്ഞല്ലോ. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ ഒരു ടീം ഈ അധ്യായന വർഷത്തിൽ സ്കൂളുകൾ സന്ദർശിച്ച് വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തും. മാത്യു കുഴിവേലിൽ, മാത്യു കാഞ്ഞിരക്കാട്ട്, ദേവസ്യ കളരിക്കൽ, വർക്കി തുരുത്തിമറ്റം, സി.വിനീത സി.എം.സി എന്നിവരടങ്ങുന്ന ടീം താഴെ പറയുന്ന സ്കൂളുകൾ സന്ദർശിച്ചു.

1. പുലിക്കുരുമ്പ യു.പി, ഹൈസ്കൂൾ – ജൂലൈ 20
2. വെള്ളരിക്കുണ്ട് എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി – ജൂലൈ 24

3. ചെമ്പേരി യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി - ഓഗസ്റ്റ് 4
4. തോമാപുരം എൽ.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി - ഓഗസ്റ്റ് 7
5. ചെമ്പന്തൊട്ടി ഹൈസ്കൂൾ - ഓഗസ്റ്റ് 9
6. എടൂർ എൽ.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി - ഓഗസ്റ്റ് 10
7. തൊണ്ടിയിൽ യു.പി, മഞ്ഞളാംപുറം യു.പി, കാപ്പാട് യു.പി, കൊളക്കാട് ഹൈസ്കൂൾ, ഹയർസെക്കണ്ടറി - ഓഗസ്റ്റ് 11
8. അങ്ങാടിക്കടവ് യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി - ഓഗസ്റ്റ് 16

മുകളിൽ സൂചിപ്പിച്ച സ്കൂളുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് ലോക്കൽ മാനേജർക്കും പ്രധാനാധ്യാപകർക്കും അയച്ചു തരുന്നതാണ്. റിപ്പോർട്ടിലെ നിർദേശങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ?

നല്ല നിലവാരം പുലർത്തുന്ന സ്കൂളുകളെയും, മികവിലേക്ക് എത്താൻ പരിശ്രമിക്കുന്നവരെയും, പരിശ്രമം ഇനിയും ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളെയും കണ്ടെത്താൻ കഴിഞ്ഞു. സ്ഥാപനത്തിന്റെ മികവിന് അക്കാഡമിക് നിലവാരം ഉയർത്തുന്നതോടൊപ്പം പാഠ്യ പാഠ്യേതര രംഗങ്ങളിൽ കുട്ടികളുടെ സർഗവാസനകളെ ഉണർത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മത്സരങ്ങളുടെ ലോകത്ത് ജീവിക്കുന്ന നമ്മൾ മത്സരങ്ങളിൽ ഉൾച്ചേരാൻ, വിജയം കൈവരിക്കാൻ കുട്ടികളിൽ ആത്മവിശ്വാസം വളർത്താൻ പരിശ്രമിക്കണം.

സ്കൂളിലെ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്ത് സ്വയം വളരാനും വളർത്താനും എല്ലാ അധ്യാപകരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പ്രധാനാധ്യാപകരുടെയും, അധ്യാപക അനധ്യാപകരുടെയും കൂട്ടായ യജ്ഞത്തിലൂടെ മാത്രമെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയൂ. നമ്മുടെ കുട്ടികൾ എല്ലാ രംഗങ്ങളിലും മികവു പുലർത്തുന്നവരായി മാറാൻ തക്ക പരിശീലനങ്ങൾ നൽകാൻ വിദ്യാലയത്തിന് കഴിയണം.

## അഭിനന്ദനങ്ങൾ

എൽ. എസ്. എസ് സ്കോളർഷിപ്പ് വിജയികൾ - ചെറുപുഷ്പം യു.പി സ്കൂൾ ചെമ്പന്തൊട്ടി

1. ശ്യാംജിത്ത് കൃഷ്ണൻ എം.വി.
2. രജ്ഞിത്ത് പി.വി.
3. ഫാത്തിമ കെ.

സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികൾക്കും പരിശീലനം നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങൾ.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

ഈ വർഷത്തെ ബി. ടെക്, എം. ടെക്, എം.ബി.എ. അഡ്മിഷൻ നടപടി ക്രമങ്ങൾ പൂർത്തിയായിരിക്കുന്നു. നമുക്ക് ഈ വർഷവും മെച്ചപ്പെട്ട നിലയിൽ അഡ്മിഷൻ ലഭിച്ചു എന്നത് വളരെ ചാരിതാർത്ഥ്യജനകമാണ്. ഇക്കാര്യത്തിൽ സഹകരിച്ച, പ്രോത്സാഹിപ്പിച്ച എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നും എല്ലാവിധ സഹകരണങ്ങളും പ്രതീക്ഷി ക്കട്ടെ.

## വിമൽജ്യോതിയിൽ വിദ്യാർത്ഥി സംരംഭകത്വ ബോധവല്കരണ സെമിനാർ

മെക്കാനിക്കൽ എൻജിനിയറിംങ്ങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിദ്യാത്ഥികൾക്കായി ഒരു സംരംഭകത്വ ബോധവൽകരണ ക്ലാസ് നടത്തി. ഗുജറാത്തിൽ അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സംരംഭകത്വപരിശീലന കേന്ദ്രത്തിന്റെയും വിമൽജ്യോതി എൻജിനിയറിംങ്ങ് കോളേജിന്റെയും സംയുക്ത പരിപാടിയായിരുന്നു ബോധവൽകരണ സെമിനാർ. യുവ എൻജിനിയർമാരിലൂടെ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥക്ക് കരുത്ത്പ കരുക എന്നതായിരുന്നു സെമിനാറിന്റെ ലക്ഷ്യം. പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത് ഉദ്ഘാടനം ചെയ്തു.

## വിമൽജ്യോതിയിൽ പവ്വർ എനർജി സൊസൈറ്റി ഉദ്ഘാടനം ചെയ്തു

കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ അന്തർദ്ദേശീയ സംഘടനയായ പവ്വർ എനർജി സൊസൈറ്റിയുടെ ഉദ്ഘാടനം നടന്നു. എരുവേശ്ശി പഞ്ചായത്തിലെ വീടുകൾ സന്ദർശിച്ച് കാര്യക്ഷമമായ വൈദ്യുതി ഉപഭോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്താൻ പ്രസ്തുത പഞ്ചായത്തുമായി സഹകരിച്ചു പ്രവർത്തിക്കാൻ സൊസൈറ്റി തീരുമാനമെടുത്തിട്ടുണ്ട്.

## റാഗിംഗ് വിരുദ്ധ ബോധവൽകരണ ക്ലാസ്സ്

ചെമ്പേരി വിമൽജ്യോതി എൻജിനിയറിംങ്ങ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി റാഗിംഗ് വിരുദ്ധനിയമബോധവൽകരണ ക്ലാസ്സ് നടത്തി. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ധർമ്മശാല കാമ്പസ് അഡ്മിനിസ്ട്രേറ്റർ ഡോ. വൈ. വിനോദ് കുമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ച്

2017 ൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് (കോൺവൊക്കേഷൻ) 26.08.2017 ശനിയാഴ്ച നടക്കുന്നു. ഈ വർഷം അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ പ്രവേശനോത്സവം (ജ്യോതിർഗമയ) 31.08.2017 വ്യാഴാഴ്ച നടക്കുന്നു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# കരിസ്മാറ്റിക് നവീകരണരംഗം

**കരിസ്മാറ്റിക് സുവർണ്ണ ജൂബിലി സംഗമം - ഇരിങ്ങാലക്കുടയിൽ**

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ 50 വർഷം പിന്നിട്ട തിന്റെ ജൂബിലി സമാപന കൺവെൻഷൻ 2017 ഓഗസ്റ്റ് 12 മുതൽ 16 വരെ ഇരിങ്ങാലക്കുട രൂപതയിലെ ആളൂർ ലൂമെൻ യൂത്ത് ഗ്രൗണ്ടിൽവച്ച് നടത്തപ്പെട്ടു. തൃശൂർ അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. കരിസ്മാറ്റിക് സഭയോടൊപ്പം പ്രവർത്തിക്കേണ്ട കൃപയുടെ സ്രോതസ്സാണെന്നും ഐക്യത്തിന്റെ കൂട്ടാളികളും സഹന ത്തിന്റെ അർത്ഥതലങ്ങൾ മനസ്സിലാക്കി ജീവിതത്തെ നവീകരിച്ച് സ്വജീവി തം യേശുവിനായി സമർപ്പിക്കേണ്ടതാണെന്നും പിതാവ് ഉദ്ബോധിപ്പിച്ചു. ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ അഖിലലോക മലയാളി സംഗമത്തിന് അധ്യക്ഷതവഹിച്ചു. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാനുമായ സാമുവേൽ മാർ ഐറേനിയോസ് ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപ പ്രതിഷ്ഠ നടത്തി. കെസിസിആർഎസ്ടി ചെർമാൻ റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ, വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ, സെക്രട്ടറി സെബാസ്റ്റ്യൻ താന്നിക്കൽ എൻഎസ്ടി മെമ്പർമാർ സന്തോഷ് തലച്ചിറ, സി. നിർമ്മൽ ജ്യോതി എംഎസ്എംഐ വിവിധ സഭാപിതാക്കന്മാർ അല്മായ നേതാക്കൾ എന്നിവർ ആശംസകളർപ്പിച്ചു.

കേരളത്തിൽനിന്നും, വിദേശരാജ്യങ്ങളിൽനിന്നുമായി സുവർണ്ണ ജൂബിലി സംഗമത്തിന് പതിനായിരങ്ങൾ പങ്കെടുത്തു. സംഗമം നാല് ദിവസം നീണ്ടുനിന്നു. സീറോമലബാർസഭാ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി, മെത്രാൻമാർ, വൈദികർ, സന്യസ്തർ, പ്രശസ്ത വചനപ്രഘോ ഷകർ അൽമായർ, യുവജനങ്ങൾ, കുട്ടികൾ, എല്ലാവരും ചേർന്ന് ഒരു പുത്ത നുണർവ്വ് നവീകരണ മുന്നേറ്റത്തിന് ലഭ്യമാക്കാൻ കാഴിഞ്ഞു.

കണ്ണൂർ സോണിൽനിന്നും സംഗമത്തിന് 300-ഓളം പേർ പങ്കെടുത്തു. അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമത്തിൽ പങ്കെടുത്ത എല്ലാവർ ക്കും അതിനു നേതൃത്വം നല്കിയ ആനിമേറ്റേഴ്സ് അച്ചന്മാർക്കും സബ് സോൺ കോ-ഓർഡിനേറ്റേഴ്സ് എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## ഫാത്തിമാ ശതാബ്ദി - ഫാത്തിമാ സന്ദേശയാത്ര

പരിശുദ്ധ അമ്മ ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ടതിന്റെ 100-ാം വാർഷികം പരിശുദ്ധ ഫ്രാൻസീസ് പാപ്പായുടെ ആഹ്വാനമനുസരിച്ച് കെസിബിസി യുടെയും കത്തോലിക്കാ കരിസ്മാറ്റിക് കമ്മീഷന്റെയും നേതൃത്വത്തിൽ നടത്തുന്നു. ഫാത്തിമയിൽനിന്നും കൊണ്ടുവന്ന ഫാത്തിമാ തിരുസ്വരൂപം ഓഗസ്റ്റ് 12 മുതൽ 15 വരെ കരിസ്മാറ്റിക് അഖിലലോക മലയാളി സുവർണ്ണ

ജൂബിലി സംഗമവേദിയിൽ പ്രതിഷ്ഠിച്ചു. 16ന് കേരളത്തിൽ ആദ്യമായി കണ്ണൂർ സോണിൽ തളിപ്പറമ്പ് മരിയൻ തീർത്ഥാടന കേന്ദ്രമായ സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ സ്വീകരണം നല്കി. അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് ആശീർവാദവും ഫാത്തിമാ സന്ദേശവും നല്കി ഫാത്തിമാ സന്ദേശയാത്ര തളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.

ഓഗസ്റ്റ് 17 മുതൽ 19 വരെ തലശ്ശേരി, കണ്ണൂർ, കോട്ടയം രൂപതകളിലെ 11 ഫൊറോനകളിലായി 30ൽപരം ദേവാലയങ്ങളിലൂടെ ഫാത്തിമാ സന്ദേശ യാത്ര കടന്നുപോയി. കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സന്ദേശയാത്രയ്ക്ക് മുത്തുകുടകളും, ബാന്റും, കൊടിത്തോരണങ്ങളും, മാലപടക്കം, മാതൃവേദിയുടെ നേതൃത്വത്തിൽ യൂണിഫോം ധരിച്ച അമ്മമാർ, കെസിവൈഎം യുവജനങ്ങൾ, കുട്ടികൾ, വൈദികർ, സന്ന്യസ്തർ, അല്മായർ എന്നിവരുടെ നേതൃത്വത്തിൽ വാഹന ങ്ങളുടെ അകമ്പടിയോടെ ഫാത്തിമാ സന്ദേശയാത്രയ്ക്ക് ആയിരങ്ങൾ തിങ്ങിനിറഞ്ഞ ജപമാല പ്രദീക്ഷിണത്തോടെയും ആവേമരിയ ഗീതത്തോ ടെയും സ്വീകരണങ്ങൾ നല്കി.

തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനവികാരി റവ. ഡോ. അബ്രാഹം പോണാട്ട്, അസി. വികാരി ഫാ. ജോസഫ് റാത്തപ്പിള്ളി, കണ്ണൂർ സോൺ ആനിമേറ്റർ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ഇടവക കോ-ഓർഡിനേറ്റർ കെ.ജെ. തോമസ്, കൈക്കാരന്മാർ, കണ്ണൂർ സോൺ കോ-ഓർഡിനേറ്റർ സജി കാക്കനാട്ട്, അഗസ്റ്റ്യൻ ഇളമ്പാശ്ശേരി എന്നിവർ നേതൃത്വം നല്കി.

ഫാത്തിമ സന്ദേശയാത്രയ്ക്ക് വിവിധ ദേവാലയങ്ങളിൽ ഫൊറോന വികാരിമാരായ റവ. ഫാ. ഡോ. ജോസഫ് കരിനാട്ട്, ഫാ. ജോർജ് കപ്പുകാലാ യിൽ, ഫാ. ഡോ. ജോസ് വെട്ടിക്കൽ, ഫാ. ആന്റണി ആനക്കല്ലിൽ, ഫാ. ജോസ് കളരിക്കൽ, ഫാ. ജോർജ് ആശാരികുന്നേൽ, ഫാ. ആന്റണി പയസ്, ഫാ. ജോയി പൈനേടത്ത്, ഇടവക വൈദികർ, കോ-ഓർഡിനേറ്റർമാർ, സബ് സോൺ ആനിമേറ്റർമാർ, സബ്-സോൺ കോ-ഓർഡിനേറ്റർമാർ, സബ് സോൺ സർവ്വീസ് സമിതി അംഗങ്ങൾ എന്നിവർ ഫാത്തിമാ സന്ദേശ യാത്രയ്ക്ക് നേതൃത്വം നല്കി. കെസിസിആർഎസ്ടി ചെയർമാൻ ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ, ഫാ. ഷൈജു പെരുമ്പട്ടിക്കുന്നേൽ എംസിബിഎസ്, ഷിജു ചെമ്മരപ്പള്ളി, മാർട്ടിൻ അങ്കമാലി തുടങ്ങിയവർ സന്ദേശയാത്രയ്ക്ക് നേതൃത്വം നല്കി. സഹകരിച്ച എല്ലാവർക്കും കണ്ണൂർ സോണിന്റെ നന്ദിയും കടപ്പാടും അഭിനന്ദനവും സ്നേഹപൂർവ്വം അറിയിക്കുന്നു.

സ്നേഹപൂർവ്വം

| | | |
|---|---|---|
| **ഫാ. ജോസഫ് മഞ്ചപ്പിള്ളി** | **ഫാ. സെബാസ്റ്റ്യൻ** | **സജി കാക്കനാട്ട്** |
| ഡയറക്ടർ | **മുട്ടത്തുപാറ** | കോ-ഓർഡിനേറ്റർ |
| തലശ്ശേരി അതിരൂപത | ആനിമേറ്റർ | |

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

അഭിവന്ദ്യരായ വൈദികരെ, ആദരണീയരായ സന്യസ്തരെ, സ്നേഹം നിറഞ്ഞ അല്മായ പ്രേഷിതരെ,

ഏവർക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും സൗഭാഗ്യവും ആശംസിക്കുന്നു. അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ പഞ്ചക്ഷതതിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേർന്നുകൊള്ളുന്നു.

### പഞ്ചക്ഷതസ്വീകരണം

പഞ്ചക്ഷതധാരിയായ ആദ്യവിശുദ്ധൻ എന്നാണല്ലോ ഫ്രാൻസീസ് വിളിക്കപ്പെടുന്നത്. 1224 സെപ്റ്റംബർ 17-ാം തീയതിയായിരുന്നു അത്ഭുതകരമായ ഈ പ്രതിഭാസം ഫ്രാൻസിസിന്റെ ജീവിതത്തിൽ സംഭവിച്ചത്. വി. മിഖായേലിന്റെ തിരുനാളിന് ഒരുക്കമായി, 40 ദിവസം നീളുന്ന ഉപവാസത്തിനും തപസ്സിനുമായി, പാറക്കെട്ടുകളും കാടുകളും നിറഞ്ഞ ലാവേർണ്ണ എന്ന മലയിലേയ്ക്ക് സഹോദരൻ ലിയോയോടൊപ്പം ഫ്രാൻസീസ് യാത്രയായി. അവിടെയൊരു ഗുഹയിൽ പ്രവേശിച്ച ഫ്രാൻസിസ് സുവിശേഷ പുസ്തകം മൂന്നുപ്രാവശ്യം തുറന്നു വായിച്ചപ്പോഴും കിട്ടിയത് പീഢാസഹനത്തെപ്പറ്റിയുള്ള ഭാഗങ്ങളായിരുന്നു. കർത്താവിന്റെ പീഢാസഹനത്തെപ്പറ്റി ഓർത്ത് കണ്ണീരൊഴുക്കിക്കൊണ്ട് ഫ്രാൻസിസ് ഇപ്രകാരം പ്രാർത്ഥിച്ചു.

എന്റെ കർത്താവേ, കുരിശുമരണത്തിൽ അങ്ങ് അനുവദിച്ച പീഢകളുടെ ഒരംശം എന്റെ ശരീരത്തിലും പതിപ്പിക്കേണമേ!

അപ്പോൾ ഫ്രാൻസീസിന് ഒരു ദർശനമുണ്ടായി. ക്രൂശിതനായ ക്രിസ്തു അഗ്നിച്ചിറകുകളുള്ള ഒരു മാലാഖായുടെ രൂപത്തിൽ മുകളിലായി പ്രത്യക്ഷനായി. അലൗകീകമായ ആ ദർശനം അവസാനിച്ചപ്പോൾ ഫ്രാൻസിസിന്റെ ശരീരത്തിൽ ക്രിസ്തുവിന്റെ അഞ്ചുമുറിവുകളും പ്രത്യക്ഷമായി പതിഞ്ഞിരുന്നു. പിന്നീടുള്ള രണ്ട് വർഷം ഫ്രാൻസിസ് രക്തമൊലിക്കുന്ന ഈ പഞ്ചക്ഷതങ്ങളും സംവഹിച്ചുകൊണ്ടായിരുന്നു ജീവിച്ചത്.

സെപ്റ്റംബർ മാസം 17-ാം തീയതിയാണ് സഭ ഫ്രാൻസീസിന്റെ പഞ്ചക്ഷത തിരുനാൾകൊണ്ടാടുന്നത്. യേശുക്രിസ്തുവിന്റെ ജീവിക്കുന്ന പ്രതിരൂപങ്ങളാകുവാൻ തീക്ഷ്ണമായി ആഗ്രഹിച്ചുകൊണ്ട് നമുക്കും അന്നേദിവസം വി. ബലിയിൽ പങ്കെടുത്തും കൂട്ടായ്മ ആഘോഷിച്ചും തിരുനാൾ ഉചിതമായി ആചരിക്കാം.

## സീറോമലബാർ കൗൺസിൽ മീറ്റിംഗ്

SFO സീറോ മലബാർ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളമാസകലമുള്ള റീജിയനൽ മിനിസ്റ്റേഴ്സിന്റെയും ആത്മീയ സഹായികളുടെയും ഒരു സംഗമം ഓഗസ്റ്റ് ആദ്യവാരം ആലുവായിൽവച്ച് നടത്തപ്പെട്ടു. സീറോ മലബാർ സഭയുടെ തനതായ പാരമ്പര്യം ഉൾക്കൊണ്ട് ഫ്രാൻസിസ്കൻ അല്മായ സഭയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ വേണ്ട കർമ്മപദ്ധതികൾ യോഗം ചർച്ചചെയ്തു. ഇക്കാര്യങ്ങൾക്ക് സഭാധ്യക്ഷന്മാർ പൂർണ്ണപിന്തുണ നല്കുന്നുണ്ടെന്ന് നാഷണൽ സ്പരിച്ച്വൽ അസിസ്റ്റന്റ് ഫാ. ജോസ് പീറ്റർ അറിയിച്ചു. ദീർഘമായ പഠനത്തിനുശേഷം രൂപം നല്കിയ അല്മായ സഭയുടെ അനുഷ്ഠാനങ്ങൾക്ക് മേജർ ആർച്ചുബിഷപ്പിൽനിന്നും അംഗീകാരം ലഭിച്ചതിൽ നമുക്ക് സന്തോഷിക്കാം. മലബാറിൽനിന്നും ഫാ. ബിജു എളമ്പച്ചംവീട്ടിൽ ഫാ. ബോസ്കോ താന്നിക്കപ്പാറ, ജോയി മുങ്ങാമാക്കൽ എന്നിവർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

## അങ്കമാലി കൺവൻഷൻ

SFO സീറോ മലബാർ കൂട്ടായ്മയ്ക്ക് അനുവദിച്ചു കിട്ടിയ 'അനുഷ്ഠാനം' (പ്രവേശനം, സഭാവസ്ത്രസ്വീകരണം, വ്രതവാഗ്ദാനം, വ്രതനവീകരണം തുടങ്ങിയവയ്ക്കായുള്ള ആരാധനാക്രമം) ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുവാൻ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിനെ നമുക്ക് ലഭിച്ചതിൽ ദൈവത്തിന് നന്ദി പറയാം സെപ്റ്റംബർ 16-ാം തീയതി, അങ്കമാലി കിഴക്കേപ്പള്ളിയിൽവച്ചാണ് പ്രസ്തുത സമ്മേളനം നടത്തപ്പെടുന്നത്. ഓരോ റീജിയനിലേയും രൂപതയിലേയും ഭാരവാഹികളും തെരഞ്ഞെടുക്കപ്പെടുന്ന മറ്റ് പ്രതിനിധികളുമായിരിക്കും തെരഞ്ഞെടുക്കപ്പെടുന്ന മറ്റ് പ്രതിനിധികളുമായിരിക്കും ആ സംഗമത്തിൽ പങ്കെടുക്കേണ്ടത്. രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3 മണിക്ക് അവസാനിക്കുന്ന പ്രസ്തുതസംഗമം അല്മായ സഭാചരിത്രത്തിലെ ഒരു നാഴികകല്ലായിരിക്കും. കൂടുതൽ ഉത്സാഹത്തോടും ഉണർവോടുംകൂടി അല്മായ ഫ്രാൻസിസ്കൻ ദൈവവിളി ജീവിക്കുവാനും സുവിശേഷജീവിതത്തിനുള്ള തീക്ഷ്ണത വർദ്ധിപ്പിക്കുവാനും ഈ സംഗമം ഇടയാകട്ടെ.

## സാധിക്കുവോളം നന്മ

എന്തെങ്കിലും നന്മപ്രവർത്തികൾ ചെയ്യുക എന്നതിൽ തീരുന്നതല്ല ഫ്രാൻസിസ്ക്കൻ ദൗത്യം ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി കഴിവിനപ്പുറം പരിശ്രമിക്കുക എന്നതാണ് നമ്മുടെ മുദ്രാവാക്യം. ചില ഭ്രാതൃത്വങ്ങളെങ്കിലും ഇപ്രകാരം പരിശ്രമിക്കുന്നു എന്നതിന്റെ തെളിവാണ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"ഭൂമിയിൽ ദരിദ്രർ എന്നും ഉണ്ടായിരിക്കും. ആകയാൽ നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ സഹോദരനുവേണ്ടി കൈയയച്ചു കൊടുക്കുക എന്ന് ഞാൻ നിന്നോടു കല്പിക്കുന്നു" (നിയമാ. 15:11).*

പ്രിയ സഹോദരരേ,

ഇസ്രായേൽ ജനത്തോട് സാബത്ത് അനുഷ്ഠിക്കുവാനും സാബത്ത് വർഷം ആചരിക്കുവാനും ആഹ്വാനം ചെയ്യുന്ന കർത്താവ് നിയമാ. 15-ാം അധ്യായത്തിൽ അതിന്റെ രീതി വിവരിക്കുകയും തത്ഫലമായി കർത്താവ് നൽകുന്ന അനുഗ്രഹം വർണ്ണിക്കുകയും ചെയ്യുന്നു. സാബത്ത് വർഷാചരണത്തിന്റെ പൂർത്തീകരണത്തിന് നമ്മോടു ദൈവം കല്പിക്കുന്ന വചനമാണ്, നിയമാ.15:11 ൽ പറയുന്നത്.

➔ ---------------------------

ചെമ്പേരി ഭ്രാതൃത്വം പൂർത്തിയാക്കിയ കാരുണ്യഭവനം. ഭിക്ഷാടനത്തിലൂടെയും അധ്വാനത്തിലൂടെയും സ്വരുകൂട്ടിയ തുകകൊണ്ട് സ്ഥലംവാങ്ങി, വീടുവച്ച് ഒരു കുടുംബത്തിന് നല്കികൊണ്ട് അവർ ഉത്തമമാതൃക നല്കിയിരിക്കുന്നു. മനോഹരമായ രീതിയിൽ പണിതീർത്ത ആ വീടിന്റെ വെഞ്ചരിപ്പുകർമ്മം, ചെമ്പേരി ഫൊറോനാവികാരി റവ. ഡോ. ജോസഫ് കരിനാട്ട്, ജനപ്രതിനിധികളുടെയും ഇടവകാംഗങ്ങളുടെയും സാന്നിധ്യത്തിൽ നിർവഹിച്ചു. റീജിയനൽ മിനിസ്റ്റർ ബ്ര. ജോണി പാഴൂപടിക്കൽ, മറ്റ് ഭ്രാതൃത്വപ്രതിനിധികൾ, ആത്മീയ സഹായി എന്നിവർ ഈ മംഗളകർമ്മത്തിൽ പങ്കാളികളായി. എല്ലാത്തിനും നേതൃത്വം കൊടുത്ത റീജിനൽ സെക്രട്ടറി ബ്ര. കുര്യാക്കോസ് പുതിയിടത്തുപറമ്പിൽ, ഭ്രാതൃത്വമിനിസ്റ്റർ ബ്ര. ദേവസ്യ കളപ്പുര, മറ്റ് ഭാരവാഹികൾ സഭാംഗങ്ങൾ എന്നിവരെ അഭിനന്ദിക്കുന്നു.

ഒക്ടോബർ 4ന് അസ്സീസിയിലെ ഫ്രാൻസീസിന്റെ തിരുനാൾ ആഘോഷിക്കുന്നതിന്റെ ഒരുക്കമായി 9 ദിവസത്തെ നൊവേന നടത്തുവാൻ എല്ലാ ഭ്രാതൃത്വങ്ങളും പരിശ്രമിക്കുക. ഏവർക്കും ഓണത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

1971ൽ തലശ്ശേരി അതിരൂപതയിലെ എടൂപ്പുഴ ദൈവാലയത്തിൽ പ്രഥമ കോൺഫറൻസ് രൂപീകരിക്കുകയും 1974ൽ വിവിധ കോൺഫറൻസുകൾ ക്രോഡീകരിച്ച് തലശ്ശേരി സർക്കിൾ (ഏസി) രൂപീകരിക്കുകയും തുടർന്ന് 1977ൽ തലശ്ശേരി സർക്കിൾ, സെൻട്രൽ കൗൺസിലായി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും 1978ൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് തലശ്ശേരി സെൻട്രൽ കൗൺസിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 2017-18 വർഷം നമ്മുടെ പ്രവർത്തനങ്ങൾ 40-ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ഈ ജൂബിലി വർഷം സമുചിതമായി ആചരിക്കുന്നതിന് സെൻട്രൽ കൗൺസിൽ ആലോചിച്ച് ഏരിയ കൗൺസിലുകളുടെ അഭിപ്രായം ക്രോഡീകരിച്ച് തീരുമാനിച്ചതുപ്രകാരം 22-07-2017ൽ നടത്തിയ വാർഷിക സമ്മേളനത്തിൽവച്ച് അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട് റൂബി ജൂബിലി വർഷവും ജൂബിലി ഭവനപദ്ധതിയും പ്രഖ്യാപിക്കുകയും ജൂബിലി ദീപംതെളിയിച്ച് ജൂബിലി വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

നമ്മുടെ സിസിയിലെ നിർദ്ധനകുടുംബങ്ങൾക്കായി 40 ഭവനങ്ങൾ പണിയുന്നതിനായുള്ള ഭവനപദ്ധതി പ്രഖ്യാപനം ചെയ്തിരിക്കുകയാണല്ലോ. ജൂബിലി വർഷത്തിലെ സംഘടനാപ്രവർത്തനങ്ങളിൽ മേൽപറഞ്ഞ വചനഭാഗവും പ്രവർത്തനരീതിയും ഹൃദയത്തിൽ സൂക്ഷിച്ച് കരുതലോടെ പെരുമാറുവാൻ നമുക്ക് ശ്രമിക്കാം. ജൂബിലി പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ 08-08-2017ന് നടക്കുന്ന സിസിയോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചറിയിക്കുന്നതാണ്.

സൊസൈറ്റി അംഗങ്ങളെ സംബന്ധിച്ചിടത്തോളം സെപ്റ്റംബർ മാസം വളരെ പ്രാധാന്യം ഉള്ളതാണല്ലോ. സെപ്റ്റംബർ 9ന് സൊസൈറ്റിയുടെ സ്ഥാപകപിതാവായ വാ. ഫ്രെഡറിക് ഓസാനാമിന്റേയും സെപ്റ്റംബർ 27 സൊസൈറ്റിയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും തിരുനാളുകളായി ആഗോള സഭ ആചരിക്കുന്ന പുണ്യദിനങ്ങളാണല്ലോ. തിരുനാൾ ദിവസങ്ങളിൽ കോൺഫറൻസിന്റെ ചിലവിൽ വിശുദ്ധ കുർബാന ചൊല്ലിക്കേണ്ടതും എല്ലാ അംഗങ്ങളും അന്നേദിവസത്തെ ദിവ്യബലിയിൽ പങ്കെടുക്കേണ്ടതുമാണ്. പ്രത്യേകമായും റൂബി ജൂബിലി വർഷത്തിൽ നമ്മുടെ പിതാക്കന്മാർവഴി ദൈവം നൽകിയ അനുഗ്രഹങ്ങളെ ഓർത്ത് നന്ദി പറയുവാനും ജൂബിലി വർഷാചരണവും ഭവനപദ്ധതിയും അനുഗ്രഹപ്രദമാകുവാൻ പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. സെപ്റ്റംബർ 8ന് പരിശുദ്ധ ദൈവമാതാവിന്റെ പിറവിതിരുനാളിലും നമുക്ക് ഭക്തിപൂർവ്വം പങ്കെടുക്കാം. ഏവർക്കും തിരുനാൾ ആശംസകൾ നേർന്നുകൊള്ളുന്നു.

**39-ാം വാർഷിക റിപ്പോർട്ട്**

തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ 39-ാമത് വാർഷികാഘോഷം 22-07-2017ന് ശനിയാഴ്ച തളിപ്പറമ്പ് മരിയൻ തീർത്ഥാടന ഫൊറോനാ പള്ളി കേന്ദ്രീകരിച്ച് സമുചിതമായി നടത്തപ്പെട്ടു. സിസിയുടെ നിർദ്ദേശാനുസരണം പ്രാതിനിധ്യരീതിയിൽ കോൺഫറൻസുകളിൽനിന്ന് മൂന്നുവീതം പ്രതിനിധികളുടെ പങ്കാളിത്വത്തിൽ 550ഓളം അംഗങ്ങൾ ആഘോഷ പരിപാടികളിൽ സംബന്ധിച്ചു. രാവിലെ 9.30ന് പ്രതിനിധികളുടെ രജിസ്ട്രേഷനുശേഷം 10 മണിക്ക് സിസി സഹരക്ഷാധികാരി അതിരൂപതാ പ്രൊട്ടോ സിൻഞ്ചെല്ലൂസ് മോൺ. ഡോ. അലക്സ് താരാമംഗലം അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സിസി ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ അച്ചനും തളിപ്പറമ്പ് ഫൊറോനാപള്ളി അസി. വികാരി റവ. ഫാ. ജോസഫ് റാത്തപ്പള്ളി എന്നിവർ സഹകാർമ്മികരുമായി പ്രതിനിധികൾ ഒന്നുചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു. റവ. ഫാ. ജോസഫ് റാത്തപ്പള്ളി വി. കുർബാന മധ്യേ വചനസന്ദേശം നൽകി. തുടർന്ന് 11.30ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഹാളിൽവച്ച് നടത്തിയ വിൻസെൻഷ്യൻ സെമിനാറിൽ മോൺ. ഡോ. അലക്സ് താരാമംഗലം ക്ലാസ്സ് നയിച്ചു. യേശുവിനെ രക്ഷകനും കർത്താവുമായി ഉൾക്കൊണ്ട്, ഉപവിപ്രവർത്തനത്തിലൂടെ സഹോദരരെ സ്നേഹിക്കുവാനും ഈശോയുടെ കാരുണ്യത്തിന്റെ മുഖം മറ്റുള്ളവർക്ക് ദൃശ്യമാക്കുവാനും വിൻസെൻഷ്യൻ പ്രവർത്തകരെ ആഹ്വാനം ചെയ്യുകയും പ്രവർത്തന ശൈലിക്ക് തന്റെ അവഗാഹവും ലളിതവുമായ വാക്കുകളിലൂടെ മാർഗ്ഗദർശനം നൽകുകയും അംഗങ്ങളുടെ വിവിധ സംശയങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു.

സിസി വൈസ് പ്രസിഡന്റ് ബ്ര. ജോമി തയ്യിൽ നയിച്ച പ്രാരംഭ പ്രാർത്ഥനയോടെ ഉച്ചകഴിഞ്ഞ് 2 മണിയോടെ സിസി പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിന്റെ അദ്ധ്യക്ഷതയിൽ വാർഷിക സമ്മേളനം ആരംഭിച്ചു. സിസി വനിതാ കോ-ഓർഡിനേറ്റർ സി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ ജ്ഞാനവായന നടത്തുകയും തുടർന്ന് സിസി ജനറൽ സെക്രട്ടറി ബ്ര. ബേബി കളരിക്കൽ സ്വാഗതം ആശംസിച്ച് 2016-17 വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സിസി ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ അച്ചൻ തന്റെ അദ്ധ്യാത്മികപ്രഭാഷണത്തിൽ വി. മദർ തെരേസായുടെ വാക്കുകൾ ഉദ്ധരിച്ച് അഞ്ചു വിരലുകൾ പ്രതീകാത്മകമായി നൽകുന്ന സൂചനയെ വ്യാഖ്യാനിക്കുകയും ഈ എളിയവരിൽ ഒരുവന് നീ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് എന്ന ഗുരുവചനചിന്തയിലൂടെ സൊസൈറ്റി പ്രവർത്തനം കുരിശിൽ വേദനിക്കുന്ന ഈശോയ്ക്ക്

നൽകുന്ന ശുശ്രൂഷ തന്നെയാണെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് അംഗങ്ങളെ ആത്മീയ നിറവിൽ എത്തിച്ചു. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് തന്റെ അദ്ധ്യക്ഷപ്രസംഗം നടത്തിക്കൊണ്ട് 2016-17 വർഷത്തെ സിസി പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും ദേശീയ തലത്തിൽ നമ്മുടെ പ്രവർത്തനം അഞ്ചാം സ്ഥാനത്ത് എത്തി നിൽക്കുന്നതിൽ അംഗങ്ങളെ അഭിനന്ദിക്കുകയും ഈശോയുടെ കരുണയുടെ മുഖം മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുവാൻ സഭയുടെ ഭാഗഭാക്കുകളായി സൊസൈറ്റി പ്രവർത്തനം തുടരുന്നതിന് ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു.

വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിനും റൂബി ജൂബിലി പ്രഖ്യാപനം നടത്തുന്നതിനുമായി സമ്മേളനത്തിലേക്ക് എത്തിച്ചേർന്ന അഭിവന്ദ്യ അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് പിതാവിനെ സിസി ജോ. സെക്രട്ടറി ബ്ര. പൗലോസ് പറേടം ബൊക്ക നൽകി സ്വീകരിച്ചു. അഭിവന്ദ്യ പിതാവിനെ ഉദ്ഘാടനത്തിന് ക്ഷണിച്ചുകൊണ്ട് ബ്ര. ബാബു ജോസഫ് തന്റെ അദ്ധ്യക്ഷപ്രസംഗം സമാപിപ്പിച്ചു. പുഷ്പാലംകൃതമായ മാർതോമാ കുരിശിന്റെ ചുവട്ടിൽ ലോകത്തിന്റെ പ്രകാശമായ ഈശോ യുടെ സാന്നിധ്യം ഓർമ്മിപ്പിച്ചുകൊണ്ട് നിലവിളക്കിൽ തിരി തെളിയിച്ച് അഭിവന്ദ്യ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കാരുണ്യവർഷ സമാപന സന്ദേശത്തിൽ ഫ്രാൻസീസ് മാർപ്പാപ്പ നൽകിയ ഉദ്ബോധനം ഓർമ്മിപ്പിച്ചുകൊണ്ട് കാരുണ്യവർഷത്തിന്റെ ശുശ്രൂഷകൾ വർഷാചരണ സമാപനത്തോടെ അവസാനിക്കുന്നില്ലായെന്നും ലോകാവാസാനംവരെ തുടർന്നുകൊണ്ടുപോകുവാനുള്ള ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാണ് വിൻസെൻഷ്യൻ പ്രവർത്തകർ എന്നും അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ചു. ഈശോയുടെ കാരുണ്യംകൊണ്ട് ലഭിച്ച കൃപകൾ സ്വന്തമായി അനുഭവിക്കാൻ പാടില്ലായെന്നും അത് മറ്റുള്ളവർക്കുകൂടി പങ്കുവെച്ചു നൽകണമെന്നും അതിനുള്ള വേദിയായി സൊസൈറ്റി പ്രവർത്തനം മാറണമെന്നും അഭിവന്ദ്യ പിതാവ് ഉദ്ബോധി പ്പിച്ചു. 2016-17 റൂബി ജൂബിലി വർഷമായി പ്രഖ്യാപിക്കുകയും അതിരൂപത യിലെ നിർദ്ധനകുടുംബങ്ങൾക്കായി 40 ഭവനങ്ങൾ പണുത് നൽകുന്ന ജൂബിലി ഭവനപദ്ധതി പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് അഭിവന്ദ്യ പിതാവ് ജൂബിലി തിരിതെളിച്ചു. ജൂബിലി ആചരണം സൊസൈറ്റി പ്രവർത്തനം കൂടുതൽ ഊർജ്ജിതമാകാൻ കാരണമാകുമെന്ന് പ്രത്യാശി ക്കുകയും ചെയ്തു. അംഗങ്ങളുടെ ഉദാരമായ രഹസ്യപ്പിരിവിലൂടെയുള്ള ഫണ്ട് സ്വരൂപണ സമ്പ്രദായത്തെ പിതാവ് ശ്ലാഘിക്കുകയും പരാതിയോ പരിഭവങ്ങളുമില്ലാതെയുള്ള സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി യുടെ വേറിട്ട പ്രവർത്തന ശൈലി മറ്റ് സംഘടനകൾ മാതൃകയാക്കണ മെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

സൊസൈറ്റിയിൽ അംഗങ്ങളായി 25 വർഷം സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത 15 അംഗങ്ങളെ അഭിവന്ദ്യ പിതാവ് മൊമന്റോ നൽകി ആദരിച്ചു. സിസിയിലെ മികച്ച പ്രവർത്തനം നടത്തിയ കോൺഫറൻസിനുള്ള അവാർഡ് എടൂർ നിർമ്മലാ കോൺഫറൻസിനും മികച്ച പ്രവർത്തനം നടത്തിയ ഏസിക്കുള്ള അവാർഡ് ചെമ്പന്തൊട്ടി ഏസിക്കും മികച്ച പ്രവർത്തനം നടത്തിയ വനിതാകോൺഫറൻസിനുള്ള അവാർഡ് കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ വനിതാ കോൺഫറൻസിനും ഓവറോൾ പ്രവർത്തനത്തിനുള്ള അവാർഡ് അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് കോൺഫറൻസിനും സിസിതല മത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഏസിക്കുള്ള അവാർഡ് വായാട്ടുപറമ്പ് ഏസിക്കും നൽകപ്പെട്ടു. സിസി, കെആർസിസി തലമത്സരങ്ങളിൽ വിജയികളാവർക്കുള്ള സമ്മാനങ്ങളും വാർഷിക സമ്മേളനത്തിൽവച്ച് വിതരണം ചെയ്തു. തളിപ്പറമ്പ് മരിയൻ തീർത്ഥാടന ഫൊറോനാപള്ളി വികാരി വെരി റവ. ഫാ. അബ്രാഹം പോണാട്ട്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. മനോജ് എം. കണ്ടത്തിൽ, എകെസിസി അതിരൂപതാ പ്രസിഡന്റ് ശ്രീ. ദേവസ്യാ കൊങ്ങോല എന്നിവർ ആശംസാപ്രസംഗം നടത്തി. വനിതാ പ്രതിനിധി സി. ജോളി സെബാസ്റ്റ്യൻ യോഗ ത്തിൽ സംബന്ധിച്ച എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. സിസി ട്രഷറർ ബ്ര. ജോസ് ഇലഞ്ഞിമണ്ണിൽ സമാപനപ്രാർത്ഥനയും നടത്തി.

ബ്ര. പൗലോസ് പറേടം, ബ്ര. എം.കെ. മാത്യു മൂന്നുപീടിക എന്നിവരുടെ നേതൃത്വത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് കോൺഫറൻസ് അംഗങ്ങൾ പരിപാടിയുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. 4 മണിക്ക് ചായ സത്ക്കാരത്തോടെ പരിപാടികൾ സമാപിച്ചു.

സ്നേഹപൂർവ്വം

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സിസി. പ്രസിഡന്റ്

# ഇൻഫാം വാർത്തകൾ

ചിങ്ങം ഒന്ന് ഒരു കർഷകദിനാചരണംകൂടി കടന്നുപോയി. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന കർഷകജനത, രാജ്യത്തെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്താൻ ജീവിതം മുഴുവൻ അധ്വാനിക്കുന്ന കർഷകരെ അംഗീകരിക്കാനും ആദരിക്കാനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് സർക്കാർ കർഷകദിന മാചരിക്കുന്നത്. എന്നാൽ കർഷകദിനം ഇന്ന് പ്രഹസനമായി മാറിയിരി ക്കുന്നു. കർഷകർ നേരിടുന്ന പ്രതിസന്ധികൾക്ക് ശാശ്വതപരിഹാരം കാണാതെ വോട്ടുബാങ്ക് ലക്ഷ്യമാക്കിയുള്ള ഈ രാഷ്ട്രീയ നയം തിരുത്തണം. വ്യവസായികളിൽനിന്നുള്ള ചൂഷണവും സർക്കാർ ജീവന ക്കാരുടെ അവഗണനയും പ്രതിരോധിക്കാൻ കർഷക അവകാശസംരക്ഷണ സേന രൂപംകൊള്ളേണ്ടത് അനിവാര്യമാണ്. പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ പ്രതീക്ഷയും പ്രത്യാശയും നല്കുന്ന വർഷമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. എല്ലാ കർഷക സുഹൃത്തുക്കൾക്കും കർഷക ദിനാശംസകൾ.

## കണ്ണൂർ ജില്ലാ ജനറൽ ബോഡി

24-7-17ന് ശ്രീകണ്ഠാപുരത്ത് ഇൻഫാം ജില്ലാകമ്മിറ്റി ചേരുക യുണ്ടായി. കാർഷികമേഖലയിലെ വിവിധപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചു.

വന്യമൃഗശല്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 1000 കോടി രൂപ മാറ്റിവെയ്ക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

റബ്ബർ കർഷകർക്കായി നല്കുന്ന ഇൻസെക്ടീവ് തുക 150ൽ നിന്ന് 200 രൂപയാക്കി ഉയർത്തണമെന്ന് സർക്കാരിനോടാവിശ്യപ്പെട്ടു.

മുടങ്ങിക്കിടക്കുന്ന കർഷകപെൻഷൻ അടിയന്തരമായി വിതരണം ചെയ്യണമെന്നും പെൻഷൻ തുക വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണ മെന്നും യോഗം അഭിപ്രായപ്പെട്ടു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ഉളിക്കലിൽ മദ്യശാല തുറന്നു

ജനസാന്ദ്രതയുള്ള ഉളിക്കലിൽ പൊതുജനതാത്പര്യത്തെ ധിക്കരിച്ചു കൊണ്ട് സർക്കാർ മദ്യശാല തുറന്ന് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ജന ങ്ങളെ കബളിപ്പിച്ചുകൊണ്ട് നാടകീയമായ രീതിയിലാണ് ചില വ്യാപാരി കളുടെ ഒത്താശയോടെ ബിവറേജ്സ് കോർപ്പറേഷൻ മദ്യശാലതുറന്നത്. ജനങ്ങളുടെ എതിർപ്പ് ഉണ്ടാകാതിരിക്കാൻ വ്യാപാരികൾ 11ന് ഉളിക്കൽ ടൗണിൽ ഹർത്താൽ പ്രഖ്യാപിക്കുകയും അതിന്റെ മറവിൽ പെട്ടെന്ന് ഷാപ്പു തുറക്കുകയുമാണ് ചെയ്തത്. മദ്യശാല വന്നാൽ ടൗണിൽ കച്ചവടം പൊടിപൊടിക്കും എന്ന മൂഢ വിചാരമാണ് ഏതാനും കച്ചവടക്കാരെയും ചുമട്ടുതൊഴിലാളികളെയും ഓട്ടോ തൊഴിലാളികളെയും ഈ ജനദ്രോഹ നടപടിക്ക് പ്രേരിപ്പിച്ചത്.

ഉളിക്കലിൽ ബിവറേജ്സ് മദ്യഷാപ്പ് തുറക്കും എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ 10.8.17ന് നെല്ലിക്കാംപൊയിൽ മേഖലയിലെ ബഹു. അച്ചന്മാർ ആളുകളെ സംഘടിപ്പിച്ച് പ്രതിഷേധ റാലിയും വൻപ്രതിഷേധ യോഗവും സംഘടിപ്പിച്ചിരുന്നു. നെല്ലിക്കാംപൊയിൽ ഫൊറോനപള്ളി വികാരി ബഹു. ആനിത്താനത്ത് അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന പ്രതിഷേധയോഗം ഉളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷേർളി അലക്സാണ്ടർ ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ ഡോ. ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, ഫാ. ജോമി തൊട്ടിയിൽ തുടങ്ങിയ മേഖലയിലെ അച്ചന്മാർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

'പൂട്ടിയവ തുറക്കില്ല പുതിയവ അനുവദിക്കില്ല' എന്ന പ്രഖ്യാപന ത്തോടെ അധികാരത്തിൽ വന്ന ഇടതുപക്ഷം ഗവൺമെന്റിന്റെ നെറിവു കേടിനും ജനവഞ്ചനയ്ക്കും എതിരായി ജനങ്ങൾ സംഘടിക്കേണ്ടത് നാടിന്റെയും നാട്ടുകാരുടെയും നന്മയ്ക്ക് ആവശ്യമാണ്.

## അതിരൂപത മദ്യവിരുദ്ധസമിതിശാക്തീകരണം

അതിരൂപതാ മദ്യവിരുദ്ധ സമിതിയെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ, അതിരൂപതാ ഡയറക്ടറച്ചന്മാരുടെയും ആനിമേറ്റർ സിസ്റ്റേഴ്സിന്റെയും അതിരൂപതാഭാരവാഹികളുടെയും സമ്മേളനം തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് 22-08-17 ചൊവ്വാഴ്ച നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ഡോ. ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. സഭയുടെ സുവിശേഷപ്രഘോ ഷണത്തിന്റെ ഭാഗംതന്നെയാണ് ലഹരിവിരുദ്ധ പ്രവർത്തനമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ലഹരിയിൽ മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിന്റെ മോചനത്തിന് ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും വിപണനവും ഇല്ലായ്മ ചെയ്യണം. സഭയിലെ വൈദികരും സന്യസ്തരും അല്മായരും പ്രവാചക ധീരതയോടെ ഈ തിന്മയ്ക്കെതിരെ രംഗത്തിറങ്ങണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സംഘടിതരായ മദ്യമുതലാളിമാർ നടത്തിയ നീക്കങ്ങളാണ് മദ്യനിരോധനകാര്യത്തിൽ ഉണർന്നു പ്രവർത്തിച്ച യു.ഡി.എഫ്. സർക്കാരിന്റെ പരാജയത്തിനു കാരണം. എൽഡിഎഫ് സർക്കാർ ഇപ്പോൾ മദ്യമൊഴുക്കാനുള്ള ശ്രമമാണ് നടത്തുന്നത്. മദ്യമുതലാളിമാരോടുള്ള കടപ്പാടാണ് ഇടതുസർക്കാരിനെ ഇതിനു പ്രേരിപ്പിക്കുന്നതെന്നും മോൺ. ഡോ. ജോസഫ് പാംപ്ലാനി ആരോപിച്ചു. ചടങ്ങിൽ മദ്യവിരുദ്ധ സമിതി അതിരൂപത പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അധ്യക്ഷത വഹിച്ചു.

മദ്യവിരുദ്ധസമിതി ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണം നടത്തി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. എബ്രാഹം പോണാട്ട്, ഫാ. ജോസഫ് ചാത്തനാട്ട്, ഫാ. തോമസ് പുള്ളോലി, ഫാ. ജോമി തൊട്ടിയിൽ, ഫാ. ജോസഫ് പൂവത്തോലിൽ, ഫാ. പോൾ പുലിമലയിൽ എംഎസ്ടി, ഫാ. തോമസ് പരിയാനിക്കൽ എസ്.വി.ഡി. ഫാ. ജോസഫ് ചാത്തനാട്ട് സിഎസ്ടി, ഫാ. ജോർജ് വെള്ളരിങ്ങാട്ട്, ഫാ. ജോൺ മുല്ലക്കര ആനി മേറ്റർമാരായ സി. മരിയ ജോസഫ് എസ്എച്ച്, സി. ജോസ് മരിയ സിഎംസി, സി. ഗ്രാസിയ എഫ്സിസി, സി. ജിൽസ എസ്കെഡി, സി. ഡോണ മരിയ സിഎംസി, സി. ലിസ എൻഎസ്, കരോളിൻ ആന്റണി, മേരിക്കുട്ടി തോമസ്, ജയ്സൺ മർക്കോസ് പി.വി. ലൂക്കോസ് പള്ളിത്തറ, സണ്ണി പായിക്കാട്ട്, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, മാത്യു കണ്ടത്തിൽ, അൽബിൻ മണ്ടുംപാല, അപ്പച്ചൻ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ. സണ്ണി കൊക്കാവള്ളി, ആനി റോബർട്ട് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## തീരുമാനങ്ങൾ

- അതിരൂപതയിലെ എല്ലാ ഇടവകകളിലും കെസിബിസി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് നവംബർ 20നകം സ്ഥാപിക്കുകയും ബഹു. ഡയറക്ടറച്ചന് റിപ്പോർട്ട് ചെയ്യുകയും കോപ്പി അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് പാംപ്ലാനിക്ക് കൊടുക്കേണ്ടതുമാണ്.
- കെസിബിസി മദ്യവിരുദ്ധ സമിതിക്ക് എല്ലാ ഇടവകകളിലും വനിതാ വിഭാഗം ആരംഭിക്കുക.
- ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഊർജിതമാക്കുക.
- മദ്യവിരുദ്ധസമിതി യൂണിറ്റ് രൂപീകരണം സംബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ സർക്കുലർ ബ. വികാരിയച്ചന് അയയ്ക്കുക.
- ബഹു. വൈദികരും സന്യസ്തരും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കണം
- കുട്ടികളിലും യുവജനങ്ങളിലും ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുക.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# എ.കെ.സി.സി.

## അറിവുകൾ-തിരിച്ചറിവുകൾ-സഭ ഗ്രാമസഭയിൽ

**കത്തോലിക്കാകോൺഗ്രസ് റീജിയനൽ സെമിനാർ-ചെമ്പേരി-ആഗസ്റ്റ് 4**

ഗ്രാമസഭകളുടെ പ്രാധാന്യം, പഞ്ചായത്ത് കൃഷിഭവൻ, കുടുംബശ്രീ എന്നിവ മുഖേന സർക്കാരിൽനിന്നുള്ള വിവിധ ആനുകൂല്യങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാകുന്ന രീതികൾ ഉൾപ്പെടെയുള്ള വിഷയങ്ങളെ ആസ്പദമാക്കി, കത്തോലിക്കാകോൺഗ്രസ്, ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, തളിപ്പറമ്പ് ഫൊറോനകളുടെ നേതൃത്വത്തിൽ ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽവച്ച് അറിവുകൾ തിരിച്ചറിവുകൾ, സഭ ഗ്രാമസഭയിൽ എന്ന സെമിനാർ തൃശൂർ കിലയുടെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ആഭിമുഖ്യത്തിൽ നടത്തി. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കത്തോലിക്ക കോൺഗ്രസ് ചെമ്പേരി ഫൊറോന ഡയറക്ടർ റവ. ഫാ. നോബിൾ ഓണംകുളം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ ആശംസകൾ നേർന്നു. കിലയിലെ ഫാക്കൽട്ടി അംഗം ശ്രീ.പി.സി. രാമകൃഷ്ണൻ ക്ലാസ്സെടുത്തു. ബേബി നെട്ടനാനി സ്വാഗതവും അബ്രാഹം ഈറ്റക്കൽ നന്ദിയും പറഞ്ഞു. സുരേഷ് ജോർജ്, ഡേവീസ് ആലങ്ങാടൻ ദേവസ്യ കൂന്താനം, ജോർജ് ജോസഫ് വലിയമുറത്താങ്കൽ, വർഗ്ഗീസ് പള്ളിച്ചിറ തുടങ്ങിയവർ നേതൃത്വം നല്കി. സെമിനാറിൽ 150ൽ പരം പ്രതിനിധികൾ പങ്കെടുത്തു.

## കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

തിരഞ്ഞെടുപ്പ് ആവശ്യമായി വരികയാണങ്കിൽ 24.09.2017 ഉച്ചകഴിഞ്ഞ് 2മണി മുതൽ 5 മണി വരെ രഹസ്യബാലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതാണ്. - എന്നതിന് പകരം - 24.09.2017ൽ നമ്മുടെ അതിരൂപത ലോഗോസ്സ് ക്വിസ്സ് നടക്കുന്നതിനാൽ 29.09.2017 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

## ഫൊറോനാ തിരഞ്ഞെടുപ്പുകൾ

ഫൊറോന തിരഞ്ഞെടുപ്പുകൾ നടത്താത്ത ഫൊറോനകളിൽ തിരഞ്ഞെടുപ്പ് നടത്തി. ലിസ്റ്റ് ഉടനെതന്നെ അതിരൂപതകമ്മിറ്റി ഓഫീസിൽ നല്കേണ്ടതാണ്. ഫൊറോനയിലെ ഇടവകകളിൽ മെമ്പർഷിപ്പ് പൂർത്തീകരിക്കാത്ത സ്ഥലങ്ങളിൽ മെമ്പർഷിപ്പ് നല്കി, പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ഭാരവാഹികൾ ശ്രമിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

പ്രധാനമന്ത്രിയുടെ NGO കളോടുള്ള പ്രത്യേക നിർദ്ദേശപ്രകാരം ജൂലൈ 16-13 വരെ 'സ്വച്ഛ് ഭാരത പക്വാദാ' എന്ന പേരിൽ പ്രത്യേകം പരിപാടികൾ നടത്തപ്പെട്ടു. വാരാചരണഭാഗമായി പ്രതീക്ഷാ സെന്ററിൽ ശുചീകരണത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് ഡയറക്ടർ ക്ലാസ്സെടുത്തു. സ്റ്റാഫും അന്തേവാസികളും കോമ്പൗണ്ടിനുള്ളിലും പരിസരത്തും ശുചീകരണപ്രവർത്തനങ്ങൾ നടത്തി.

## ലഹരിവിരുദ്ധ ക്യാമ്പയിൻ

ആഗസ്റ്റ് 2-ന് തലശ്ശേരി-ചുങ്കത്ത് എരഞ്ഞോളി പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ പ്രവർത്തകർക്കായി യുവജന ക്ലബ്ബിന്റെയും വനിതാവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ 'ലഹരി മുക്ത കേരളം-മിഥ്യയും യാഥാർത്ഥ്യങ്ങളും' എന്ന വിഷയത്തെക്കുറിച്ച് ഡയറക്ടർ ക്ലാസ്സെടുത്തു.

## ഫിംഗോ ഡാപ്പ് മീറ്റിംഗ്

ഫിംഗോ ഡാപ്പ് കേരള ഘടകത്തിന്റെ ആലുവായിൽവച്ച് നടത്തപ്പെട്ട മീറ്റിംഗിൽ പ്രൊജക്ട് ഓഫീസർ സംബന്ധിച്ചു.

## മാനേജിംഗ് കമ്മിറ്റി

ആഗസ്റ്റ് 8ന് പ്രതീക്ഷാ സെന്ററിൽവച്ച് മാനേജിംഗ് കമ്മിറ്റി ചേർന്നു. നാളിതുവരെയുള്ള കണക്കുകൾ വായിച്ചു പാസാക്കി. നടത്തപ്പെട്ട കാര്യങ്ങളുടെ അവലോകനവും ഭാവികാര്യങ്ങളും ചർച്ച ചെയ്തു.

## ലഹരി വിമുക്തരുടെ കൂട്ടായ്മയും ഏ.ഏ. സമ്മേളനവും

മാസാദ്യ ഞായറാഴ്ചകളിൽ നടന്നുവരുന്ന ഏ.ഏ. സമ്മേളനം ഓഗസ്റ്റ് 6ന് നടത്തപ്പെട്ടു. വി. കുർബാനക്കുശേഷം മാറ്റ് ടാൽബോത്ത് സ്ക്വയറിൽ വച്ച് ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ - 'ജീവിത വിജയത്തിന്റെ രഹസ്യങ്ങൾ' എന്ന കാര്യങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് നടത്തപ്പെട്ട ചർച്ചകളിൽ ചികിത്സാർത്ഥികളും പങ്കുചേർന്നു. മാത്യു മൈക്കിൾ സ്വാഗതവും സി. സിസിലി നന്ദിയും പറഞ്ഞു.

## സ്വാതന്ത്ര്യദിനാഘോഷം

ആഗസ്റ്റ് 15ന് ചികിത്സാ സെന്ററിൽവച്ച് നടത്തപ്പെട്ട ആഘോഷ പരിപാടികൾക്ക് ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം നേതൃത്വം നൽകി. രാവിലെ 8.45ന് പൊന്ന്യം ജോൺ പോൾ II ഫോർമേഷൻ സെന്ററിലെ

വൈദികവിദ്യാർത്ഥികളും പ്രതീക്ഷാ ചികിത്സാർത്ഥികളും ഒന്നുചേർന്ന് സ്വാതന്ത്ര്യ ദിനാഘോഷം നടത്തി. മാർ ജോർജ് വലിയമറ്റം പിതാവ് പതാക ഉയർത്തുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മധുര പലഹാര വിതരണവും നടത്തപ്പെട്ടു.

- **അറിയിപ്പ്**

കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ ഏക കേന്ദ്ര ഗവൺമെന്റ് അംഗീകൃത ലഹരി വിമോചന പുനരധിവാസ ചികിത്സാ കേന്ദ്രമായ നമ്മുടെ പ്രതീക്ഷയിൽ ചികിത്സക്കായി വരുന്നവർ ഇനി മുതൽ ആധാർ കാർഡും ഏതെങ്കിലുമൊരു ഐഡി രേഖയും കൊണ്ടുവരേണ്ടതാണ്.

- **വാർഷികാഘോഷം ഒക്ടോബർ ഒന്നിന്**

പ്രതീക്ഷയുടെ 35-ാം വാർഷികാഘോഷം ഒക്ടോബർ ഒന്നിന് ഞായറാഴ്ച വിവിധ പരിപാടികളോടെ ആഘോഷിക്കുന്നതാണ്. വിശദാംശം പിന്നീട് അറിയിക്കുന്നതാണ്.

- **പ്രത്യേക ആനുകൂല്യം**

ബഹു. വികാരിയച്ചൻമാരുടെ കത്തുമായി ചികിത്സയിൽ എത്തുന്ന വർക്ക് സാമ്പത്തികകാര്യത്തിൽ പ്രത്യേക ആനുകൂല്യം പരിഗണിക്കുന്ന താണ്.

പ്രതീക്ഷയോട് സഹകരിക്കുന്ന നിങ്ങൾ ഏവർക്കും ഹൃദ്യമായ നന്ദി.

ആദരവുകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### ഏകദിന ശില്പശാല

TSSS-ന്റെ യൂണിറ്റുകൾ ട്രസ്റ്റുകളാക്കി മാറ്റുന്നതിനെ സംബന്ധിച്ചുള്ള ഏകദിന ശില്പശാല 2017 ഓഗസ്റ്റ് 12-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടന്നു. TSSS പ്രസിഡണ്ട് വെരി. റവ. ഫാ. അബ്രാഹം പോണാട്ട് അദ്ധ്യക്ഷത വഹിച്ച ശില്പശാല മോൺ. ഡോ. ജോസഫ് പാംബ്ലാനി ഉദ്ഘാടനം ചെയ്തു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതം ആശംസിക്കുകയും TSSS മേഖല പ്രസിഡണ്ട് ശ്രീ. ബേബി മുള്ളൂർ ആശംസ അർപ്പിക്കുകയും ചെയ്തു. രാജ്യത്തു നടപ്പാക്കിയ പുതിയ സാമ്പത്തിക പരിഷ്കരണങ്ങളുടെ പശ്ചാത്തലത്തിൽ TSSS-ന്റെ യൂണിറ്റുകൾ കൂടുതൽ ബലപ്പെടുത്തുക, സുഗമമാക്കുക, സുതാര്യമാക്കുക എന്ന ലക്ഷ്യങ്ങളോടെ അവയെ ട്രസ്റ്റ് ആക്കി മാറ്റുന്ന ചരിത്രപരമായ തീരുമാനത്തിന്റെ തുടക്കം കുറിക്കുന്ന ചടങ്ങിൽ പ്രഗത്ഭനായ ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. എൻ.എം. മാത്യു ക്ലാസ് നയിക്കുകയും യൂണിറ്റ് പ്രതിനിധികളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കാസർഗോഡ് ജില്ല ജനകീയസംഘ പ്രസിഡണ്ട് ശ്രീ. സി.സി. വർഗ്ഗീസ് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

### കാൻസർ ഡിറ്റക്ഷൻ ക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ഈസ്റ്റ് എളേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും മലബാർ കാൻസർ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ ചിറ്റാരിക്കാലിൽവച്ച് കാൻസർ ഡിറ്റക്ഷൻ ക്യാമ്പ് നടത്തി. ഈസ്റ്റ് എളേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡണ്ട് അഡ്വ. കെ.എ. ജോയി അദ്ധ്യക്ഷത വഹിച്ചു. ചിറ്റാരിക്കാൽ സെന്റ് തോമസ് ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചിറ്റാരിക്കാൽ RCC പ്രസിഡണ്ട് ശ്രീ. ജോസ് മാളിയേക്കൽ സ്വാഗതപ്രസംഗം നടത്തി. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ശ്രീമതി വത്സമ്മ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. ഈസ്റ്റ് എളേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി ശ്രീ. ജോസ് പ്രകാശ് നന്ദിയർപ്പിച്ചു സംസാരിച്ചു. മെഡിക്കൽ ക്യാമ്പിൽ 200-ഓളം പേർക്ക് സ്ക്രീനിംഗ് നടത്തി. സംഘാടകർക്കും MCC-യ്ക്കും അഭിനന്ദനങ്ങൾ.

### സ്വാഭിമാൻ ബദൽ ജീവിത പരിശീലനം

2017 ഓഗസ്റ്റ് 18-ന് കൊട്ടോടി ക്രെഡിറ്റ് യൂണിയന്റെ ഓഫീസിൽവച്ച്

പത്ത് ഇനം സ്വാഭിമാൻ ഉൽപന്നങ്ങളുടെ ട്രെയിനിംഗ് നടത്തി. TSSS സ്റ്റാഫംഗങ്ങളായ സി. നാൻസി CPS, മോളി ജോഷ്വാ, ജിതിൻ എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. 40 പേർ ട്രെയിനിംഗിൽ പങ്കെടുത്തു. ക്രെഡിറ്റ് യൂണിയൻ ഡയറക്ടർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

2017 ഓഗസ്റ്റ് 19-ന് കോഴിച്ചാൽ ക്രെഡിറ്റ് യൂണിയന്റെ ആതിഥേയത്വത്തിൽ യൂണിറ്റ് അംഗങ്ങൾക്കുവേണ്ടി സ്വാഭിമാൻ ഉൽപന്നങ്ങളുടെ ട്രെയിനിംഗ് നടത്തി. TSSS സ്റ്റാഫംഗങ്ങളായ സി. നാൻസി CPS, മോളി ജോഷ്വാ, ജിതിൻ എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. 20 പേർ ട്രെയിനിംഗിൽ പങ്കെടുത്തു. ക്രെഡിറ്റ് യൂണിയൻ ഡയറക്ടർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## യൂണിറ്റ് രൂപീകരണം

ശാന്തിനഗർ ഇടവകയിൽ TSSS-ന്റെ പുതിയ ക്രെഡിറ്റ് യൂണിയൻ രൂപീകരിച്ചു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ, അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ശാന്തിനഗർ ഇടവക വികാരി റവ. ഫാ. മാത്യു ചക്യാരത്ത് എന്നിവർ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടറച്ചനും ക്രെഡിറ്റ് യൂണിയൻ ഭാരവാഹികൾക്കും അംഗങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും.

## വാർഷിക പൊതുയോഗങ്ങൾ

**പൈസക്കരി :** മേഖലാ വാർഷിക പൊതുയോഗം 2017 ഓഗസ്റ്റ് 22-ന് ചുണ്ടപ്പറമ്പ് വച്ച് നടന്നു. ചുണ്ടപ്പറമ്പ് ക്രെഡിറ്റ് യൂണിയൻ ഡയറക്ടർ റവ. ഫാ. ജോസഫ് കൊരട്ടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. TSSS മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് വെട്ടിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ യോഗത്തിൽ പങ്കെടുത്തു. പരിസ്ഥിതി ആദ്ധ്യാത്മികത എന്ന വിഷയത്തിൽ TSSS പ്രോഗ്രാം മാനേജർ ശ്രീ. ജോസ് പ്രകാശ് ക്ലാസ് നയിച്ചു. മേഖലയിലെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വച്ച യൂണിറ്റുകൾക്ക് സമ്മാനം നൽകി. സമ്മാനാർഹരായവർക്ക് എല്ലാവിധ അഭിനന്ദനങ്ങളും.

**വെള്ളരിക്കുണ്ട് :** 2017 ഓഗസ്റ്റ് 24-ന് വെള്ളരിക്കുണ്ട് മേഖലാ വാർഷിക പൊതുയോഗം RCC പ്രസിഡണ്ട് ശ്രീ. ബിജു മേലേമുറിയിലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. RCC വൈസ് പ്രസിഡണ്ട് ശ്രീ. ജോസ് പേണ്ടാനം സ്വാഗതം പറഞ്ഞു. TSSS പ്രോഗ്രാം മാനേജർ ശ്രീ. സാന്റി ഓലിക്കൽ പരിസ്ഥിതി ആദ്ധ്യാത്മികത എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന് ട്രസ്റ്റ് രൂപീകരണം, കാൻസർ സുരക്ഷ എന്നീ വിഷയങ്ങളെക്കുറിച്ച് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ക്ലാസിന് നേതൃത്വം നൽകി. ഉച്ചയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിന് മേഖലാ ഡയറക്ടർ

വെരി റവ. ഫാ. ആന്റണി തെക്കേമുറി അദ്ധ്യക്ഷത വഹിച്ചു. RCC പ്രസിഡണ്ട് ശ്രീ. ബിജു മേലേമുറി സ്വാഗതം ആശംസിച്ച യോഗം ബളാൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. രാജു കട്ടക്കയം ഉദ്ഘാടനം ചെയ്തു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് മെമ്പർ ശ്രീ. ബിജു തുളിശ്ശേരി കെയർ എ ഹോം ഫണ്ട് വിതരണം നടത്തി. എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ്ദാനം ബളാൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. രാജു കട്ടക്കയം നിർവ്വഹിച്ചു. RCC പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും RCC സെക്രട്ടറി ശ്രീമതി ഷൈനി തോമസ് അവതരിപ്പിച്ചു. സംഘനിധി റിപ്പോർട്ട് ശ്രീമതി റീജിയണൽ ഓർഗനൈസർ ശ്രീമതി ബീന ബേബിയും യൂണിറ്റുകളുടെ റിപ്പോർട്ട് ശ്രീമതി വത്സമ്മ ടോമിയും അവതരിപ്പിച്ചു. ബെസ്റ്റ് യൂണിറ്റുകൾക്കുള്ള അവാർഡ് വിതരണം വെരി. റവ. ഫാ. ആന്റണി തെക്കേമുറി നിർവ്വഹിച്ചു. RCC പ്രതിനിധി ശ്രീമതി റൂബി ഏവർക്കും നന്ദി പറഞ്ഞു.

**തോമാപുരം :** 2017 ആഗസ്റ്റ് 25-ന് തോമാപുരം മേഖലാ വാർഷിക പൊതുയോഗം RCC പ്രസിഡണ്ട് ശ്രീ. ജോസ് മാളിയേക്കലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. RCC ജോയിന്റ് സെക്രട്ടറി ശ്രീമതി സുജ സ്വാഗതം പറഞ്ഞു. TSSS പ്രോഗ്രാം മാനേജർ ശ്രീ. സാന്റി ഓലിക്കൽ പരിസ്ഥിതി ആദ്ധ്യാത്മികത എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന് ട്രസ്റ്റ് രൂപീകരണം, കാൻസർ സുരക്ഷ എന്നീ വിഷയങ്ങളെക്കുറിച്ച് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ക്ലാസിന് നേതൃത്വം നൽകി. ഉച്ചയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിന് മേഖലാ ഡയറക്ടർ വെരി. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ അദ്ധ്യക്ഷത വഹിച്ചു. RCC പ്രസിഡണ്ട് ശ്രീ. ജോസ് മാളിയേക്കൽ സ്വാഗതം ആശംസിച്ച യോഗം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഫിലോമിന ആക്കാട്ട് ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ശാന്തമ്മ ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് മെമ്പർ ശ്രീമതി ലിൻസികുട്ടി കെയർ എ ഹോം ഫണ്ട് വിതരണം നടത്തി. എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ്ദാനം TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ നിർവ്വഹിച്ചു. RCC പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും RCC സെക്രട്ടറി ശ്രീമതി പ്രസന്ന അവതരിപ്പിച്ചു. സംഘനിധി റിപ്പോർട്ട് ശ്രീമതി ലിസി ജോയിയും യൂണിറ്റുകളുടെ റിപ്പോർട്ട് ശ്രീമതി വത്സമ്മ ടോമിയും അവതരിപ്പിച്ചു. ബെസ്റ്റ് യൂണിറ്റുകൾക്കുള്ള അവാർഡ് വിതരണം TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവ്വഹിച്ചു. RCC വൈസ് പ്രസിഡണ്ട് ശ്രീ. പി.ടി. ജോസഫ് ഏവർക്കും നന്ദി പറഞ്ഞു.

**ചെറുപുഴ :** 2017 ആഗസ്റ്റ് 26-ന് ചെറുപുഴ മേഖലാ വാർഷിക പൊതുയോഗം റവ. ഫാ. അഗസ്റ്റിൻ ചിറയിലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. RCC ജോയിന്റെ സെക്രട്ടറി ശ്രീമതി ലിസി പാറടിയിൽ സ്വാഗതം പറഞ്ഞു. TSSS പ്രോഗ്രാം മാനേജർ ശ്രീ. സാന്റി ഓലിക്കൽ പരിസ്ഥിതി ആദ്ധ്യാത്മികത എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന് ട്രസ്റ്റ് രൂപീകരണം, കാൻസർ സുരക്ഷ എന്നീ വിഷയങ്ങളെക്കുറിച്ച് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ക്ലാസിന് നേതൃത്വം നൽകി. ഉച്ചയ്ക്കു ശേഷം നടന്ന പൊതുസമ്മേളനത്തിന് മേഖലാ ഡയറക്ടർ വെരി. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. RCC പ്രസിഡണ്ട് ശ്രീ. ജെമിനി സ്വാഗതം ആശംസിച്ച യോഗം ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ജമീല കോളിയാത്ത് ഉദ്ഘാടനം ചെയ്തു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ മുഖ്യപ്രഭാഷണം നടത്തി. ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ജമീല കോളിയാത്ത് കെയർ എ ഹോം ഫണ്ട് വിത രണം നടത്തി. എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നതവിജയം കര സ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ്ദാനം TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവ്വഹിച്ചു. RCC പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും RCC സെക്രട്ടറി ശ്രീമതി ലൈല അഗസ്റ്റിൻ അവതരിപ്പിച്ചു. സംഘനിധി റിപ്പോർട്ട് റീജിയണൽ കോ-ഓർഡിനേറ്റർ സി. ത്രേസ്യാമ്മയും യൂണിറ്റുകളുടെ റിപ്പോർട്ട് ശ്രീമതി വത്സമ്മ ടോമിയും അവതരിപ്പിച്ചു. ബെസ്റ്റ് യൂണിറ്റുകൾക്കുള്ള അവാർഡ് വിതരണം റീജിയണൽ ഓർഗനൈസർ TSSS സ്റ്റാഫ് മോളി ജോഷ്വാ നിർവ്വഹിച്ചു. RCC വൈസ് പ്രസിഡണ്ട് ശ്രീ. ജോൺസൺ പുറ്റുമണ്ണിൽ ഏവർക്കും നന്ദി പറഞ്ഞു.

- പൊട്ടൻപ്ലാവ് ക്രെഡിറ്റ് യൂണിയന്റെയും MSS-ന്റെയും നേതൃത്വത്തിൽ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ക്ലാസ് കുടിയാന്മല സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ ക്ലാസിന് നേതൃത്വം നൽകി. 47 പേർ ക്ലാസിൽ പങ്കെടുത്തു.
- രത്നഗിരി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 50 പേർക്ക് മഴക്കാല പ്രതിരോധ മരുന്ന് വിതരണവും ബ്ലീച്ചിംഗ് പൗഡർ വിതരണം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. പയസ് പടിഞ്ഞാറെമുറിയ്ക്കും ഭാരവാഹി കൾക്കും അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ...

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2017 സെപ്റ്റം. 01-03 | : | തപസ്സ് ധ്യാനം |
| 03-08 | : | ആന്തരിക സൗഖ്യ ധ്യാനം |
| 03-08 | : | സിസ്റ്റേഴ്സിന്റെ ധ്യാനം |
| 17-22 | : | ആന്തരിക സൗഖ്യ ധ്യാനം |
| 24-29 | : | ആന്തരിക സൗഖ്യ ധ്യാനം |
| 09 | : | മദർഹോം വാർഷികം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| സെപ്റ്റം. 08 | : | ജാഗരണ പ്രാർത്ഥന |
| ,, 09 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, 10-14 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 24-28 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| സെപ്റ്റം. 02 | : | ഏകദിന കൺവെൻഷൻ |
| ,, 06-09 | : | ഏഞ്ചൽ ധ്യാനം (മാതാപിതാക്കളും മക്കളും ഒരുമിച്ച്) |
| ,, 08 | : | ജാഗരണ പ്രാർത്ഥന |
| ,, 16, 23, 30 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, 17-21 | : | ആന്തരിക സൗഖ്യ ധ്യാനം |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

### 2017 ജൂലൈ

24 രാവിലെ 11 മണിക്ക് ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

25 ഉച്ചകഴിഞ്ഞ് പരിയാരം എം.സി.ബി.എസ് സെമിനാരിയിൽ നിര്യാതനായ ബഹു. മാത്യു കിഴക്കേമുറി എം.സി.ബി.എസ്. അച്ചന്റെ ശവസംസ്ക്കാര കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

26 പടന്നക്കാട്വച്ച് അതിരൂപതയിലെ വിവിധഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

27 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സ്ഥലങ്ങളിൽനിന്നും വന്ന ബഹു. സിസ്റ്റേഴ്സിനെയും വൈദികരെയും സ്വീകരിച്ചു.

28. രാവിലെ 10 മണിക്ക് കോളയാട് വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.

29. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ ക്ലാസെടുത്തു.

30. മട്ടന്നൂർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. തുടർന്ന് മട്ടന്നൂരുള്ള എം.എസ്.എഫ്.എസ്. ഭവനം സന്ദർശിച്ചു.

31. കുന്നോത്ത് സെമിനാരിയിൽ തിയോളജി വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

### 2017 ആഗസ്റ്റ്

01 കുന്നോത്ത് സെമിനാരിയിൽ തിയോളജി വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം ചികിത്സയിലായിരുന്ന ബഹു. ജോസ് ഒറ്റപ്ലാക്കൽ അച്ചനെ സ്വഭവനത്തിൽ വച്ച് കണ്ടു.

02 അതിരൂപതാകേന്ദ്രത്തിൽ വിവിധഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

03 അതിരൂപതാകേന്ദ്രത്തിൽ വിവിധ സ്ഥലങ്ങളിൽനിന്നും വന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും സ്വീകരിച്ചു.

04 രാവിലെ 8 മണിക്ക് ഒറ്റത്തൈ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. അതിനുശേഷം കരുവഞ്ചാൽ ശാന്തിഭവനിൽ സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ് 2.30ന് വെള്ളരിക്കുണ്ടിൽ പുതുതായി നിർമ്മിച്ച കോളേജ് കെട്ടിടം വെഞ്ചരിച്ചു.

05 കുന്നോത്ത് സെമിനാരിയിൽ തിയോളജി വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം ആര്യപറമ്പ് ഇടവകയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

06 ആര്യപ്പറമ്പ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

7-11 എറണാകുളം മൗണ്ട് സെന്റ് തോമസിൽ കെസിബിസി അഭിവന്ദ്യ പിതാക്കന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

12 രാവിലെ 9.30ന് കരുവഞ്ചാലിൽ പുതുതായി നിർമ്മിക്കുന്ന ഹോസ്പിറ്റൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. അതിനുശേഷം 10.30ന് വായാട്ടുപറമ്പിൽ ബഹു. ജോസ് കണിവേലിൽ അച്ചന്റെ 43-ാം ചരമദിനത്തിൽ ദിവ്യബലി അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 2 മണിക്ക് വായാട്ടുപറമ്പ ഇടവകാ പുതുതായി നിർമ്മിച്ച് നല്കുന്ന മദർതെരേസ ഭവനം വെഞ്ചരിച്ചു. പിന്നീട് പുലിക്കുരുമ്പയിൽ പുതുതായി നിർമ്മിച്ച പാരീഷ്ഹാൾ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 6 മണിയോടുകൂടി മാമ്പോയിൽ ഇടവകയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

13 മാമ്പോയിൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

14 കുന്നോത്ത് സെമിനാരിയിൽ ഒന്നാംവർഷ തിയോളജിക്കാർക്ക് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് 3.30ക്ക് പേരാവൂർ ഇടവകയിലെത്തി നിര്യാതനായ ശ്രീ. ജോസ് ആനിക്കാത്തോട്ടത്തിലിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് നേതൃത്വം നല്കി.

വൈകുന്നേരം 6 മണിക്ക് മൈനർ സെമിനാരിയിൽ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിനോടും സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് നടന്ന പൊതുപരിപാടി ഉദ്ഘാടനം ചെയ്തു.

15 രാവിലെ 6.30ന് കത്തിഡ്രൽ പള്ളിയിൽ സ്വാതന്ത്ര്യദിനത്തോടും മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിനോടുമനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു. അതിനുശേഷം 11 മണിക്ക് പരിയാരത്ത് പുതുതായി നിർമ്മിച്ച എംഎസ്എംഐ കോൺവെന്റ് വെഞ്ചരിക്കുകയും ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു.

16 അതിരൂപതാകേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽ നിന്നുവന്ന സന്ദർശകരെ സ്വീകരിച്ചു

വൈകുന്നേരം 6 മണിക്ക് തളിപ്പറമ്പിൽ ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം സ്വീകരിച്ചു. പിന്നീട് സന്ദേശഭവനിൽവച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

17 രാവിലെ പേരാവൂരിൽ നിര്യാതനായ ശ്രീ ജോർജ് കുടക്കച്ചിറയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം അതിരൂപതാ കേന്ദ്രത്തിൽ വിവിധസ്ഥലങ്ങളിൽനിന്നുമെത്തിയ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും സ്വീകരിച്ചു.

18 രാവിലെ 7.30ന് പൊൻമലയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി. പിന്നീട് കുന്നോത്ത് സെമിനാരിയിൽ ഒന്നാംവർഷദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

19 രാവിലെ 10.30ന് പോരൂരിൽ ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം 4.30ന് രണ്ടാംകടവിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിച്ചു. അതിനുശേഷം കച്ചേരിക്കടവ് ഇടവകയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

20 കച്ചേരിക്കടവ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി

❖❖❖

# Programme of the Archbishop
# Mar George Njaralakatt

## September - 2017

| | | | |
|---|---|---|---|
| 01 | | - | Synod |
| 2-3 | | - | Pastoral Visit |
| 04 | 10.30am | - | Pariyaram MST House : Golden Jubilee Celebration |
| | 3.00pm | - | Nellippara : School Blessing |
| 05 | | - | Mananthavady |
| 06 | | - | Visitor's Day |
| 07 | | - | Thaliparamba : Pastoral Council |
| 09 | 10am | - | Kottody : SDS - Minor Seminary Blessing |
| 09-10 | | - | Pastoral Visit |
| 11-12 | | - | Refresher Course I<sup>st</sup> Batch |
| 13-14 | | - | ,, ,, II<sup>nd</sup> Batch |
| 15 | 1.30pm | - | Angadikadavu : ADSU Best School Award |
| 16 | 10.30am | - | Holy Mass at Pariyaram : Retreat - Deaf & Dumb |
| | | - | Thaliparamba : TSSS - General Body Meeting |
| 16-17 | | - | Pastoral Visit |
| 19 | | - | Nirmalagiri College |
| 20 | | - | Visitor's Day |
| 21 | | - | Priests & Sisters Day |
| 23-24 | | - | Ernakulam : CHAI - National Convention |
| 25 | | - | Nirmalagiri College |
| 26 | | - | Sandesabhavan : Presbyteral Council |
| 27-29 | | - | Banglore : CBCI - Standing Committe |
| 30 | | - | Kannur : Deepika |

## October - 2017

| | | |
|---|---|---|
| 01 | 10am | - Ponniam : Pratheeksha |
| 02 | 9am | - Holy Mass at Panamaram |
| | 2.30pm | - Nellikampoil : CML meeting |
| 03-06 | | - Satna Seminary |
| 07 | | - Pulikurumba |
| 07-08 | | - Pastoral Visit |
| 10 | 5.30pm | - Cathedral |
| 11 | | - Visitors Day : Padannakkad |
| 12 | | - Priests & Sisters Day |
| 14 | | - Nellikutty |
| 14-15 | | - Pastoral Visit |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2017 ആഗസ്റ്റ്

1-4 അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന അഭിഷേകാഗ്നി കൺവൻഷനിൽ പങ്കെടുത്തു.

8 വൈകിട്ട് 3.30ന് ചന്ദനക്കാംപാറ ഇടവകയിൽ നിര്യാതയായ അന്നമ്മ പുളിയംമാക്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 വൈകുന്നേരം 6.30ന് ചട്ടമലയിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

11 വൈകുന്നേരം 3.30ന് തിരുവമ്പാടി ഇടവകയിൽ നിര്യാതനായ ജോസഫ് പയ്യമ്പള്ളിലിന്റെ മൃതസംസ്ക്കാരത്തിൽ പങ്കെടുക്കുകയും സിമിത്തേരിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു.

12 രാവിലെ 10 മണിക്ക് തളിപ്പറമ്പ് ഫൊറോനയിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

14 രാവിലെ 9.30ന് ശ്രീ. മമ്പറം ദിവാകരന്റെ ഭവനം സന്ദർശിക്കുകയും നിര്യാതയായ മാതാവിന് അന്ത്യോപചാരം രേഖപ്പെടുത്തുകയും ചെയ്തു.

11.30ന് പേരാവൂരിൽ നിര്യാതനായ ജോസുകുട്ടി ആനിക്കാത്തോട്ടത്തിന്റെ ഭവനത്തിലെത്തുകയും അന്ത്യോപചാരം അർപ്പിക്കുകയും ചെയ്തു. വൈകുന്നേരം 6.30ന് പൊന്ന്യം ജോൺ പോൾ സെമിനാരിയിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

15 രാവിലെ 9 മണിക്ക് പൊന്ന്യത്തുള്ള പ്രതീക്ഷ മദ്യപാന ചികിത്സാകേന്ദ്രം സന്ദർശിക്കുകയും സ്വാതന്ത്ര്യദിന സന്ദേശം നല്കുകയും ചെയ്തു.

11.30ന് ചെറുവാഞ്ചേരിയിൽ വി. കുർബാന അർപ്പിക്കുകയും സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സന്ദേശം നല്കുകയും ചെയ്തു.

18 രാവിലെ 7.30ന് തലശ്ശേരി ബിഷപ്സ് ഹൗസിൽ ജോർജ് ജോസിന്റെ ആദ്യകുർബാന സ്വീകരണം നടത്തി.

രാവിലെ 11 മണിക്ക് പേരാവൂർ ഇടവകയിൽ നിര്യാതനായ ജോർജ് കുടക്കച്ചിറയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 രാവിലെ 11.30ന് ചെമ്പളാവ് ഇടവകയിൽ ഡോൺ ചെറിയാന്റെ ആദ്യകുർബാന സ്വീകരണം നടത്തി

21-സെപ്റ്റം.1 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ-മലബാർ സഭാസിനഡിൽ പങ്കെടുത്തു.

❖❖❖

# Programme of the Archbishop Emeritus
# Mar George Valiamatttam

## September - 2017

| | | |
|---|---|---|
| 02 | - | Wayanad |
| 06 | - | Kodencherry |
| 09 | - | Kuravilangad |
| 25 | - | Thamarassery |
| 30 | - | Edathotty |

**Secretary to the Archbishop Emeritus**

❖❖❖